# മാനന്തവാടി രൂപത ബുള്ളറ്റിൻ

Vol. 16 / Issue 12
December 2025

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/25-27
License to post without prepayment of postage
No. KL/PMG/NR/WPP/83/TLY/2025-27

"For their sake I consecrate myself, that they also may be consecrated in truth."
(John 17:19)



JUBILEE 2025
PILGRIMS OF HOPE

FAMILY RENEWAL YEAR
DIOCESE OF MANANTHAVADY


Merry
CHRISTMAS
& Happy New Year
ബൽത്തങ്ങാടി രൂപതയുടെ
പുതിയ ഇടയൻ
അഭിവന്ദ്യ ജെയിംസ് പട്ടേരിൽ CMF
പിതാവിന്
മാനന്തവാടി രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ


ഡീ. ജോസഫ് (ജോബിൻ)
ചിറയിൽപറമ്പിൽ
സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്
പാലാങ്കര
29th Dec
2025
09: 15 am
ഡീ.ചെറിയാൻ (ജിതിൻ)
ചേറാടിയിൽ
സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്
പാലാങ്കര
29th Dec
2025
09: 15 am
ഡീ. തോമസ് (ജെഫിൻ)
കോട്ടയ്ക്കുപുറത്ത്
സെന്റ് ജൂഡ്സ് ചർച്ച്
റൂബിനഗർ
29th Dec
2025
02: 15 Pm
ഡീ. പോൾ (ഷിന്റോ)
കുളങ്ങര
സെന്റ് മേരീസ് ചർച്ച്
തലഞ്ഞി
30th Dec
2025
09: 15 Am
തിരുപ്പട്ട സ്വീകരണത്തിനൊരുങ്ങുന്ന ഡീക്കൻമാർക്ക്
ആശംസകളോടെ
മാനന്തവാടി രൂപതാ കുടുംബം

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;<br>അവിടുന്ന് നിങ്ങളോടും<br>ചേർന്നു നിൽക്കും" (യാക്കോബ് 4:8)**

**Printed, Published and Edited by**
**Fr. Thankachan alias Joseph Paruvummel, Published from Bishop's House**
**Mananthavady, P.B. No. 1, Wayanad 670645.**
**Owned by the Roman Catholic Diocese of Mananthavady**
**Printed at St. Joseph's Offset Press, Mananthavady 670645**

**വാല്യം 16** **ഡിസംബർ 2025** **ലക്കം 12**

| | |
|---|---|
| **ഒറ്റപ്രതി 10 രൂപ** | **വാർഷിക വരിസംഖ്യ 120 രൂപ** |

# ഉള്ളടക്കം


സർക്കുലർ ........................................................................ 07
സർക്കുലർ ........................................................................ 11
രൂപതാ കച്ചേരി വാർത്തകൾ .............................................................. 15
അറിയിപ്പ് ........................................................................ 18
കുടുംബകൂട്ടായ്മ - പഠനവിഷയം ............................................................ 20
ആൾത്താര ബാലൻമാരുടെ ക്യാമ്പ് .......................................................... 23
മതബോധനരംഗം .................................................................... 24
ചെറുപുഷ്പ മിഷൻലീഗ് ................................................................ 26
തിരുബാലസഖ്യം .................................................................... 34
Department of youth ministry.............................................................. 35
കെ.സി.വൈ.എം .................................................................... 38
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ........................................................ 40
കുടുംബപ്രേഷിതത്വം ................................................................ 42
സീയോൻ വാർത്തകൾ ................................................................ 52
വിൻസെന്റ് ഡി പോൾ സൊസൈറ്റി .......................................................... 54
സാമൂഹ്യ സേവനരംഗം (WSSS) ............................................................ 59
ജീവസ് & കെ.എൽ.എം ................................................................ 64
നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി ...................................................... 66
കത്തോലിക്കാ കോൺഗ്രസ്സ് (AKCC) ........................................................ 71
ബയോവിൻ അഗ്രോ റിസർച്ച് .............................................................. 76
റേഡിയോ മാറ്റൊലി .................................................................. 80
Mary Matha Arts & Science College ...................................................... 82
ഫെഡാർ ഫൗണ്ടേഷൻ ................................................................ 85
സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ ...................................................... 86
കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ........................................................ 89
ബിഷപ്സ് പ്രോഗ്രാം .................................................................. 97



# ഇടയലേഖനം

***Prot. No.31300 / 2025***
***Pastoral Letter No.2 / 2025***

**മാനന്തവാടി രൂപതയുടെ മെത്രാൻ ബിഷപ്പ് ജോസ് പൊരുന്നേടം സഹായമെത്രാൻ അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവിനോട് ചേർന്ന് തന്റെ സഹശുശ്രൂഷകരായ വൈദികർക്കും മ്ശംശാനാമാർക്കും സമർപ്പിതർക്കും അത്മായ നേതാക്കൾക്കും തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന എല്ലാ സഹോദരങ്ങൾക്കും പ്രിയപ്പെട്ട കുട്ടികൾക്കും എഴുതുന്നത്:**

നിങ്ങൾക്കെല്ലാവർക്കും നമ്മുടെ കർത്താവിൽ ആശീർവാദവും സമാധാനവും.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നമ്മുടെ രക്ഷകനും നാഥനുമായ ഈശോമിശിഹായുടെ ജനന തിരുനാൾ ആചരിക്കുന്നതിന് നമ്മെ ആത്മീയമായി ഒരുക്കുന്ന ഇരുപത്തഞ്ച് നോമ്പിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. കൂടാതെ 2025 നോട് വിട പറഞ്ഞ് പുതിയൊരു വർഷത്തെ വരവേൽക്കാൻ നാം ഒരുങ്ങുകയും ചെയ്യുന്നു.

ഇവ രണ്ടിനും മറ്റൊരു പ്രത്യേകത കൂടിയുണ്ട് യശ്ശശരീരനായ പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപ്പാപ്പ പ്രഖ്യാപിച്ച ജൂബിലി വർഷവും നമ്മുടെ രൂപതയിൽ ആചരിച്ചു വന്ന കുടുംബ നവീകരണ വർഷവും ഈ മാസം അവസാനിക്കുകയാണ്. ഇപ്പറഞ്ഞ രണ്ടിന്റെയും ആചരണങ്ങൾ മാത്രമാണ് ഔദ്യോഗികമായി അവസാനിക്കുന്നത്. ആ ആചരണത്തിലൂടെ നാം ഉൾക്കൊണ്ടതും മനസ്സിലാക്കിയതുമായ കാര്യങ്ങൾ നമ്മുടെ വ്യക്തിജീവിതങ്ങളിലും കുടുംബജീവിതങ്ങളിലും തുടർന്നും ഫലം പുറപ്പെടുവിക്കണം. ഈ കാലഘട്ടത്തിൽ നാം തുടങ്ങിയ നല്ല കാര്യങ്ങൾ അനുസ്യൂതം തുടരുകയും വേണം.

ലോകരക്ഷകനായ ഈശോയുടെ തിരുപിറവിയെപ്പറ്റി ദൈവദൂതൻ ആട്ടിടയന്മാരോട് പറഞ്ഞത്, *ഇതാ സകലജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ*

*അറിയിക്കുന്നു* എന്നാണ്. ആ സമയത്ത് *അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം; ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം* (ലൂക്കാ 2:14) എന്നാണല്ലോ മാലാഖാവൃന്ദം പാടിയത്. സന്തോഷവും സമാധാനവും ഒരുമിച്ച് പോകുന്നതാണ്. സമാധാനമുള്ളിടത്തേ സന്തോഷം അഥവാ ആനന്ദം ഉണ്ടാകുകയുള്ളു.

എന്നാൽ ദൈവകൃപ ലഭിച്ചവർക്കാണ് സമാധാനം ലഭ്യമാകുന്നത്. അതായത് സമാധാനവും സന്തോഷവും നമ്മിൽ കുടികൊള്ളാൻ ചില വ്യവസ്ഥകൾ പാലിക്കപ്പെടണം. അവയുടെ ആകെത്തുകയാണ് ദൈവ കൃപ. ദൈവഹിതം നിറവേറ്റുന്നവർക്കാണ് ദൈവകൃപ ലഭിക്കുന്നത്. അവിടെയാണ് യഥാർത്ഥ സന്തോഷവും സമാധാനവും ഉണ്ടാകുന്നത്. അവിടെ ദൈവരാജ്യം സംജാതമാകുന്നു. ദൈവകൃപ നിറഞ്ഞ വ്യക്തി യെ കണ്ടുമുട്ടുന്നവർക്കും വ്യാപരിക്കുന്ന സ്ഥലങ്ങൾക്കുമെല്ലാം ആ വ്യക്തി യിലുള്ള സന്തോഷവും സമാധാനവും പെട്ടെന്ന് തന്നെ തിരിച്ചറി യാൻ കഴിയും. തന്റെ ബന്ധുവായ ഏലീശ്വാ പരിശുദ്ധ അമ്മയെ കാണുന്ന സന്ദർഭത്തിൽ ഏലീശ്വായുടെ ഉദരത്തിൽ കിടന്ന ശിശുപോലും സന്തോഷത്താൽ കുതിച്ചുചാടി എന്ന തിരുവചനം അതാണല്ലോ നമ്മോടും വിളിച്ച് പറയുന്നത്.

വി. പൗലോസ് നമ്മെ ഇപ്രകാരം ഓർമ്മപ്പെടുത്തുന്നു, *അതിനാൽ നിങ്ങളുടെ നന്മ തിന്മയായി നിന്ദിക്കപ്പെടാതിരിക്കട്ടെ. കാരണം ദൈവരാജ്യമെന്നാൽ ഭക്ഷണവും പാനീയവുമല്ല. പ്രത്യുത, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവു മാണ്* (റോമ 14:16-17). അതായത് കേവലം പണവും ഭൗതിക വസ്തുക്കളും ഉള്ളതുകൊണ്ട് മാത്രം സമാധാനവും സന്തോഷവും അനുഭവിക്കുവാൻ സാധിക്കുകയില്ല.

വി. അഗസ്തീനോസ് പറയുന്നത് ഇപ്രകാരമാണ് *ഓ ദൈവമേ, ഞങ്ങൾ അങ്ങേക്കായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അങ്ങിൽ വിശ്രമം കണ്ടെത്തുന്നതുവരെ ഞങ്ങളുടെ ഹൃദയം അസ്വസ്ഥമാണ്* (St. Augustine: Confessions, Book 1, chapter 1). എല്ലാത്തരത്തിലുമുള്ള ലോക സുഖങ്ങളുടെയും പിന്നാലെ പോയിട്ടും ഒന്നിലും ശാശ്വതമായ സന്തോഷവും സമാധാനവും ലഭിക്കാതെ അവസാനം അദ്ദേഹം മാനസാന്തരപ്പെട്ട് ദൈവസ്നേഹം അനുഭവിച്ചപ്പോഴാണ് ഇത് ബോധ്യ പ്പെട്ടത്.

തന്റെ ഉയിർപ്പിന് ശേഷം ശിഷ്യന്മാരോട് ഈശോ പറഞ്ഞത് ഇപ്രകാരമാണ്: *ഞാൻ നിങ്ങൾക്ക് സമാധാനം തന്നിട്ടു പോകുന്നു.*

*എന്റെ സമാധാനം നിങ്ങൾക്ക് ഞാൻ നൽകുന്നു. ലോകം നൽകുന്നതു പോലെയല്ല ഞാൻ നൽകുന്നത്. നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട. നിങ്ങൾ ഭയപ്പെടുകയും വേണ്ട* (യോഹ. 14:27). എന്തായിരിക്കാം ഈശോ തരുന്ന സമാധാനവും മറ്റുള്ളവർ തരുന്ന സമാധാനവും തമ്മിലുള്ള വ്യത്യാസം?

ഈശോയുടെ സമാധാനം മാനസാന്തരത്തിലൂടെ ലഭ്യമാകുന്ന ദൈവകൃപയിലാണ് അടിസ്ഥാനമിട്ടിരിക്കുന്നത്. അതുകൊണ്ട് വി. പൗലോസ് നമ്മളോട് ആവശ്യപ്പെടുന്നത് ഇപ്രകാരമാണ്: *സമ്പൂർണ ജ്ഞാനം കൊണ്ട് സ്രഷ്ടാവിന്റെ പ്രതിച്ഛായയ്ക്കനുസൃതമായി നവീകരിക്കപ്പെടുന്ന പുതിയ മനുഷ്യനെ ധരിക്കുവിൻ* (കൊളോ. 3: 10). *നിങ്ങൾ മനസ്സിന്റെ ചൈതന്യത്തിൽ നവീകരിക്കപ്പെടട്ടെ* (എഫേ. 4: 23). നാം സ്രഷ്ടാവായ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമാണ് സൃഷ്ടിക്കപ്പെട്ടത്. പാപം വഴി ദൈവത്തോടുള്ള സാദൃശ്യം വികലമാകുന്നു. തന്മൂലം ആ ഛായയും സാദൃശ്യവും നമ്മിൽ സ്ഥിരമായി നിലനിൽക്കത്തക്കവിധം നമ്മുടെ മനോഭാവങ്ങളും നിലപാടുകളും ചിന്തകളും ബന്ധങ്ങളും വാക്കുകളും പ്രവർത്തനങ്ങളും മാറണം.

ആ മാറ്റം ആദ്യം നടക്കേണ്ടത് മനസ്സിലാണ്. അവിടെ വരുന്ന മാറ്റം ബാക്കി എല്ലാറ്റിലും പ്രതിഫലിക്കും. ഇങ്ങനെ ദൈവകൃപയാൽ നിറയുന്നവർക്കാണ് ഈശോയുടെ ജനനത്തിരുനാൾ സന്തോഷവും സമാധാനവും പ്രദാനംചെയ്യുന്നത്. ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ കൈമാറുമ്പോൾ അത് അനുരഞ്ജനത്തിന്റെയുംസ്നേഹത്തിന്റെയും പ്രകാശനമാകണം.

നോമ്പുകാലത്തുള്ള പ്രാർത്ഥനയും ഉപവാസവും പരിത്യാഗപ്രവൃത്തികളും എല്ലാം ദൈവകൃപ നിറഞ്ഞവരാകാൻ നമ്മെ പ്രാപ്തമാക്കട്ടെ എന്നാശംസിക്കുന്നു. അങ്ങനെ സഭയും സമൂഹവും ഇടവകയും കുടുംബവും ജോലി സ്ഥലവും എല്ലാം സമാധാനത്തിന്റെ വേദികളാകട്ടെ. നമ്മൾ ക്രൈസ്തവർ മറ്റുള്ളവർക്ക് മാതൃകകളാകണം. അപ്പോഴാണ്, അപ്പോൾ മാത്രമാണ് ക്രിസ്തുമസ്സ് ആഘോഷങ്ങൾ അർത്ഥപൂർണ്ണമാകുന്നത്.

പരിശുദ്ധ പിതാവ് പ്രഖ്യാപിച്ച ജൂബിലിവർഷവും നമ്മുടെ രൂപതയിൽ ആചരിച്ചു വന്ന കുടുംബനവീകരണ വർഷവും അർത്ഥപൂർണ്ണമാക്കാൻ ധാരാളം പേർ അത്യധ്വാനം ചെയ്തിട്ടുണ്ട്. അവരുടെ പ്രവർ

ത്തനങ്ങളുടെ ഫലങ്ങൾ നമ്മുടെ രൂപതാംഗങ്ങളെ പുതിയൊരു ഉണർവോടെ മുന്നോട്ട് പോകാൻ സഹായിക്കട്ടെ എന്നാശംസിക്കുന്നു. ഈ ആചരണങ്ങൾക്ക് മുമ്പിലും പിമ്പിലും നിന്ന് പ്രവർത്തനങ്ങളെ നിയന്ത്രിച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി പറയുന്നു.

തുടക്കത്തിൽ സൂചിപ്പിച്ചതുപോലെ നാം 2025 നോട് വിട പറയുകയാണ്. ദൈവം വാഗ്ദാനം ചെയ്ത ദൈവകൃപയും തൽഫലമായുള്ള സമാധാനവും നഷ്ടപ്പെടാൻ നാം കാരണക്കാരായിട്ടുണ്ടെങ്കിൽ അവയ്ക്കെല്ലാം ദൈവത്തോട് മാപ്പപേക്ഷിക്കാം. മനസ്സിന്റെ ചൈതന്യത്തിൽ നാമെല്ലാം നവീകരിക്കപ്പെടട്ടെ. അങ്ങനെ ഈശോ നമ്മുടെ ഹൃദയങ്ങളിൽ വന്ന് സ്ഥിരമായി വസിക്കാനിടയാകട്ടെ. പുതിയ വർഷം 2026 നിങ്ങൾക്കെല്ലാവർക്കും ദൈവാനുഗ്രഹം നിറഞ്ഞതാകട്ടെ.

ഏവർക്കും സമാഗതമായ ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ ഹൃദയപൂർവ്വം നേരുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാകേന്ദ്രത്തിൽ നിന്ന് 2025 നവംബർ മാസം 20-ന് നൽകപ്പെട്ടത്.

യേശുവിൽ,

**ബിഷപ്പ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

N.B. ഈ ഇടയലേഖനം 2025 ഡിസംബർ മാസം 7-ന് ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയും ഇടവകകൾ, സമർപ്പിത സമൂഹങ്ങൾ, സംഘടനകൾ തുടങ്ങിയവയുടെ വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിലേക്ക് ഫോർവേഡ് ചെയ്യുകയും ചെയ്യേണ്ടതാണ്.

Ref: 4154/K-5/KCBC/OL/DS 08.11. 2025

# ബൈബിൾ പാരായണമാസവും ബൈബിൾ ഞായറാചരണവും സംബന്ധിച്ച് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ക്രിസ്തുവിൽ പ്രിയമുള്ളവരേ,

വചനം മാംസം ധരിച്ചതിന്റെ, 2025 ലെ ജൂബിലിയുടെ നിറവിലാണ് ആഗോള സഭ. ഡിസംബർ മുഴുവനും ബൈബിൾ പാരായണ മാസമായും ഡിസംബർ 21 ബൈബിൾ ഞായറായും ആചരിച്ചുകൊണ്ട് കേരള കത്തോലിക്കാ സഭ 2025 ലെ ജൂബിലിയുടെ സമാപനത്തിലേക്ക് പ്രവേശിക്കുകയാണ്. ജൂബിലി വർഷത്തിന്റെയും ബൈബിൾ ഞായറിന്റെയും കേന്ദ്രവിഷയമായി നമ്മുടെ പരിചിന്തനത്തിന് യോഹന്നാന്റെ ഒന്നാം ലേഖനം രണ്ടാം അധ്യായം 5-ാം വാക്യം തിരഞ്ഞെടുത്തിരിക്കുന്നു: ''അവന്റെ വചനം പാലിക്കുന്നവനിൽ ദൈവസ്നേഹം പൂർണത പ്രാപിച്ചിരിക്കുന്നു. നാം അവനിൽ ആയിരിക്കുമെന്ന് ഇതിൽ നിന്നു നാം അറിയുന്നു.''

2025 ലെ ജൂബിലിയുടെ ഒരുക്കമായി ഫ്രാൻസിസ് പാപ്പാ നല്കിയ ''പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല'' റോമ 5, 5 എന്ന ആമുഖത്തിൽ പ്രത്യാശയെന്നത് യേശുക്രിസ്തുവാണെന്നും, അത് അവന്റെ വചനത്തിൽ അധിഷ്ഠിതമാണെന്നും ആ വചനത്തോടു ചേർന്നുനില്ക്കലാണ് ഈ കാലഘട്ടത്തിന്റെ ആവശ്യമെന്നും പ്രബോധിപ്പിക്കുന്നു. ഫ്രാൻസിസ് പാപ്പായുടെ അവസാനത്തെ ഔദ്യോഗിക പ്രബോധനമായ ''അവൻ നമ്മെ സ്നേഹിച്ചു'' (Dilexit nos) എന്ന ചാക്രികലേഖനം ദൈവസ്നേഹാനുഭവത്തിൽ കേന്ദ്രീകൃതമാണ്. അതിന്റെ തുടർച്ചയെന്നോണം ലെയോ പതിനാലാമൻ പാപ്പായുടെ ''ഞാൻ നിന്നെ സ്നേഹിച്ചു'' (Dilexi te) എന്ന ആദ്യത്തെ അപ്പസ്തോലിക പ്രബോധനത്തിലൂടെ മനുഷ്യസ്നേഹം ഒരുവനിൽ ദൈവം വസിക്കുന്നതിന്റെ അടിസ്ഥാനവും ക്രൈസ്തവ ധാർമിക ദൗത്യവുമാണെന്നു പ്രഖ്യാപിക്കുന്നു. മേൽസൂചിപ്പിച്ച മൂന്ന് പ്രബോധനങ്ങളെയും കൂട്ടിയിണക്കുന്ന സുവർണ നൂലാണ് 1 യോഹ. 2, 5. വചനവും, ദൈവസ്നേഹവും, മനുഷ്യസ്നേഹവും (കൂട്ടായ്മ) ഈ വചനഭാഗത്തിന്റെ കേന്ദ്രവിഷയങ്ങളാണ്. യഥാർഥ സമ്പത്ത് പണമോ അധികാരമോ ഭൗതികവസ്തുക്കളോ അല്ല, മറിച്ച് ദൈവ

വുമായുള്ള ഐക്യമാണ്. ദൈവവചനമാണ് യഥാർഥ സമ്പത്ത് തിരിച്ചറിയാൻ നമ്മെ സഹായിക്കുന്നത്; അത് നമ്മെ നമ്മുടെ അയൽക്കാരിലേക്ക് ഏറെ പ്രത്യേകിച്ച് പാർശ്വവത്ക്കരിക്കപ്പെട്ടവരിലേക്ക് തിരിയാനുള്ള മാർഗദർശിയാണ്.

ദൈവവചനത്തോടു ചേർന്ന് നില്ക്കുന്നവരിൽ ദൈവം ആയിരിക്കുന്നുവെന്നും ത്രിത്വത്തിന്റെ കൂട്ടായ്മയിൽ അവർ പങ്കുചേരുമെന്നും 1 യോഹന്നാൻ 2, 5 ൽ ഊന്നിപ്പറയുന്നു: ''നാം അവനിൽ ആയിരിക്കും''. ''എസ്മെൻ'' എന്ന ഗ്രീക്ക് പദത്തിനർത്ഥം കൂടെയായിരിക്കുക, കൂടെ വസിക്കുക എന്നാണ്. കൂടെ നടക്കുന്ന കൂട്ടായ്മയുടെ (synodality), അനുഭവമാണ് ''ഞാൻ നിന്നെ സ്നേഹിച്ചു'' എന്ന തിരുവെഴുത്തിലൂടെ ലെയോ പാപ്പാ ലക്ഷ്യം വച്ചത്. തന്റെ ലേഖനത്തെയും തന്റെ മുൻഗാമിയുടെ ലേഖനത്തെയും ചേർത്ത് ലെയോ പാപ്പാ എഴുതുന്നു: ''ഫ്രാൻസിസ് പാപ്പാ 'അവൻ നമ്മെ സ്നേഹിച്ചു' (DN) എന്ന ചാക്രിക ലേഖനത്തിൽ പ്രതിപാദിച്ചത് യേശുക്രിസ്തുവിന്റെ ഹൃദയത്തിന്റെ മാനുഷികവും ദൈവികവുമായ സ്നേഹത്തിന്റെ അക്ഷയ രഹസ്യമാണ്. അതിൽ 'സമൂഹത്തിലെ ഏറ്റവും താഴ്ന്ന ശ്രേണിയിലുള്ളവരുമായി' യേശു എപ്രകാരം താതാത്മ്യപ്പെട്ടു എന്നും നാം കാണുകയുണ്ടായി; അതുപോലെതന്നെ അവസാനം വരെ ചൊരിയപ്പെട്ട അവന്റെ സ്നേഹംവഴി എപ്രകാരം അവൻ ഓരോ മനുഷ്യ വ്യക്തിയുടെയും മാഹാത്മ്യം, ഏറെ പ്രത്യേകിച്ച് അവർ ദുർബലരും പരിഹസിതരും സഹിക്കുന്നവരും ആയിരിക്കുമ്പോഴുള്ള മാഹാത്മ്യം, ഉറപ്പിക്കുന്നു എന്ന് നാം കാണുന്നു. ക്രിസ്തുവിന്റെ സ്നേഹം നാം ധ്യാനവിഷയമാക്കുമ്പോൾ മറ്റുള്ളവരുടെ സഹനങ്ങളിലും ആവശ്യങ്ങളിലും അവരോട് കൂടുതൽ കരുതൽ ഉള്ളവരാകാനും തന്റെ വിമോചനത്തിന്റെ പ്രവൃത്തിയിൽ പങ്കുചേരുന്ന പ്രയത്നങ്ങൾ വഴിയായി തന്റെ സ്നേഹം പ്രചരിപ്പിക്കുന്ന ഉപകരണങ്ങളാകുവാനും നാം പ്രേരിതരാകുന്നു.''(J. 2)

എല്ലാവർക്കും എന്നും പ്രത്യാശ പകരുന്ന യേശുക്രിസ്തുവിന്റെ വചനത്തിലേക്ക് എല്ലാവരേയും അടുപ്പിക്കുന്നതിനുള്ള ശുശ്രൂഷകളിൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പസ്തോലേറ്റുകൾക്കും നിർണായകമായ പങ്കാണ് വഹിക്കാനുള്ളത്. ദൈവവചനമാണ് ഈ കാലഘട്ടത്തിന്റെ ഉത്തരമെന്ന ആപ്തവാക്യം മനസ്സിൽ ഉരുവിട്ട് ഈ ജൂബിലി വർഷത്തിലെ ബൈബിൾ പാരായണത്തിലേക്കും ബൈബിൾ ഞായറിലേക്കും നമുക്ക് പ്രവേ

ശിക്കാം. ദൈവം കൂടെ വസിക്കുന്നുവെന്ന ദൈവസ്നേഹാനുഭവത്തിലേക്ക് ദൈവവചന പാരായണ മാസത്തിലൂടെ നമുക്ക് വളരാം. ഈ സ്നേഹാനുഭവം എല്ലാവരേയും ഉൾക്കൊള്ളുന്ന പരസ്നേഹത്തിലേക്കും, കൂട്ടായ്മയിലേക്കും നമ്മെ നയിക്കട്ടെ.

**കേരളകത്തോലിക്കാ സഭയും ബൈബിൾ ശുശ്രൂഷയും**

കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റും ചേർന്ന് വിവിധങ്ങളായ ബൈബിൾ അധിഷ്ഠിത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്നു. വചന നിറവിലേക്ക് കേരളസഭയെ നയിക്കുന്നതിനായി ഈ ജൂബിലി വർഷത്തിൽ വൈവിധ്യമാർന്ന ബൈബിൾ ശുശ്രൂഷകൾ ഫലപ്രദമായി ചെയ്തുവരുന്നു. പി.ഒ.സി. ബൈബിൾ (RPOC) സമ്പൂർണമായി പരിഷ്ക്കരിച്ച് ജൂബിലിയുടെ സമ്മാനമായി കേരളസഭാ മക്കൾക്കായി സമർപ്പിക്കാനും, വിപുലമായി പ്രസിദ്ധീകരിക്കാനും കഴിഞ്ഞത് അഭിമാനാർഹമായ ചരിത്രനേട്ടമാണ്. ലക്ഷങ്ങൾ പങ്കെടുക്കുന്ന ലോകത്തിലെത്തന്നെ ഏറ്റവും വലിയ ക്വിസ് പ്രോഗ്രാമായ ലോഗോസ് ക്വിസ്സിന്റെ 25-ാം വർഷത്തിലാണ് നമ്മൾ. ബൈബിൾ പഠനം എല്ലാവരിലേക്കും എത്തിക്കുന്നതിന്റെ ഭാഗമായി കുടുംബങ്ങൾക്കായി ഫാമിലി ലോഗോസും കേൾവി ബുദ്ധിമുട്ടുള്ളവർക്കുവേണ്ടിയുള്ള പ്രത്യേക ലോഗോസ് പരീക്ഷയും ഉൾചേർത്ത് ലോഗോസ് ക്വിസ് വിപുലമാക്കിയിട്ടുണ്ട്. മലയാളം ബൈബിളിന്റെ ശ്രവ്യരൂപവും, കാഴ്ച പരിമിതിയുള്ളവർക്കുവേണ്ടി സൈൻബൈബിളും ഇന്ന് നമുക്ക് ലഭ്യമാണ്. ആഴത്തിൽ ബൈബിൾ വിജ്ഞാനംപകരുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിലെ അംഗത്വം 14000 കടന്നു. ബൈബിളിലെ വിവിധ പുസ്തകങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്ന യുട്യൂബ് - വീഡിയോ ക്ലാസ്സുകൾ ഓൺലൈനിൽ ലഭ്യമാണ്. വചനനിറവിനായി ബൈബിൾ ക്ലാസ്സുകളും ബൈബിൾ ആധ്യാത്മിക പരിശീലന കോഴ്സുകളും ഫലപ്രദമായി നടക്കുന്നു. ബൈബിൾ അഖണ്ഡപാരായണവും, വചനമെഴുത്തും ഒരു ആധ്യാത്മികചര്യയായി വളർത്താനുള്ള പരിശ്രമങ്ങൾ ചെയ്തുവരുന്നു. ഓരോ കുടുംബത്തിലും ഓരോ ബൈബിൾ എന്ന ലക്ഷ്യം കേരളസഭയിൽ ഇതിനകം സാധ്യമായിട്ടുണ്ട്. ഓരോ വ്യക്തിക്കും ഓരോ ബൈബിൾ എന്ന ലക്ഷ്യത്തിലേക്ക് ഇപ്പോൾ നാം മുന്നേറുകയാണ്. വചന ചൈതന്യം സജീവമായി നിറഞ്ഞുനില്ക്കുന്ന കേരളസഭ ആഗോള സഭയ്ക്ക് മാതൃകയും പ്രചോദനവുമാണ്. പി.ഒ.സി. ബൈബിൾ

ആപ്ലിക്കേഷനും, ഓഡിയോ ബൈബിളും കൂടുതൽ പ്രചാരത്തിലെത്തിക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് താല്പര്യപ്പെടുന്നു. ഭവനങ്ങളിലും യാത്രകളിലും ഓഡിയോ ബൈബിൾ ശ്രവിക്കുന്ന ശീലം വളർത്താൻ എല്ലാവരെയും പരിശീലിപ്പിക്കണം.

ഡിസംബർ 21-ന് ബൈബിൾ ഞായർ ഇടവകകളിൽ ബൈബിൾ പ്രതിഷ്ഠയോടും ബൈബിൾ പ്രദക്ഷിണത്തോടുംകൂടെ സമുചിതമായി ആചരിക്കാൻ നിങ്ങളെ ക്ഷണിക്കുന്നു. കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും രൂപതാ ബൈബിൾ അപ്പോസ്തോലേറ്റിന്റെയും ശുശ്രൂഷകൾക്കുവേണ്ടി ബൈബിൾ ഞായറാഴ്ച ദിവ്യബലി മധ്യേ ലഭിക്കുന്ന സംഭാവന രൂപതാകേന്ദ്രങ്ങളിൽ എത്തിക്കണമെന്നും അഭ്യർഥിക്കുന്നു.

ദൈവവചന പ്രചാരണ-പ്രഘോഷണ പ്രവർത്തനങ്ങളിലൂടെ പ്രത്യാശയുടെ തീർഥാടകരായി രൂപാന്തരപ്പെടുവാനും ദൈവവചനത്തിലേക്ക് എല്ലാവരേയും നയിക്കാനും നമുക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും, ദൈവസ്നേഹാനുഭവത്തിലേക്കും എല്ലാവരെയും ഉൾക്കൊള്ളുന്ന പരസ്നേഹത്തിലേക്കും കൂട്ടായ്മയിലേക്കും നമ്മെ ക്ഷണിക്കുന്ന മനുഷ്യാവതാരത്തിരുന്നാളിന്റെ പ്രാർത്ഥനാശംസകൾ നേർന്നുകൊണ്ടും,

സ്നേഹാദരങ്ങളോടെ,

**+ ബിഷപ് റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ**
(ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

**+ ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

**+ ബിഷപ് മാർ ജോൺ നെല്ലിക്കുന്നേൽ**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം, പി.ഒ.സി., കൊച്ചി - 682 025

---

NB: 2025 ഡിസംബർ 21-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

ഡിസംബർ 22 ന് ബഹു. ജോസഫ് കണ്ടത്തിക്കുടി അച്ചന്റെ ഒന്നാം ചരമ വാർഷികവും, ഡിസംബർ 7 ന് ബഹു. കുര്യാക്കോസ് പറമ്പിൽ അച്ചന്റെയും ഡിസംബർ 18 ന് ബഹു. ജോസഫ് നന്ദിക്കാട്ട് അച്ചന്റെയും ഡിസംബർ 24 ന് ബഹു. അഗസ്റ്റിൻ കീലത്തച്ചന്റെയും ഡിസംബർ 25 ന് ബഹു. ലെയോ പോൾഡ് മഠത്തിനകം അച്ചന്റെയും ചരമവാർഷികങ്ങളുമാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിലും വി. ബലികളിലും ഓർക്കാം.

**2. ബൈബിൾ ഞായർ - ഡിസംബർ 21**

ഡിസംബർ 21 ഞായറാഴ്ച ബൈബിൾ ഞായറായി കേരള സഭ ആചരിക്കുകയാണല്ലോ. ബൈബിൾ മാസാചരണത്തിന്റെ ഭാഗമായി ഡിസംബർ മാസത്തിൽ ബൈബിൾ വായിക്കുവാനും ധ്യാനിക്കുവാനും പ്രോത്സാഹനം നൽകാം. അന്നേദിവസം ലഭിക്കുന്ന സംഭാവന രൂപതാകേന്ദ്രത്തിൽ എൽപ്പിക്കേണ്ടതാണ്.

**3. കൂരിയ അവധി**

ഡിസംബർ മാസം 24 മുതൽ 31 വരെ രൂപതാ കച്ചേരി അവധിയായിരിക്കും

**4. ജൂബിലി വർഷ - കുടുംബ നവീകരണവർഷ സമാപനം 2025 ഡിസംബർ 6**

ജൂബിലി വർഷത്തിന്റെയും കുടുംബ നവീകരണ വർഷത്തിന്റെയും രൂപതാതല സമാപനം 2025 ഡിസംബർ 6 ശനിയാഴ്ച രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1:30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ ആണ് ക്രമീകരിച്ചിരിക്കുന്നത്. രാവിലെ 9 നു ജപമാലയും 9:30 നു വി. ബലിയും തുടർന്ന് സമാപന സമ്മേളനവും ആണ് നടക്കുക.

**ഈ സമാപന സമ്മേളനത്തിൽ ഇടവകകളിൽ നിന്ന് നിർബന്ധ മായും പങ്കെടുക്കേണ്ടവർ താഴെപ്പറയുന്നവരാണ്:**

രൂപതയിലെ എല്ലാ വൈദികരും, സമർപ്പിത സമൂഹങ്ങളിലെ (men & women) മേജർ & ലോക്കൽ സുപ്പീരിയേഴ്സ്, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, വിവിധ സംഘടനകളുടെയും ഡിപ്പാർട്ടു മെന്റുകളുടെയും രൂപതാ ഭാരവാഹികൾ, ഇടവകകളിൽ രൂപീ കരിച്ച കുടുംബ നവീകരണവർഷ കമ്മിറ്റിയുടെ പ്രസിഡന്റ് അദ്ദേഹ ത്തിന്റെ ജീവിതപങ്കാളി, നടത്തിപ്പു കൈക്കാരൻ അദ്ദേഹത്തിന്റെ ഭാര്യ, മതബോധന പ്രധാനാധ്യാപകർ, ദേവാലയ ശുശ്രൂഷി (കപ്യാർ), 2001 ജനുവരി 1 ന് ശേഷം വിവാഹിതരായ ദമ്പതി മാരിൽ അഞ്ചും അതിൽ കൂടുതലും മക്കളുള്ളവരുടെ കുടുംബ ങ്ങൾ.

**5. ആശംസകൾ**

അമേരിക്കയിലെ ചിക്കാഗോ രൂപതയിൽ പാസ്റ്ററൽ മിനിസ്ട്രി ആരംഭിച്ചിരിക്കുന്ന ബഹു. ആന്റോ മമ്പള്ളിൽ അച്ചനും, അയർ ലണ്ടിലെ റാഫോ രൂപതയിൽ പാസ്റ്ററൽ മിനിസ്ട്രി ആരംഭിച്ചിരി ക്കുന്ന ബഹു. സുനിൽ മഠത്തിൽ അച്ചനും പുതിയ സേവന മേഖലയിൽ രൂപതാ കുടുംബത്തിന്റെ എല്ലാവിധ പ്രാർത്ഥനാശംസ കളും ഹൃദയപൂർവ്വം നേരുന്നു.

**6. പൗരോഹിത്യം സ്വീകരിക്കുന്നവർ**

സത്ന സെന്റ് എഫ്രേംസ് സെമിനാരിയിൽ നിന്ന് വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കൻ ചെറിയാൻ (ജിതിൻ) ചേറാ ടിയിൽ, കോട്ടയം സെന്റ് തോമസ് അപ്പസ്തോലിക് സെമിനാ രിയിൽ നിന്ന് വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കൻ ജോസഫ് (ജോബിൻ) ചിറയിൽപറമ്പിൽ, ആലുവ സെന്റ് ജോസ ഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് വൈദിക പരിശീ ലനം പൂർത്തിയാക്കിയ ഡീക്കൻ തോമസ് (ജെഫിൻ) കോട്ടയ്ക്കു പുറത്ത്, തൃശ്ശൂർ മേരി മാതാ സെമിനാരിയിൽ വൈദിക പരി ശീലനം പൂർത്തിയാക്കിയ ഡീക്കൻ പോൾ (ഷിന്റോ) കുളങ്ങര എന്നിവർ ഡിസംബർ മാസത്തിൽ തിരുപ്പട്ടം സ്വീകരിക്കാനൊരു ങ്ങുന്നു.

**തിരുപ്പട്ട സ്വീകരണത്തിന്റെ വിശദാംശങ്ങൾ**

| തീയതി | പേരും വീട്ടുപേരും | സ്ഥലം | സമയം |
|---|---|---|---|
| 2025 ഡിസംബർ 29 തിങ്കൾ | ഡീ. ചെറിയാൻ (ജിതിൻ) ചേറാടിയിൽ | പാലാങ്കര | രാവിലെ 9:15 |
| 2025 ഡിസംബർ 29 തിങ്കൾ | ഡീ. ജോസഫ് (ജോബിൻ) ചിറയിൽപറമ്പിൽ | പാലാങ്കര | രാവിലെ 9:15 |
| 2025 ഡിസംബർ 29 തിങ്കൾ | ഡീ. തോമസ് (ജെഫിൻ) കോട്ടയ്ക്കുപുറത്ത് | റൂബി നഗർ | ഉച്ച കഴിഞ്ഞ് 2:15 |
| 2025 ഡിസംബർ 30 ചൊവ്വ | ഡീ. പോൾ (ഷിന്റോ) കുളങ്ങര | തലഞ്ഞി | രാവിലെ 9:15 |

**7. Transfer and Appointments**

1. Fr. Mathai Pallichankudiyil : Vicar, Thelpara
2. Fr. George Myladoor : Pro- Vicar, Edappetty
3. Fr. Shantidas Muthukattil : Temporary Vicar, Kammana
4. Fr. Issac Karamayil : Pro- Vicar, Karani
5. Fr. John Uppuveettil : Administrative leave
6. Fr. Rajeesh Karuthedath : Finance Officer of Wayanad Social Service Society (WSSS)
7. Fr. Sunil Madathil : Ministry in Ireland
8. Fr. Anto Mampallil : Ministry in Chicago

**മാർ അലക്സ് താരാമംഗലം**
സഹായമെത്രാൻ

*Prot. No.31269/2025*

# അറിയിപ്പ്

ജർമ്മനിയിലെ ഷേൺസ്റ്റാറ്റ് എന്ന സ്ഥലത്ത് നൂറ് വർഷം മുമ്പ് സ്ഥാപിതമായ ഷേൺസ്റ്റാറ്റ് മാതാവിന്റെ സഹോദരിമാർ എന്ന സമർപ്പിത സമൂഹത്തിന്റെ ശതാബ്ദി പ്രമാണിച്ച് പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ മാർപ്പാപ്പ ഈ സമൂഹത്തിന്റെ സുപ്പീരിയർ ജനറലിന്റെ അപേക്ഷ അംഗീകരിക്കുകയും അവരുടെ ഭവനങ്ങളോടനുബന്ധമായുള്ള കപ്പേളകൾ, തീർത്ഥാടന കേന്ദ്രങ്ങൾ എന്നിവ സന്ദർശിച്ച് നിയമാനുസൃതമുള്ള പുണ്യ പ്രവൃത്തികൾ ചെയ്യുന്നവർക്ക് പൂർണ്ണദണ്ഡ വിമോചനം (2025 ഒക്ടോബർ 4 മുതൽ 2026 നവംബർ 4 വരെ) അനുവദിച്ച് നല്കുകയും ചെയ്തിരിക്കുന്നു. ഈ അനുവാദം രേഖാമൂലം കൊടുത്തിരിക്കുന്നത് പരിശുദ്ധ സിംഹാസനത്തിന്റെ ഇത്തരം കാര്യങ്ങൾക്കായി സ്ഥാപിതമായിരിക്കുന്ന അപ്പസ്റ്റോലിക്ക് പെനിറ്റൻഷ്യറി എന്ന കാര്യാലയമാണ്.

മേൽപ്പറഞ്ഞ രീതിയിൽ ദണ്ഡവിമോചനം പ്രാപിക്കുന്നതിന് ഈ സമർപ്പിത സമൂഹത്തിന്റെ കപ്പേളകളും തീർത്ഥാടന കേന്ദ്ര ങ്ങളും സന്ദർശിക്കുകയും സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയും വിശ്വാസപ്രമാണവും ഒരു പ്രാവശ്യമെങ്കിലും വിശ്വാസപൂർവം ചൊല്ലുകയും വേണം. സമാധാനത്തിന്റെയും കരുണയുടെയും മാതാവിന്റെ പ്രാർത്ഥനകൾ യാചിക്കുകയും ചെയ്യുകയും കുമ്പസാരമെന്ന കൂദാശയിലൂടെ പാപമോചനം നേടി പ്രസാദവരാവസ്ഥയിൽ ആയിരിക്കുകയും ചെയ്യുന്നവർക്കാണ് ദണ്ഡവിമോചനം ലഭ്യമാകുന്നത്. അതോടൊപ്പം അവർ പരിശുദ്ധ പിതാവിന്റെ നിയോഗങ്ങൾക്കായി പ്രാർത്ഥിക്കുകയും ചെയ്യണം. ഈ ദണ്ഡവിമോചനം ശുദ്ധീകരണാത്മാക്കൾക്ക് വേണ്ടിയും പ്രാപിക്കാവുന്നതാണ്.

രോഗം മൂലവും മറ്റും മേൽപ്പറഞ്ഞ രീതിയിൽ കപ്പേളകളും തീർത്ഥാടന കേന്ദ്രങ്ങളും സന്ദർശിക്കാൻ പറ്റാത്തവർക്കും ചില വ്യവസ്ഥകൾക്ക് വിധേയമായി ഈ ദണ്ഡവിമോചനം പ്രാപിക്കാവുന്നതാണ്. അതിനായി അവർ കുമ്പസാരമെന്ന കൂദാശയിലൂടെ പാപകരമായ അവസ്ഥയിൽ നിന്ന് മോചനം നേടുകയും നിയമാനുസൃതമുള്ള പ്രാർത്ഥനകൾ ചൊല്ലുകയും അവർക്ക് സാധ്യമായാൽ താമസം കൂടാതെ മേൽപ്പറഞ്ഞ രീതിയിൽ തീർത്ഥാടനം നടത്തുമെന്ന് പ്രതിജ്ഞ ചെയ്യുകയും വേണം. അതുപോലെ തങ്ങളുടെ രോഗവും വേദനകളും ക്ലേശവുമെല്ലാം ലോകരക്ഷയ്ക്കായി സമർപ്പിക്കുകയും വേണം.

കല്ലോടി ഫൊറോനാ ഇടവകാതിർത്തിയിൽ മൂളിത്തോട് എന്ന സ്ഥലത്താണ് മാനന്തവാടി രൂപതയിൽ ഷേൺസ്റ്റാറ്റ് സഹോദരിമാരുടെ സമർപ്പിത ഭവനം സ്ഥാപിതമായിരിക്കുന്നത്. തീർത്ഥാടനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പ്രസ്തുത ഭവനത്തിന്റെ മേലധികാരികളിൽ നിന്ന് ലഭിക്കുന്നതാണ്.

സമാധാനത്തിന്റെയും കരുണയുടെയും അമ്മ തന്റെ പ്രാർത്ഥനകൾ വഴി നമ്മെ നിരന്തരം സഹായിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് രണ്ടായിരത്തി ഇരുപത്തഞ്ചാമാണ്ട് നവംബർ മാസം പന്ത്രണ്ടാം തീയതി നൽകപ്പെട്ടത്.

**ബിഷപ്പ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

# ജൂബിലി വർഷം 2025
# കുടുംബ നവീകരണ വർഷം 2025

**ഡിസംബർ മാസത്തെ കുടുംബ കൂട്ടായ്മകളിലെ പഠനവിഷയം**

## ചെറുകിട സംരംഭങ്ങളുടെ ആവശ്യകതയും സാമ്പത്തിക പുരോഗതിയും

ചെറുകിട സംരംഭങ്ങളുടെ പ്രാധാന്യവും അതിലൂടെ സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്താനുള്ള സാധ്യതകളുമാണ് ഈ മാസം ചർച്ചക്കായി എടുത്തിരിക്കുന്ന വിഷയം.

**1. ചെറുകിട സംരംഭങ്ങൾ രാജ്യത്തിന്റെ അടിത്തറ**

ഇന്ത്യയിൽ ഇന്ന് 346 ലക്ഷം ചെറുകിട സംരംഭങ്ങൾ പ്രവർത്തിക്കുന്നു. ഇവയിൽ 805 ലക്ഷം തൊഴിലാളികൾ തൊഴിൽ കണ്ടെത്തുന്നു. നമ്മുടെ ദേശീയ സമ്പദ്ഘടനയിൽ ചെറുകിട സംരംഭങ്ങൾ 37.5% GDP സംഭാവന ചെയ്യുന്ന പ്രധാന ശക്തിയാണ്.

ലോകമെമ്പാടും ചെറുകിട ബിസിനസുകൾ ആണ് പ്രാദേശിക സമൂഹങ്ങളുടെ നട്ടെല്ല്. അതിന്റെ മികച്ച ഉദാഹരണം ചൈനയാണ്. ലോകത്തിൽ “Made in China” ഇല്ലാത്ത ഒരു ഉൽപ്പന്നം കണ്ടെത്തുക ദുഷ്കരം. കാരണം അവിടെ ഓരോ വീടും ഒരു ചെറിയ ഉത്പാദന കേന്ദ്രമാണ്.

നമ്മുടെ കളിപ്പാട്ടങ്ങൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ, ക്രിസ്തുമസ് നക്ഷത്രങ്ങൾ, LED ലൈറ്റുകൾ, ബലൂണുകൾ എല്ലാം ചൈനയിൽ നിന്നാണ് എത്തുന്നത്. ഉദാഹരണത്തിന് 100 രൂപയിൽ നിർമ്മിക്കുന്ന LED നക്ഷത്രം 500 രൂപയ്ക്ക് നാം വാങ്ങുന്നു. നമുക്കും ഇവ നിർമ്മിക്കാവുന്നതേയുള്ളൂ

**2. ചെറുകിട സംരംഭങ്ങൾക്ക് സ്വർണ്ണഭൂമി**

പശ്ചിമഘട്ടത്തിന്റെയും നീലഗിരിയുടെയും ആവാസ വ്യവസ്ഥയിലുള്ള മാനന്തവാടി രൂപതയുടെ ഭൂരിഭാഗം പ്രദേശങ്ങളും ചെറുകിട വ്യവസായങ്ങൾക്കായി ഏറ്റവും അനുയോജ്യമാണ്.

പ്രകൃതി സമ്പത്ത്, സുഖകരമായ കാലാവസ്ഥ, കാർഷിക വൈവിധ്യം, വർദ്ധിച്ചുകൊണ്ടിരിക്കുന്ന ടൂറിസം, വീടുകളിലും ചെറുകിട വ്യവസായം തുടങ്ങാമെന്ന സർക്കാർ തീരുമാനം ഇവയെല്ലാം ചേർന്നാൽ സാമ്പത്തിക ഭാവി സംരംഭകത്വത്തിലാണ് എന്ന് വ്യക്തമാണ്.

ടൂറിസത്തെ പ്രയോജനപ്പെടുത്തി, തനത് ഭക്ഷണങ്ങൾ, ജൈവ കാർഷിക ഉൽപ്പന്നങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ തദ്ദേശീയ

കരകൗശല ഉൽപ്പന്നങ്ങൾ മുതലായവ മൂല്യവർദ്ധനയോടെ വിൽക്കാൻകഴിയും. ഫാം ടൂറിസം, സ്പൈസ് ടൂറിസം, ഹോം സ്റ്റേകൾ എന്നിവയും വൻ സാധ്യതകളാണ്.

**3. സംരംഭകത്വത്തിന്റെ പ്രയോജനങ്ങൾ**

സംരംഭങ്ങൾ ഒരു സമൂഹത്തിൽ താഴെപ്പറയുന്ന മേഖല കളിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കുന്നു:

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു, സാമൂഹ്യ നവീകരണം, സാമ്പത്തിക വളർച്ച, സമ്പത്ത് സൃഷ്ടിക്കൽ വിപണി വികസനം, സാമൂഹിക ഉന്നമനം, ജീവിതനിലവാര ഉന്നമനം.

സംരംഭകത്വത്തിന്റെ അടിസ്ഥാനഘടകങ്ങളായ സ്ഥലം, അധ്വാനം, മൂലധനം, അസംസ്കൃത വസ്തുകൾ, സാങ്കേതിക വിദ്യ ഈ അഞ്ചു ഘടകങ്ങൾ നമുക്ക് സമൃദ്ധമായി ലഭ്യമാണ്. പ്രശ്നം ഇവയെ പ്രയോജനപ്പെടുത്താത്തതിലാണ്.

**4. വ്യക്തിഗത സംരംഭങ്ങൾക്ക് പകരം ഗ്രൂപ്പ് സംരംഭങ്ങൾ**

ഇന്നത്തെ സാഹചര്യത്തിൽ പ്രാധാന്യം ഗ്രൂപ്പ് സംരംഭങ്ങൾ ക്കാണ്. 10–20 പേരടങ്ങുന്ന സ്വാശ്രയ സംഘം (SHG), ഒരുമിച്ച് ഉത്തരവാദിത്വം പങ്കിടുന്ന തുല്യ ബാധ്യതാസംഘങ്ങൾ (JLG) ഇവയ്ക്ക് ജാമ്യമില്ലാതെ 20 ലക്ഷം വരെ വായ്പകൾ ലഭിക്കുന്നതി നാൽ സംരംഭാരംഭം എളുപ്പമാണ്.

ഉദാഹരണം: ഒരു വീട്ടിൽ 2–3 പശു വളർത്തുന്നതിനു പകരം, 20 പേർ ചേർന്ന് 100 പശുക്കളുടെ ഫാം ഒരു സംരംഭമാക്കി മാറ്റാൻ കഴിയും. 5–6 തൊഴിലാളികൾമതി ഇതിലൂടെ ലാഭം വർധിക്കും സമയം ലാഭിക്കും തൊഴിൽ സൃഷ്ടിക്കും ഗുണമേന്മ ഉറപ്പാക്കും ഇതു പോലെ ഒട്ടനവധി മേഖലകളിൽ ഗ്രൂപ്പ് സംരംഭങ്ങൾ ആരം ഭിക്കാം.

**5. ലഭ്യമായ സർക്കാർ സഹായങ്ങൾ**

കേരളത്തിൽ ചെറുകിട സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം, സാങ്കേതിക പരിശീലനം, സബ്സിഡി, മാർക്കറ്റിംഗ് സഹായംതുടങ്ങി എല്ലാ രീതിയിലും സഹായം ലഭ്യമാണ്.

പ്രധാന ഏജൻസികൾ: വ്യവസായ ഡിപ്പാർട്ട്മെന്റ്, ക്ഷീര വികസന വകുപ്പ്, വനിതാ വികസന കോർപ്പറേഷൻ, പിന്നോക്ക വികസന കോർപ്പറേഷൻ, ന്യൂനപക്ഷ വികസന കോർപ്പറേഷൻ, നബാർഡ്, SIDB, PMEGP, CGTMSE, CLCSS, SFURTI, MSE-CDP, Kudumbashree etc.

രൂപതയിലെ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി, ജീവസ് & കെ.എൽ.എം, നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി, ബയോവിൻ എന്നിവ വഴി ആവശ്യമായ പരിശീലനങ്ങളും സഹായങ്ങളും നൽകി വരുന്നുണ്ട്.

**6. സംരംഭകത്വം – പഠിക്കേണ്ട വലിയപാഠം**

ഒരു സംരംഭം തുടങ്ങാൻ റിസ്ക് എടുക്കണം, തീരുമാനങ്ങൾ എടുക്കണം, വെല്ലുവിളികളെ പിന്തുടരണം, പരാജയം ഭയക്കരുത്. വിജയമാതൃകകളായ സംരംഭകർ നമ്മെ പഠിപ്പിക്കുന്നത് പരാജയം അവസാനമല്ല; അത് ഒരു പുതുതുടക്കത്തിനുള്ള അവസരമാണ് എന്നാണ്.

**7. നമുക്ക് ചെയ്യാവുന്ന കാര്യങ്ങൾ**

കുടുംബ കൂട്ടായ്മകൾ വഴി സംഘങ്ങൾ രൂപീകരിക്കുക കൃഷി, ഫാമുകൾ, കച്ചവടം, ഉല്പന്ന നിർമ്മാണം, തയ്യൽ, മൂല്യവർദ്ധിത വസ്തുകളുടെ നിർമ്മാണം തുടങ്ങിയവയുടെ സാധ്യതകൾ തേടുക, തൊഴിൽ സംഘങ്ങൾ രൂപീകരിച്ച് സേവനങ്ങൾ ലഭ്യമാക്കുക ഇത്തരം സാധ്യതകൾ പ്രയോജനപ്പെടുത്തി ഓരോ ഇടവകയിലും ഒരു സംരംഭമെങ്കിലും എന്ന് ലക്ഷ്യം വെച്ചാൽ നമ്മുടെ കുടുംബങ്ങൾ സാമ്പത്തീകമായി വളരും സമുദായം ശക്തീകരിക്കപ്പെടും.

**ഉപസംഹാരം**

മാനന്തവാടി രൂപതയുടെ കുടുംബങ്ങൾ ഒരുമിച്ച് സംരംഭങ്ങളിൽ കാൽവെയ്ക്കുമ്പോൾ സാമ്പത്തിക പുരോഗതിയും, സാമൂഹിക വളർച്ചയും, തൊഴിൽ സൃഷ്ടിയും എല്ലാം നമ്മുടേതാകുന്നു. നമ്മുടെ ഗ്രാമങ്ങൾ സാമ്പത്തികമായി ശക്തരാകുമ്പോൾ കുടുംബങ്ങളും ശക്തമാകും. എല്ലാവർക്കും തൊഴിൽ, സാമൂഹ്യ സുരക്ഷ, സാമ്പത്തീക സുസ്ഥിതി എന്നീ ലക്ഷ്യങ്ങൾ കൈവരിക്കാനാകും.

**കുടുംബ നവീകരണ വർഷ കമ്മിറ്റി**

# അൾത്താര ബാലൻമാരുടെ ക്യാമ്പ്

ഈ വർഷം 9, 10, 11, 12 ക്ലാസുകളിൽ പഠിക്കുന്ന വൈദിക ജീവിതത്തിലേക്ക് കടന്നുവരുവാൻ താല്പര്യമുള്ള അൾത്താര സംഘത്തിൽ അംഗങ്ങളായവരോ അല്ലാത്തവരോ ആയ ആൺകുട്ടികൾക്ക് വേണ്ടിയുള്ള ഒരു ക്യാമ്പ് നമ്മുടെ രൂപതാ മൈനർ സെമിനാരിയിൽ വച്ച് നടത്തപ്പെടുന്നു. വൈദികജീവിതത്തിലേക്ക് പ്രവേശിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് പ്രചോദനമേകാനും, ദൈവവിളി തിരിച്ചറിയാനും ഈ ക്യാമ്പ് സഹായകമാകും.

2025 ഡിസംബർ 26 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് ആരംഭിച്ച് 27 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ക്യാമ്പ് അവസാനിക്കും.

നിലമ്പൂർ, മണിമൂളി, ഗൂഡല്ലൂർ മേഖലകളിൽ നിന്നുള്ളവർക്കായി 2025 ഡിസംബർ 31 ബുധനാഴ്ച രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണിവരെ മണിമൂളിയിൽ വച്ച് ക്യാമ്പ് നടത്തപ്പെടുന്നു.

ഈ ക്യാമ്പുകളിലേക്ക് 9, 10, 11, 12 ക്ലാസുകളിൽ പഠിക്കുന്ന വൈദികരാകാൻ താല്പര്യമുള്ള കുട്ടികളെ പറഞ്ഞയയ്ക്കുവാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**NB: ക്യാമ്പിന് വരുന്നവർ നോട്ട്ബുക്ക്, പേന, ടോയ്‌ലറ്റ് ആർട്ടിക്കിൾസ്, ബെഡ്ഷീറ്റ് എന്നിവ കൊണ്ടുവരാൻ ശ്രദ്ധിക്കുമല്ലോ.**

**ഫാ. ജോസഫ് നെടുങ്കല്ലേൽ**
റെക്ടർ, മൈനർ സെമിനാരി

## മതബോധനരംഗം

പ്രിയപ്പെട്ടവരെ,

ദൈവം നമുക്ക് സമ്മാനിച്ച ദിവ്യശിശുവിനെ കാണാനും അറിയാനും സ്വീകരിച്ച് ആരാധിക്കാനുമുള്ള ദൈവപിതാവിന്റെ ക്ഷണമാണ് ഓരോ ക്രിസ്തുമസ്സും. ദൈവം മനുഷ്യനായി അവതരിച്ചത് മനുഷ്യനെ രക്ഷിക്കാനാണ്. മനുഷ്യന് സ്വയമേവ രക്ഷകനാകാൻ കഴിയുകയില്ല എന്ന് ദൈവത്തിന്റെ മനുഷ്യാവതാരം നമ്മെ ഓർമിപ്പിക്കുന്നു. എളിമയോടും, വിശ്വാസത്തോടും കൂടി മനുഷ്യനായി അവതരിച്ച ദിവ്യ ശിശുവിനെ സ്വീകരിക്കുവാൻ നമുക്ക് ഒരുങ്ങാം. രക്ഷകന്റെ ജനനം അറിയിക്കുന്ന നക്ഷത്രം നമുക്കു മുൻപേ നീങ്ങുന്നുണ്ട്. നമ്മെ രക്ഷകനിലേക്ക് നയിക്കുന്ന മാതാപിതാക്കളും, വിശ്വാസപരിശീലകരുമാകുന്ന നക്ഷത്രങ്ങൾക്ക് നമ്മുടെ ജീവിതത്തിൽ മഹത്തായ സ്ഥാനമുണ്ട്. ഇതുപോലെ രക്ഷകന്റെ സാന്നിധ്യം വിളിച്ചോതുന്ന നക്ഷത്രങ്ങളാകുക എന്ന ദൗത്യം നമുക്കൊരോരുത്തർക്കുമുണ്ട്. അന്ധകാരത്തിൽ കഴിഞ്ഞിരുന്ന ജനം വലിയ പ്രകാശമായ രക്ഷകനെ ദർശിച്ച രാജാക്കന്മാർ സമർപ്പണവും, ആരാധനയുമാണ് നടത്തിയത്. രക്ഷകനെ ദർശിച്ച് ദൈവസ്തുതികൾ പാടാൻ നമുക്കേവർക്കുമാകട്ടെ. ആഗതമാകുന്ന ക്രിസ്തുമസിന്റെ മംഗളങ്ങൾ നേരുന്നു. പ്ലസ്വൺ പ്ലസ്ടു വാർഷിക പരീക്ഷ (HCC 1&2) ഈ വർഷത്തെ പ്ലസ്വൺ പ്ലസ്ടു യൂണിവേഴ്സിറ്റി പരീക്ഷ 2026 ഫെബ്രുവരി 1-ാം തിയ്യതി ഞായറാഴ്ച വിവിധ പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടുന്നു. കുട്ടികളെ പരീഷാ തിയ്യതി മുൻകൂട്ടി അറിയിച്ച് സിലബസ് നല്കി ഒരുക്കി തുടങ്ങുമല്ലോ. വാർഷിക പരീക്ഷക്ക് ആദ്യ സെമസ്റ്ററിലെ പാർട്ട് 1 ലെ പാഠഭാഗങ്ങളിൽനിന്നും 30 % ചോദ്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്. വിശദ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്. H M Conference ഈ വർഷത്തെ കോൺഫറൻസ് 2025 ഡിസംബർ 20-ന് രാവിലെ 9.30-ന് ദ്വാരക പാസ്റ്ററൽ സെന്റിൽവച്ച് നടക്കുന്ന

താണ്. എല്ലാവരും കൃത്യസമയത്ത് തന്നെ എത്തിച്ചേരുമല്ലോ. അന്നേ ദിവസം കുട്ടികളുടെ ഹാൾടിക്കറ്റ് കൈപ്പറ്റുകയും ചോദ്യപേപ്പറിന്റെ തുക കൊണ്ടുവരുവാനും ശ്രദ്ധിക്കുമല്ലോ. Mission Quest Toppers സീറോ മലബാർ മിഷൻ ഓഫീസും, കാറ്റെകെറ്റിക്കൽ കമ്മീഷനും സംയുക്തമായി നടത്തിയ ഈ വർഷത്തെ മിഷൻ ക്വിസിന്റെ രൂപതാതല സീനിയർ, ജൂനിയർ വിഭാഗത്തിലെ toppers ന്റെ ലിസ്റ്റ് താഴെ കൊടുക്കുന്നു. വിജയികൾക്ക് അനുമോദനങ്ങൾ അറിയിക്കുന്നു.

**JUNIORS**

I. RYAN RONY AUGUSTIN, AVNAKKAL - VELLOONNI

II. AGNES, KOCHUKUDIYIL - YAVANARKULAM

III. LIYA ROSE BABU, MENAMPADATHIL - KARANI

**SENIORS**

I. ALPHONSA , AVANAKKAL - VELLOONNI

II. SR. ROSMIN CMC - KOLAVAYAL

III. ABHILASH EMMANUEL, KANDATHINKARA - MULLENKOLLY

**ഫാ. തോമസ് കച്ചിറയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയമുള്ളവരേ, ലോകമെമ്പാടുമുള്ള മനുഷ്യഹൃദയങ്ങളിലേക്ക് പ്രത്യാശയുടെയും, ശാന്തിയുടെയും മൃദുവായ വെളിച്ചം പകർന്നുകൊണ്ട് വീണ്ടും ഒരു ക്രിസ്തുമസ്ക്കാലം ആഗതമായിരിക്കുകയാണ്. ക്രിസ്തുമസ്, നമ്മുടെ ഉള്ളിൽ പൂക്കുന്ന സ്നേഹത്തിന്റെയും, പങ്കുവയ്ക്കലിന്റെയും സൗന്ദര്യമുള്ള അനുഭൂതിയാണ്. ഈ പുണ്യനാളിൽ, ബെത്‌ലഹേമിലെ കാലിത്തൊഴുത്തിലെ തിരുപിറവിയുടെ സന്ദേശം, വർഷാവസാനത്തെ ഈ തണുപ്പിലും നമ്മുടെ ആത്മാവിനെ ഊഷ്മളമാക്കുന്നു. മഞ്ഞുമൂടിയ ഡിസംബർ രാവുകളിൽ, ലോകമെമ്പാടുമുള്ള വീടുകളുടെ ജനലരികുകളിൽ കൺതുറക്കുന്ന നക്ഷത്രവിളക്കുകൾ കേവലം അലങ്കാരങ്ങളല്ല: അത് മനുഷ്യഹൃദയങ്ങളിലേക്ക് ഇറങ്ങിവന്ന ദൈവസ്നേഹത്തിന്റെയും, പരസ്പരം പങ്കുവെക്കലിന്റെയും മിഴിവുറ്റ അടയാളങ്ങളും ഇരുട്ടിനെ ഭേദിക്കുന്ന വിശ്വാസത്തിന്റെ പ്രതീകവുമാണ്. ഓരോ ക്രിസ്തുമസ് ട്രീയും ഓർമ്മകളുടെയും, പ്രതീക്ഷയുടെയും വർണ്ണപ്പൊട്ടുകൾ ചാർത്തി നമ്മെ പഴയ നല്ല കാലങ്ങളിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു. മഞ്ഞണിഞ്ഞ പുലരിയിൽ, കരോൾഗാനങ്ങളുടെ ഇളം തണുത്ത ഈണം കേട്ട് ഉണരുമ്പോൾ നമ്മൾ വീണ്ടും കുട്ടികളാകുന്നു. സാന്താക്ലോസിന്റെ ചിരിയിൽ ദാനത്തിന്റെ സന്തോഷമുണ്ട്, പങ്കുവെയ്ക്കലിന്റെ നിർമ്മലതയുണ്ട്. ക്രിസ്തുമസ് നമ്മെ ഓർമ്മിപ്പിക്കുന്നത് ഏറ്റവും വലിയ ദാനം സ്നേഹമാണെന്നതാണ്. പുതുവസ്ത്രങ്ങളുടെ മണവും, കേക്കിന്റെ മധുരവും, കുടുംബാംഗങ്ങൾ ഒന്നിച്ചിരിക്കുന്നതിന്റെ ഊഷ്മളതയും ഇവയെല്ലാം ചേർന്നാണ് ക്രിസ്തുമസ് എന്ന മനോഹരമായ കവിത പൂർത്തിയാകുന്നത്. ഈ പുണ്യനാളിൽ, നമുക്ക് ചുറ്റുമുള്ള മനുഷ്യരിലേക്ക് സ്നേഹത്തിന്റെയും, ദയയുടെയും വെളിച്ചം പകരാം. കാരണം, ഓരോ ക്രിസ്തുമസ് രാവും നമ്മോട് മന്ത്രിക്കുന്നത് ഒന്നു മാത്രമാണ് സമാധാനത്തോടെ, സന്തോഷത്തോടെ ജീവിക്കുക. പിറവിതിരുനാളിന് വേണ്ടിയുള്ള ഒരുക്കം രണ്ടു മൈൽ ദൂരം നടക്കുന്ന ആത്മീയതയാകട്ടെ. ഹൃദയമാകുന്ന പുൽക്കൂട് ഒരുക്കി ദിവ്യ പൈതലിനെ നമുക്ക് വരവേൽക്കാം. ക്രിസ്തുമസ്

ദിനങ്ങളിൽ മുടങ്ങാതെ വിശുദ്ധ കുർബാനയിൽ പങ്കെടുക്കുവാൻ എല്ലാവർക്കും സാധിക്കട്ടെ. സ്നേഹ-ത്യാഗ-സേവന-സഹന സമ്പന്നമായ ഒരു ക്രിസ്തുമസ് ഏവർക്കും ആശംസിക്കുന്നു.

**സന്തോഷച്ചൻ**

**തിരുനാൾ**

സകല വിശുദ്ധരുടെയും, സകല മരിച്ചവിശ്വാസികളുടെയും തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് പ്രാർത്ഥിക്കുകയും പോസ്റ്ററുകൾ തയ്യാറാക്കി ഷെയർ ചെയ്യുകയും ചെയ്തു.

**ശാഖാ സന്ദർശനം**

ദ്വാരക മേഖലയിലെ ശാഖകളിൽ രൂപതാ നേതൃത്വം സന്ദർശനം നടത്തി. സന്ദർശനത്തിന് പോയ എക്സിക്യൂട്ടീവ് അംഗങ്ങളെയും, ടീം അംഗങ്ങളെയും എല്ലാ ക്രമീകരണങ്ങളും ചെയ്ത ശാഖ നേതൃത്വത്തെയും നന്ദിയോടെ ഓർക്കുന്നു.

**ആശംസകൾ**

മതാദ്ധ്യാപക ദിനത്തിൽ രൂപതയിലെ മതാദ്ധ്യാപകർക്ക് ആശംസകൾ അറിയിച്ച് പോസ്റ്റർ ഷെയർ ചെയ്തു.

**മാനന്തവാടി രൂപതയ്ക്ക് തിളക്കമാർന്ന വിജയം**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന ബൈബിൾ കലോൽസവത്തിൽ മാനന്തവാടി രൂപത തിളക്കമാർന്ന വിജയം കരസ്ഥമാക്കി. ഈ വിജയത്തിനു പിന്നിൽ പ്രവർത്തിച്ച എല്ലാ മൽസരാർത്ഥികളേയും, പരിശീലനം നൽകിയവരെയും നന്ദിയോടെ ഓർത്തുകൊണ്ട് രൂപതാ കുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു. സാഹിത്യ മൽസരത്തിൽ ഒന്നാം സ്ഥാനവും, കലാമൽസരത്തിൽ മൂന്നാം സ്ഥാനവും കലാസാഹിത്യ ഓവറോൾ രണ്ടാം സ്ഥാനവും നേടി മാനന്തവാടിയുടെ ജൈത്ര യാത്ര തുടരുന്നു. ജൂനിയർ ആൺകുട്ടികൾ, ജൂനിയർ പെൺകുട്ടികൾ, സീനിയർ പെൺകുട്ടികൾ, സൂപ്പർ സീനിയർ ആൺകുട്ടികൾ, സൂപ്പർ സീനിയർ പെൺകുട്ടികൾ, എൽഡേഴ്സ് മെൻ, എൽഡേഴ്സ് വുമൺ എന്നീ വിഭാഗങ്ങളിൽ മാനന്തവാടിയുടെ മക്കൾ മികച്ച പ്രകടനം കാഴ്ചവച്ചു. പ്രതിഭകൾക്കും, മാതാപിതാക്കൾക്കും, പരിശീലിപ്പിച്ചവർക്കും, വളർച്ചയിൽ താങ്ങായ ഡയറക്റ്റേഴ്സ്, ജോ. ഡയറക്റ്റേഴ്സ്, എക്സിക്യൂട്ടീവ് അംഗങ്ങൾ, മതാദ്ധ്യാപകർ പ്രത്യേകിച്ച് രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും അഭിനന്ദനങ്ങൾ, ആശംസകൾ.

**സംസ്ഥാനതല അംഗീകാരം - മികച്ച മേഖല, മികച്ച ശാഖകൾ**

2024-2025 പ്രവർത്തന വർഷത്തെ ഗോൾഡൻ സ്റ്റാർ പുരസ്ക്കാരത്തിന് ചുങ്കക്കുന്ന് മേഖല തിരഞ്ഞെടുക്കപ്പെട്ടു. ശാഖതലത്തിൽ ഗോൾഡൻ സ്റ്റാർ പുരസ്ക്കാരത്തിന് ഒലിവുമല ശാഖയും, സിൽവർസ്റ്റാർ പുരസ്ക്കാരത്തിന് ബത്തേരി ശാഖയും, ചുങ്കക്കുന്ന് ശാഖയും യോഗ്യത നേടി. ഈ പുരസ്ക്കാരം കരസ്ഥമാക്കാൻ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങളും നന്ദിയും. പ്രേക്ഷിത ചൈതന്യത്താൽ ഇനിയും കത്തി ജ്വലിക്കട്ടെയെന്ന് ആശംസിക്കുന്നു.

**ഹൃദയലില്ലി**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന സമിതി സന്യസ്ഥർക്ക് വേണ്ടി നടത്തിയ കലാസാഹിത്യ മൽസരങ്ങളിൽ മാനന്തവാടി രൂപത ഒന്നാം സ്ഥാനം കരസ്ഥമാക്കി. പങ്കെടുത്ത എല്ലാ സിസ്റ്റേഴ്സിനെയും നന്ദിയോടെ ഓർക്കുന്നു.

**സംസ്ഥാന മൽസരഫലങ്ങൾ**

**തിരകഥ**

സി. സാന്ദ്ര ജോയി എഫ്.സി.സി. കരിമ്പിൽ, ഒന്നാം സ്ഥാനം,- സി. പ്രീത റോസ് എഫ്.സി.സി. കല്ലോടി, എ ഗ്രേഡ്

**കവിത**

സി. ജിൻസി ജോസ് എസ്.എച്ച് ചാരിറ്റി, മൂന്നാം സ്ഥാനം
സി. റാണി എഫ്.സി.സി. പറളിക്കുന്ന്, എ ഗ്രേഡ്

**ഉപന്യാസം**

സി. അലീന ജോസഫ് എഫ്.സി.സി. പുതുശ്ശേരി, എ ഗ്രേഡ്, സി. ആൻസി ജോൺ എസ്.എച്ച് ചുങ്കക്കുന്ന്, എ ഗ്രേഡ്

**സംഗീതം**

സി. ഷാരോൺ എസ്.എ.ബി.എസ് ദ്വാരക, രണ്ടാം സ്ഥാനം, - സി. സ്റ്റെഫീന വിൽസൺ എസ്.എച്ച് ദ്വാരക, എ ഗ്രേഡ്

**പ്രസംഗം**

സി. ലിസറ്റ് ആന്റോ എസ്,എ.ബി.എസ് ദ്വാരക, എ ഗ്രേഡ് - സി. ജോൺസിയ എസ്.സി.വി വിൻസെന്റ്ഗിരി എ ഗ്രേഡ്

**ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന കലാസാഹിത്യ മൽസരങ്ങളിൽ ഓരോ വിഭാഗത്തിലും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയവർ**

**ജൂനിയർ ബോയ്സ് & ഗേൾസ് - കഥ**

അമൽ ബാബു വേങ്ങമറ്റം - തെനേരി: 1-ാം സ്ഥാനം എ ഗ്രേഡ്

സിയ പൂവക്കുന്നേൽ - മീനങ്ങാടി: 3-ാം സ്ഥാനം എ ഗ്രേഡ്

**ജൂനിയർ ബോയ്സ് & ഗേൾസ് - കവിത**

അലൻ ചെമ്പുകത്തിൽ - പാലാങ്കര: 1-ാം സ്ഥാനം എ ഗ്രേഡ്

ക്രിസ്റ്റ മരിയ തുമ്പിയാംകുഴി - ചെറുകാട്ടൂർ: 3-ാം സ്ഥാനം എ ഗ്രേഡ്

**ജൂനിയർ ഗേൾസ് ഉപന്യാസം**

എയ്ഞ്ചൽ വെട്ടിയട്ടിൽ - പട്ടാണിക്കൂപ്പ്: 3-ാം സ്ഥാനം എ ഗ്രേഡ്

**സീനിയർ ബോയ്സ് & ഗേൾസ് - കഥ**

ഡെർവിൻ അനിൽ തേങ്ങാപ്പാറയിൽ - ചുണ്ടക്കര: 3-ാം സ്ഥാനം എ ഗ്രേഡ്, മരിയ സാന്ദ്ര വെള്ളിയാംകത്തിൽ - കല്ലോടി: 2-ാം സ്ഥാനം എ ഗ്രേഡ്

**സീനിയർ ബോയ്സ് & ഗേൾസ് - കവിത**

മരിയ സാന്ദ്ര വെള്ളിയാംകണ്ടത്തിൽ - കല്ലോടി: 1-ാം സ്ഥാനം എ ഗ്രേഡ്, ഷോൺ സന്തോഷ് പാറക്കുന്നേൽ - ചെറുകാട്ടൂർ: 2-ാം സ്ഥാനം എ ഗ്രേഡ്

**സൂപ്പർ സീനിയർ ബോയ്സ് & ഗേൾസ് - കഥ**

അഭിജിത്ത് കാഞ്ഞിരപ്പാറ - മുള്ളൻകൊല്ലി: 1-ാം സ്ഥാനം എ ഗ്രേഡ്, ആൻസി വയലിൽ - മാർട്ടിൻ നഗർ: 2-ാം സ്ഥാനം എ ഗ്രേഡ്

**സൂപ്പർ സീനിയർ ബോയ്സ് & ഗേൾസ് -കവിത**

ക്രിസ്റ്റോ വടക്കേക്കര - ഒറ്റപ്ലാവ്: 1-ാം സ്ഥാനം എ ഗ്രേഡ്

ഗ്രാലിയ ചെട്ടിയാംകുന്നേൽ - പാതിരിപ്പാടം: 1-ാം സ്ഥാനം എ ഗ്രേഡ്

**സൂപ്പർ സീനിയർ ബോയ്സ് ഉപന്യാസം**

ക്രിസ്റ്റിൻ ജോർജ് മുണ്ടുപറമ്പിൽ - മംഗളം: 2-ാം സ്ഥാനം എ ഗ്രേഡ്

അരുൺ ചേറാടിയിൽ - പാലാങ്കര: 3-ാം സ്ഥാനം എ ഗ്രേഡ്

**എൽഡേഴ്സ് വിഭാഗം സ്ത്രികൾ - കഥ**

ആശ ബിനീഷ് തുമ്പിയാംകുഴി - ചെറുകാട്ടൂർ: 2-ാം സ്ഥാനം എ ഗ്രേഡ്

**എൽഡേഴ്സ് വിഭാഗം പുരുഷൻമാർ & സ്ത്രീകൾ - കവിത**

അനീഷ് ജോസ് കുളത്തിങ്കൽ - ചെറുകാട്ടൂർ: 1-ാം സ്ഥാനം എ ഗ്രേഡ്, ലിറ്റി വിനീഷ് വന്നൂർ - കണിയാരം: 1-ാം സ്ഥാനം എ ഗ്രേഡ്

**എൽഡേഴ്സ് വിഭാഗം സ്ത്രീകൾ ഉപന്യാസം**
ഷീജ സെബാസ്റ്റ്യൻ കാഞ്ഞിരക്കാട്ട് - കണിയാരം: 3-ാം സ്ഥാനം എ ഗ്രേഡ്
**കലാമൽസര വിജയികൾ**
**സബ്ജൂനിയർ ആൺകുട്ടികൾ - ബൈബിൾ വായന**
എയ്ഡൻ ക്രിസ് കുളത്തിങ്കൽ - ചെറുകാട്ടൂർ: 1-ാം സ്ഥാനം എ ഗ്രേഡ്
**സബ്ജൂനിയർ പെൺകുട്ടികൾ - സംഗീതം**
അന്ന എലേന ബിജു കാരിന്തോളിൽ - കല്ലോടി: 2-ാം സ്ഥാനം എ ഗ്രേഡ്
**ജൂനിയർ ആൺകുട്ടികൾ - സംഗീതം**
മെബിൻ തച്ചുപറമ്പിൽ - അമ്പലവയൽ: 1-ാം സ്ഥാനം എ ഗ്രേഡ്
ജോഷ്യാ മൂഴിച്ചാലിൽ - പുൽപ്പള്ളി: 3-ാം സ്ഥാനം എ ഗ്രേഡ്
**സീനിയർ പെൺകുട്ടികൾ - പ്രസംഗം**
മരിയ ജോമോൻ വലിയപറമ്പിൽ - അടയ്ക്കാത്തോട്: 1-ാംസ്ഥാനം എ ഗ്രേഡ്, അലിയ മരിയ ബിനു പുത്തൻപുരയ്ക്കൽ - മീനങ്ങാടി: 2-ാംസ്ഥാനം എ ഗ്രേഡ്
**സൂപ്പർ സീനിയർ ആൺകുട്ടികൾ - സംഗീതം**
സാംസനോവ് കല്ലുപുരയ്ക്കൽ - പുതിയിടംകുന്ന്: 2-ാംസ്ഥാനം എ ഗ്രേഡ്
**സൂപ്പർ സീനിയർ പെൺകുട്ടികൾ - സംഗീതം**
ആഞ്ചലിൻ ഫ്രാൻസീസ് പഞ്ഞിക്കാലായിൽ - ശിശുമല: 1-ാം സ്ഥാനം എ ഗ്രേഡ്
**സൂപ്പർ സീനിയർ പെൺകുട്ടികൾ - പ്രസംഗം**
അക്ഷയ ഷാജു ആക്കാമറ്റത്തിൽ - കേണിച്ചിറ: 3-ാം സ്ഥാനം എ ഗ്രേഡ്
**സൂപ്പർ സീനിയർ പെൺകുട്ടികൾ - മിഷൻക്വിസ്**
അജ്ഞന ചെറുതറപ്പേൽ - കയ്യൂന്നി: 1-ാം സ്ഥാനം എ ഗ്രേഡ്
**എൽഡേഴ്സ് വിഭാഗം പുരുഷൻമാർ - മിഷൻക്വിസ്**
പയസ് അരുമായിൽ - ചോക്കാട്: 2-ാം സ്ഥാനം എ ഗ്രേഡ്
**എൽഡേഴ്സ് വിഭാഗം സ്ത്രികൾ - സംഗീതം**
സുമ സ്റ്റാലിൻ തെക്കേൽ -കയ്യൂന്നി: 2-ാം സ്ഥാനം എ ഗ്രേഡ്
**ഓർമ്മിക്കാൻ**

രൂപത അർദ്ധവാർഷിക മാനേജിംഗ് കമ്മറ്റി ഡിസംബർ 14 ഞായറാഴ്ച 2 മണി മുതൽ ദ്വാരകയിൽ വച്ച് നടക്കുന്നു. രൂപതാ

മാനേജിംഗ് കമ്മറ്റിക്ക് മുമ്പ് മേഖല മാനേജിംഗ് കമ്മറ്റികൾ പൂർത്തിയാക്കുക. മേഖല സന്ദർശനങ്ങൾ നടത്തുക. കരോൾഗാന മൽസരം : തിരുബാലസഖ്യം, മിഷൻലീഗ് അംഗങ്ങൾക്കായി ഡിസംബർ 20 –ന് നടത്തപ്പെടുന്നു. ഡിസംബർ 21 ഞായറാഴ്ച ബൈബിൾ ഞായർ ആയി ആചരിക്കുകയും ബൈബിൾ പ്രതിഷ്ഠ, ബൈബിൾ റാലി എന്നിവ നടത്തുകയും ചെയ്യുമല്ലോ.

**ചുങ്കക്കുന്ന് മേഖല**

മേഖലയുടെ നേതൃത്വത്തിൽ വിവിധ ശാഖകളിൽ മിഷൻ കിറ്റ് വിതരണം നടത്തി. മിഷൻമാസത്തിൽ കൊച്ചുത്രേസ്യായുടെ രൂപലങ്കാര മൽസരം നടത്തി സമ്മാനങ്ങൾ വിതരണം ചെയ്തു. അഖണ്ഡ ജപമാല, 10000 സുകൃതജപങ്ങൾ എന്നിവ ചൊല്ലി മിഷൻ ഗ്രാമങ്ങൾക്കായി കാഴ്ചവച്ചു. മേഖല ബൈബിൾ കലോൽസവത്തിൽ ചുങ്കക്കുന്ന്, കൊട്ടിയൂർ, അടയ്ക്കാത്തോട് എന്നീ ശാഖകൾ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി.

**ശാഖാ വാർത്തകൾ**

**ഇരുളം**

വി. കൊച്ചുത്രേസ്യായുടെ തിരുനാൾ ആഘോഷിച്ചു. എല്ലാ ദിവസവും പതാക വന്ദനം നടത്തി. ഓരോ ഞായറാഴ്ചയും ഓരോ വിശുദ്ധരെ പരിചയപ്പെടുത്തുന്നു. മിഷൻലീഗ് സംഘടനയെക്കുറിച്ച് കുട്ടികൾക്ക് ക്ലാസെടുത്തു. മിഷൻമാസാചരണത്തിന്റെ ഭാഗമായി 31 ദിവസവും പള്ളിയിൽ വന്ന കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി പ്രോൽസാഹിപ്പിച്ചു. ലോഗോസ്ക്വിസ് മൽസരത്തിൽ രൂപതയിൽ ഒന്നാം സ്ഥാനം നേടിയ കുട്ടിയെ ആദരിച്ചു.

**വാഴവറ്റ**

സെപ്റ്റംബർ 30 –ന് വൈകുന്നേരം മിഷൻലീഗ് അംഗങ്ങൾ ദേവാലയത്തിൽ ഒത്തുചേർന്ന് ദിവ്യബലിയർപ്പിച്ച്, പതാക ഉയർത്തി മിഷൻമാസം ഉദ്ഘാടനം നടത്തി. മിഷൻഫെസ്റ്റ്, എക്സിബിഷൻ, കൊളാഷ് മൽസരം, മിഷൻ റാലി, വചനകൂടാരം, മിഷൻ പതാക പ്രയാണം, 31 ദിവസവും സ്റ്റാറ്റസ് വീഡിയോ എന്നിവ സംഘടിപ്പിച്ചു.

**ഏലപ്പീടിക**

ഏലപ്പീടിക ശാഖ ബുള്ളറ്റിൻ റിപ്പോർട്ട് മിഷൻമാസം ഉദ്ഘാടനം ചെയ്തു. പാവപ്പെട്ട വീടുകളിൽ ഭക്ഷണക്കിറ്റ് നൽകി. മിഷൻ റാലി നടത്തി.

**തെനേരി**

കെബ്ബെപുര, മൊളയൂർ എന്നീ മിഷൻഗ്രാമങ്ങളിൽ സന്ദർശനം നടത്തി. ജനറൽ ആശുപത്രിയിൽ ഭക്ഷണം നൽകി. ഓസാനാം ഭവൻ സന്ദർശിച്ചു. മാനന്തവാടി മൈനർ സെമിനാരി, രൂപത മതബോധന കേന്ദ്രം, മീഡിയ കമ്മീഷൻ, വിയാനിഭവൻ, മിഷൻലീഗ് ഓഫീസ്, കെ.സി.വൈ.എം ഓഫീസ്, റേഡിയോ മാറ്റൊലി, കത്തിഡ്രൽ ചർച്ച് എന്നിവ സന്ദർശിച്ചു. ജവാൻ സ്മൃതി, ബസ് സ്റ്റാൻഡ്, ഓട്ടോ സ്റ്റാൻഡ് എന്നിവ വൃത്തിയാക്കി.

**മാർട്ടിൻ നഗർ**

മിഷൻ മാസാചരണത്തിൽ വി. കൊച്ചുത്രേസ്യായുടെ തിരുസ്വരൂപ പ്രയാണം, ബൈബിൾ പ്രതിഷ്ഠ എന്നിവ നടത്തുകയും സി.എം.എൽ. സ്ഥാപനദിനം ആചരിക്കുകയും ചെയ്തു. മിഷൻലീഗ് അംഗങ്ങളുടെ വീടുകളിൽ മാതാവിനൊരു ഗ്രോട്ടോ, മിഷൻകുടുക്ക, അടുക്കളത്തോട്ടം എന്നിവ നിർമ്മിച്ചു. എല്ലാ ബുധനാഴ്ചകളിലും ഓൺലൈൻ ജപമാല നടത്തുന്നു. തിരുവസ്ത്രങ്ങൾ, തിരുവസ്തുക്കൾ എന്നിവയുടെ പ്രദർശനം നടത്തി. കിടപ്പുരോഗികളോടും, മുതിർന്നവരോടുമൊപ്പം ഒരു ദിവസം ചിലവഴിച്ചു. പനമരം നവജ്യോതി അഗതിമന്ദിരം സന്ദർശിച്ചു. മാനന്തവാടി മെഡിക്കൽ കോളേജിലെ രോഗികൾക്ക് പൊതിച്ചോർ വിതരണം ചെയ്തു.

**ബോസ്പാറ**

മിഷൻലീഗ് സംഘടനയെ കൂടുതൽ അടുത്തറിയാനും, സ്നേഹിക്കുവാനും യുവതലമുറയെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ സംഘടനാ സെമിനാർ സംഘടിപ്പിച്ചു. കുട്ടികൾക്കായ് ഏകദിന ക്യാമ്പ് നടത്തി. ശാഖയിൽനിന്നും ദൈവവിളി സ്വീകരിച്ച എല്ലാ വൈദീകരുടെയും, സമർപ്പിതരുടെയും സമ്പൂർണ്ണ വിവരങ്ങൾ അടങ്ങിയ ആൽബം പുറത്തിറക്കി. അഗതിമന്ദിരം സന്ദർശിക്കുകയും ധനസഹായം നൽകുകയും ചെയ്തു. വിശുദ്ധരുടെ ദിവ്യകാരുണ്യ ഭക്തിയെക്കുറിച്ചുള്ള പഠനവാരങ്ങൾ സംഘടിപ്പിച്ചു.

**മൂലങ്കാവ്**

തപോവനം - മിഷൻലീഗ് അംഗങ്ങൾ തൊടുവട്ടിയിലുള്ള വൃദ്ധസദൻ സന്ദർശിക്കുകയും അവരോടൊത്ത് സമയം ചിലവഴിക്കുകയും കേക്ക്, മിഠായി എന്നിവയും ചാപ്പലിന്റെ മധ്യഭാഗത്ത് ഇടാൻ കാർപ്പറ്റ് നൽകുകയും ചെയ്തു.

**പുതിയിടംകുന്ന്**

ബൈബിൾ റാലി, ബൈബിൾ പ്രതിഷ്ഠ എന്നിവ നടത്തി. സമ്പൂർണ്ണ ബൈബിൾ പാരായണം 31 ദിവസം നടത്തി. വി. കൊച്ചുത്രേസ്യാ ക്വിസ്, പ്രച്ഛന്നവേഷ മൽസരം, രൂപാലങ്കാരം എന്നിവ ഗ്രൂപ്പ് തലത്തിൽ മൽസരം നടത്തി. വചനവൃക്ഷം ദേവാലയത്തിലും വീടുകളിലും നിർമ്മിച്ചു. മിഷൻഗ്രാമ സന്ദർശനം നടത്തി. വിയാനി ഭവൻ, എസ്.എച്ച്. സ്റ്റഡി ഹൗസ്, എമ്മാവൂസ് വില്ല, സമരിറ്റൻ ഭവൻ, പോരൂർ സ്നേഹാലയം എന്നിവ സന്ദർശിച്ചു. വിശുദ്ധ കൊച്ചുത്രേസ്യായുടെ ജീവചരിത്രം നൃത്തരൂപത്തിൽ അവതരിപ്പിച്ചു. മിഷൻമാസത്തിലെ മികച്ച മിഷനറിയെ തിരഞ്ഞെടുത്തു.

**പാടിച്ചിറ**

പതാക ഉയർത്തി മിഷൻമാസത്തിന് ആരംഭം കുറിച്ചു. കുരിശടികളിലേക്ക് പതാക പ്രയാണം നടത്തി. മിഷൻലീഗ് അംഗങ്ങൾക്ക് അർദ്ധദിന സെമിനാർ നടത്തി. അഖണ്ഡ ജപമാല നടത്തി. രോഗിസന്ദർശനം, ബൈബിൾ ദിനാചരണം, ബൈബിൾ പ്രതിഷ്ഠ എന്നിവ നടത്തി. വൃദ്ധ മാതാപിതാക്കളെ കുട്ടികൾ ഭവനങ്ങളിൽ ചെന്ന് ആദരിച്ചു. മിഷൻഗ്രാമസന്ദർശനം നടത്തുകയും ആവശ്യമായ വസ്ത്രങ്ങൾ ശേഖരിച്ച് നൽകുകയും ചെയ്തു.

**മുതിരേരി**

മിഷൻമാസ ഉദ്ഘാടനം ഡയറക്ടർ ഫാ. സ്റ്റീഫൻ കോട്ടയ്ക്കൽ പതാക ഉയർത്തി നിർവ്വഹിച്ചു. പള്ളി, സിമിത്തേരി, വെയ്റ്റിംഗ് ഷെഡ് എന്നിവ മിഷൻമാസത്തിൽ ശുചീകരിച്ചു. വി. കുർബാനയിലെ സജീവ പങ്കാളിത്തത്തെക്കുറിച്ച് സി. മെറിൻ ക്ലാസെടുത്തു. ആശുപത്രി സന്ദർശിക്കുകയും ഭക്ഷണപൊതി നൽകുകയും ചെയ്തു. ക്യാൻസർ രോഗിക്ക് 2500 രൂപ ധനസഹായം നൽകി. 10 വർഷത്തിൽ കൂടുതൽ ആയ മതാദ്ധ്യാപകരെ മെമന്റോ നൽകി ആദരിച്ചു. മിഷൻവാരാചരണ ബാനർ നിർമ്മിച്ച് പള്ളിമുറ്റത്ത് പ്രദർശിപ്പിച്ചു.

ഉണ്ണിശോയുടെ തിരുപ്പിറവി ആഘോഷിക്കുന്ന ഡിസംബർ മാസത്തിലേക്ക് നാമെത്തിയിരിക്കുന്നു. ഈ മാസം മുഴുവനും നമുക്ക് ഈശോയ്ക്കായി ഒരുങ്ങാം പ്രാർത്ഥനയോടെ, കരുതലോടെ ഉണ്ണിയേശുവിന്റെ വരവിനായ് കാത്തിരിക്കാം.

**ജോൺ പുല്ലാപ്പിള്ളിൽ**
സെക്രട്ടറി

# തിരുബാലസഖ്യം

ഇശോയിൽ സ്നേഹം നിറഞ്ഞവരേ, സകല വിശുദ്ധരെയും സകല മരിച്ചവരെയും ഓർക്കുന്ന ഈ നവംബർ മാസത്തിൽ വിശുദ്ധരുടെ ജീവിതമാതൃക പിൻതുടർന്ന് സ്വർഗ്ഗത്തിൻ എത്തുവാനും, ശുദ്ധികരണസ്ഥലത്തുള്ള മരിച്ചവരുടെ ആത്മാക്കൾക്ക് വേണ്ടി പ്രാർത്ഥിക്കാനും വേണ്ടിയാണ് ഈ രണ്ടു ദിനങ്ങളും പ്രാധാന്യം അർഹിക്കുന്നത്. ഈ നവംബർ മാസത്തിൽ കുഞ്ഞുങ്ങൾ ഒന്ന് ചേർന്ന് സിമിത്തേരി സന്ദർശനം നടത്തുകയും പ്രാർത്ഥിക്കുകയും ചെയ്തു. സകല വിശുദ്ധരെയും അനുസ്മരിക്കുന്നതിനായി ശാഖാതലത്തിൽ മനോഹരമായ സ്റ്റാറ്റസ് വീഡിയോ ഓരോ ദിവസവും തയ്യാറാക്കി അവതരിപ്പിച്ചു. കുട്ടികളുടെ ആത്മീയ വളർച്ചയ്ക്ക് സഹായിക്കുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

**ഡിസംബർ മാസത്തിലെ പ്രവർത്തനങ്ങൾ**

| | |
|---|---|
| വിശുദ്ധൻ | :വി. ഫ്രാൻസീസ് സേവ്യർ |
| തിരുനാൾ | :ക്രിസ്തുവിന്റെ ജനനതിരുനാൾ (ക്രിസ്തുമസ്) |
| നിയോഗം | :എല്ലാ കുഞ്ഞിപൈതങ്ങൾക്കും വേണ്ടി. |
| സുകൃതജപം | :ഉണ്ണിശോയെ എന്റെ ഹൃദയത്തിൽ വന്നു പിറക്കണമേ. |
| വചനം | :കർത്താവ് അരുൾചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി. (ലൂക്കാ 1: 45) |
| പ്രവർത്തനം | : ശാഖാതലത്തിൽ ക്രിസ്തുമസ് കാർഡ് നിർമ്മിച്ച് പ്രദർശനം നടത്തുക |
| | : ഉണ്ണിക്കൊരു സമ്മാനം- ക്ലാസുകളിൽ ക്രമീകരിച്ചിരിക്കുന്ന കുടുക്കയിലെ പണം ഉപയോഗിച്ച് അർഹതപ്പെട്ടവരെ സഹായിക്കുക |
| | : ഭവനങ്ങളിൽ പുൽക്കൂട് നിർമ്മിക്കുക |
| | : കരോൾഗാന മൽസരം-ഡിസംബർ 20ന് ഒരു ശാഖയിൽ നിന്ന് ഒരു ടീമിന് പങ്കെടുക്കാം. |

**ജോണി കൊന്നയിൽ**
സെക്രട്ടറി

# Department of Youth Ministry

**ലൈഫ് ട്രെയിനിംഗ്**

2025 സെപ്റ്റംബർ 30 വൈകുന്നേരം 6 മണി മുതൽ ഒക്ടോബർ 2 വൈകുന്നേരം നാലുമണിവരെ 2025 ലൈഫ് ബാച്ചിലെ കുട്ടികൾക്കായി ദ്വാരക യൂത്ത് മിനിസ്ട്രി ഓഫീസിൽ വച്ച് ക്യാമ്പ് നടത്തപ്പെട്ടു. ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, സി. ആൻസി തോമസ് സി. എം. സി, സി. ഷിജി മരിയ സി. എം. സി. എന്നിവർ നേതൃത്വം നൽകി. 21 കുട്ടികൾ പങ്കെടുത്ത ക്യാമ്പിൽ ശ്രീമതി മേരി കണിയാരം ക്ലാസ്സ് നൽകി.

നവംബർ എട്ടാം തിയതി ശനിയാഴ്ച രാവിലെ 9:30 മുതൽ വൈകുന്നേരം നാലുമണിവരെ 2023, 24, 25 ബാച്ചിലെ 27 കുട്ടികൾക്കായി ക്യാമ്പ് നടത്തപ്പെട്ടു. ഡയറക്ടർ ഫാ. ലാൽ പൈനുങ്കൽ, സി. ഷിജി മരിയ സി.എം.സി. എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

നവംബർ 15 ശനിയാഴ്ച രാവിലെ 9:30 മുതൽ വൈകുന്നേരം നാലു മണിവരെ 2025 ബാച്ചിലെ കുട്ടികൾക്കായി ക്യാമ്പ് നടത്തപ്പെട്ടു. സി. ഷിജി മരിയ സി. എം. സി. നേതൃത്വം നൽകി, സി. അനിത സി. എം. സി.കുട്ടികൾക്ക് ക്ലാസ്സ് നൽകി. 13 കുട്ടികളാണ് ക്യാമ്പിൽ പങ്കെടുത്തത്.

**നന്ദിയോടെ**

യൂത്ത് മിനിസ്ട്രിയുടെ പ്രാരംഭഘട്ടത്തിൽ സി. എം. സി. സിസ്റ്റേഴ്സിന്റെ സഹകരണമാണ് യൂത്ത് മിനിസ്ട്രി നന്നായി തുടങ്ങാൻ സഹായിച്ചത്. മാനന്തവാടി രൂപത യുവജന ശുശ്രൂഷാ പ്രവർത്തനത്തിൽ അകമഴിഞ്ഞ സഹകരണമാണ് മദർ പ്രൊവിൻഷ്യൽ ബഹു. ജീസാമ്മ നൽകിയത്. പ്രതിഫലമില്ലാതെ രൂപതാ ശുശ്രൂഷകൾക്ക് സിസ്റ്റേഴ്സിനെ നൽകുന്നതിലൂടെ സന്യാസ സമൂഹത്തിന്റെ ഒരു പുതിയ ശൈലിക്ക് മദർ ജീസ ആരംഭം കുറിച്ചു. പ്രാർത്ഥനയിലൂടെയും സിസ്റ്റേഴ്സിന്റെ സേവനം ലഭ്യമാക്കിയതി

ലൂടെയും യൂത്ത് മിനിസ്ട്രിക്ക് അമ്മ നൽകിയ എല്ലാ സഹകരണ ങ്ങൾക്കും ആത്മാർത്ഥമായ നന്ദി. ജീസാമ്മയ്ക്ക് ശേഷം പ്രൊവിൻ ഷ്യൽ ആയി വന്ന ജാസ്മിൻ അമ്മയും രൂപതയുടെ യുവജന ശുശ്രൂഷയ്ക്ക് സി.എം.സി. സന്യാസിനി സമൂഹത്തിന്റെ സേവനം ലഭ്യമാക്കുന്നതിൽ ശ്രദ്ധാലുവായിരുന്നു. രണ്ട് പ്രൊവിൻഷ്യൽ അമ്മമാരുടെയും കാലഘട്ടങ്ങളിൽ സഭയുടെ പൊതുവായ ശുശ്രൂഷ കൾക്ക് സന്യാസിനി സമൂഹത്തിന്റെ സേവനം അനിവാര്യമാണെന്നും കർത്തവ്യമാണെന്നും ബോധ്യമുണ്ടായിരുന്നതുകൊണ്ടാണ് യുവജന ശുശ്രൂഷ മനോഹരമായി നാളിതുവരെ നടന്നത്. രണ്ട് പ്രൊവിൻ ഷ്യളമ്മമാർക്കും അവരുടെ ടീമംഗങ്ങൾക്കും യൂത്ത് മിനിസ്ട്രിയുടെ ഹൃദ്യമായ നന്ദി.

യൂത്ത് മിനിസ്ട്രി ആരംഭിച്ച 2014 വർഷം മുതൽ ടീം മെമ്പറായും 2015 മുതൽ 2025 വരെ ലൈഫ് ട്രെയിനിംഗ് കോർഡിനേറ്ററായും 2019 മുതൽ 2025 വരെ യൂത്ത് മിനിസ്ട്രിയുടെ ഓഫീസ് സെക്രട്ടറി യായും സി. ആൻസി തോമസ് സി.എം.സി. സേവനം നിർവഹി ച്ചിട്ടുണ്ട്.

കഴിഞ്ഞ 11 വർഷക്കാലം Youth Ministry, Life Training, The Dance, Your Neighbour Association, Youth Traveller, Pilgrimages, J Band, Spiritual Animation, Jesus Professionals Community, Career Guidance Program, Chris Youth, Youth & Christeen Retreat, Life Academy തുടങ്ങിയ സംരംഭങ്ങൾക്ക് തന്റെ അധ്വാനത്തിലൂടെയും ആത്മസമർപ്പണത്തിലൂടെയും പ്രാർത്ഥനയിലൂടെയും രൂപം നൽകി. യുവജന ശുശ്രൂഷയിൽ സി. ആൻസിയുടെ പ്രധാന ഉത്തരവാദിത്വ മായിരുന്നു Life Training. ലൈഫ് ട്രെയിനിംഗ് വിദ്യാർത്ഥികൾക്ക് അമ്മയായും അധ്യാപികയായും പരിശീലകയായും മെന്ററായും ബഹുമുഖ കർമ്മസാരഥിയായും വർത്തിച്ചിട്ടുണ്ട്. കുഞ്ഞുങ്ങളെ തുണിയലക്കാൻ പരിശീലിപ്പിക്കുന്നതു മുതൽ എഴുതാനും വായി ക്കാനും പ്രസംഗിക്കാനും പഠിക്കാനും പ്രാർത്ഥിക്കാനും ഈശോയെ സ്നേഹിക്കാനും അധ്വാനിക്കാനും കുഞ്ഞുങ്ങൾക്ക് പരിശീലനം നൽകിയത് സ്വന്തം ജീവൻ നല്കിക്കൊണ്ടാണ്. ലൈഫ് ട്രെയിനിംഗ് ക്യാമ്പുകൾ സ്കൂളുകളിലും മറ്റു പരിമിതമായ സ്ഥലങ്ങളിലും നട ത്തിയപ്പോൾ അവിടെ അടുക്കളയിൽ പാചകക്കാരിയായും രോഗിക

ളായ കുഞ്ഞുങ്ങളുടെയരികിൽ ഉറക്കമിളച്ചിരുന്നും താമസസൗക ര്യം പരിമിതമായ സ്ഥലങ്ങളിൽ അത് സജ്ജീകരിക്കാൻ കഠിനാ ധ്വാനം ചെയ്തും കുട്ടികളുടെ പരിശീലനത്തിനായി ഉറക്കം ഉപേക്ഷിച്ചും രോഗത്തിന്റെ ക്ലേശതകളെ അവഗണിച്ചും സ്വാത ന്ത്ര്യത്തിന്റെ സന്തോഷങ്ങളെ വേണ്ടെന്നുവച്ചും കുട്ടികൾക്കായി ജീവിതം സമർപ്പിച്ച സന്യാസിനിയാണ് ആൻസിയമ്മ എന്നതിൽ സന്തോഷമുണ്ട്.

യുവജന ശുശ്രൂഷയെ അതിന്റെ പല രൂപത്തിലും ഭാവ ത്തിലും ആത്മാർത്ഥമായിട്ട് സ്നേഹിക്കുകയും അത് നടപ്പിലാ ക്കുന്നതിനുവേണ്ടി വില കൊടുക്കുകയും ചെയ്ത ഒരു സന്യാസിനി എന്ന നിലയിൽ തന്റെ കഴിവുകളും സന്യാസവും ദൈവമഹത്വ ത്തിനായി പരിപൂർണ്ണമായി സമർപ്പിച്ച വ്യക്തിയാണ് സി. ആൻസി. പാട്ട്, ഡാൻസ്, അഭിനയം, ക്ലാസ്സ്, പ്രസംഗം, പരിശീലനം, മധ്യസ്ഥ പ്രാർത്ഥന എന്നീ മാർഗങ്ങളിലൂടെ യുവജന ശുശ്രൂഷയെ ക്രിസ്തു വിനായി സ്നേഹിക്കുകയും വളർത്തുകയും ചെയ്ത സി. ആൻസി യ്ക്ക് മാനന്തവാടി രൂപത യൂത്ത് മിനിസ്ട്രിയുടെ സ്നേഹാദരം നേരുന്നു. യുവജനശുശ്രൂഷ ഒരു ടീം ശുശ്രൂഷയാണ്. ഈ ശുശ്രൂഷ യിൽ വൈദികർ, സിസ്റ്റേഴ്സ്, മാതാപിതാക്കൾ, കുട്ടികൾ, യുവ ജനങ്ങൾ എന്നിവർ ടീം മെമ്പേഴ്സ് ആണ്. യുവജന ശുശ്രൂഷയിൽ സി. ആൻസിയോടൊപ്പം ആയിരുന്ന എല്ലാ സിസ്റ്റേഴ്സിന്റെയും യുവജനങ്ങളുടെയും പ്രത്യേകിച്ച് യൂത്ത് മിനിസ്ട്രി വോളണ്ടി യേഴ്സ്, മാതാപിതാക്കന്മാർ, വൈദികർ എല്ലാവരുടെയും പേരുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**
ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം

**റോസറി നൈറ്റ്**

കെ.സി.വൈ.എം മാനന്തവാടി രൂപതാ ജപമാല മാസാചരണത്തിന്റെ ഭാഗമായി റോസറി നൈറ്റ് സംഘടിപ്പിച്ചു. കല്ലോടി മേഖലയുടെ ആതിഥേയത്വത്തിൽ കല്ലോടി സെന്റ് ജോർജ് ഫൊറോന ദേവാലയത്തിൽ വച്ച് നടത്തപ്പെട്ട റോസറി നൈറ്റിൽ നിരവധി പേർ പങ്കെടുത്തു. രൂപതാ സെക്രട്ടറിയേറ്റ് അംഗങ്ങൾ, രൂപതാ സിൻഡിക്കേറ്റ്, മേഖലാ ഭാരവാഹികൾ, കല്ലോടി ഫോറോന വികാരി ഫാ. സജി കോട്ടായിൽ, യൂണിറ്റ് അംഗങ്ങൾ, യൂണിറ്റ് ആനിമേറ്റേഴ്സ്, ഇടവക ജനങ്ങൾ, കാർലോസ് വൈബ് ടീം അംഗങ്ങൾ എന്നിവർ പ്രാർത്ഥനക്ക് നേതൃത്വം നൽകി.

**ഊർജ്ജ 2025 ഗെയിംസ്**

കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ ഊർജ്ജ 2025 കായിക മത്സരങ്ങൾ മേരിമാതാ ആർട്സ് & സയൻസ് കോളേജിൽ വച്ച് നടത്തപ്പെട്ടു. രൂപതാ സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ്, സംസ്ഥാന സെനറ്റ് അംഗങ്ങൾ ഊർജ്ജ 2025 ഗെയിംസിന് നേതൃത്വം നൽകി. ആറ് മത്സരങ്ങളിലായി 35 ടീമുകൾ പങ്കെടുത്തു. ഗെയിംസിൽ പയ്യമ്പള്ളി മേഖല ചാമ്പ്യൻമാരായി, ദ്വാരക, മാനന്തവാടി മേഖലകൾ ഫസ്റ്റ് റണ്ണേഴ്സ് അപ്പ്, നിലഗീരി സെക്കന്റ് റണ്ണേഴ്സ് അപ്പ് കരസ്ഥമാക്കി. വിജയികൾക്ക് അഭിനന്ദനങ്ങൾ.

**അഭിനന്ദനങ്ങൾ**

ഓൾ ഇന്ത്യ ഇന്റർ സായ് തുഴച്ചിൽ കോമ്പറ്റീഷനിൽ 4, 8 അംഗ വിഭാഗങ്ങളിൽ സ്വർണ്ണ മെഡൽ കരസ്ഥമാക്കിയ കുമാരി അഞ്ജലി മേരി ജോർജിന് അഭിനന്ദങ്ങൾ.

**ജന്മദിനാശംസകൾ**

മാനന്തവാടി രൂപതാ വികാരി ജനറൽ ഫാ. പോൾ മുണ്ടോളിക്കൽ, സംസ്ഥാന സെനറ്റ് അംഗം അമൽഡ റ്റി. റെജി, രൂപതാ സിൻഡിക്കറ്റ് അംഗവും കൽപ്പറ്റ മേഖലാ ഡയറക്ടറുമായ ഫാ. വിനോയ് കളപുരക്കൽ എന്നിവർക്ക് ജന്മദിനാശംസകൾ നേർന്നു.

**യൂണിറ്റ് വാർത്തകൾ**

**പാതിരിപ്പാടം**

കെ.സി.വൈ.എം, സി.എം.എൽ. സംയുക്തമായി നല്ലംതണ്ണി മുതൽ പാതിരിപ്പാടം വരെ ശുചിത്വ സന്ദേശയാത്ര നടത്തി. കടകൾ തോറും ശുചിത്വ സന്ദേശ നിർദ്ദേശങ്ങൾ അടങ്ങുന്ന നോട്ടീസ്

വിതരണം ചെയ്തു. നല്ലംതണ്ണി മുതൽ പാതിരിപ്പാടം വരെ റോഡുകളിൽ കുമിഞ്ഞു കൂടിയ മുഴുവൻ മാലിന്യങ്ങളും ശേഖരിച്ചു. 2025 വർഷത്തെ രൂപതാ, മേഖലാ കലാ കായിക സാഹിത്യ മത്സരത്തിൽ നേട്ടങ്ങൾ കൈവരിച്ചവർക്ക് സർട്ടിഫിക്കറ്റ്, മെഡൽ എന്നിവ നൽകി ആദരിച്ചു. രൂപതാ മത്സരത്തിൽ ആൽബിൻ മേക്കാട്ട് ലളിത ഗാനത്തിൽ 1st A- ഗ്രേഡ് നേടിയതിൽ പ്രത്യേക അഭിനന്ദനങ്ങൾ നേർന്നു.

**കയ്യൂന്നി**

ജപമാല മാസാചരണത്തിന്റെ ഭാഗമായി എല്ലാ ദിവസവും ഗ്രോട്ടോയിൽ ജപമാല നടത്തി. യൂത്തിനുവേണ്ടിയുള്ള 'യുവാഗ്നി' മേഖലാ ക്യാമ്പിൽ യൂണിറ്റിൽ നിന്നും പങ്കെടുത്തു. മിഷൻ മാസത്തിന്റെ ഭാഗമായി കിടപ്പുരോഗികളെ സന്ദർശിച്ച് അവരെ സഹായിച്ചു. മിഷൻ ചൈതന്യം കുട്ടികളിൽ വർദ്ധിപ്പിക്കാൻ വചന സ്തൂപം സംഘടിപ്പിച്ചു. കപ്പേളയിലെ വി.യുദാതദേവൂസിന്റെ തിരുനാളിന് യുവജനങ്ങൾ നേതൃത്വം നൽകി. കൊന്ത സമാപനത്തിൽ യുവജനങ്ങൾ എല്ലാവരും പങ്കെടുത്തു.

**കൊട്ടിയൂർ**

ഇടവകാ വികാരി സജി പുഞ്ചയിൽ അച്ചന് ജന്മദിനത്തിന്റെ ആശംസകൾ നേർന്നു. പള്ളിയും പരിസരവും, കാർലോ ക്ലബും, 42-ാം വളവും, സമീപ പ്രദേശങ്ങളും വൃത്തിയാക്കി. കൊന്ത മാസാചരണത്തിന്റെ ഭാഗമായി കുരിശടിയിലും, വീടുകളിലും, പള്ളികളിലും നടന്ന ജപമാല പ്രാർത്ഥനകൾക്കു യുവജനങ്ങൾ നേതൃത്വം നൽകി.

**തേനേരി**

കെ.സി.വൈ.എം. രൂപതാതല മത്സരത്തിൽ പങ്കെടുത്തു. വിജയികളായവരെ ആദരിച്ചു. ഇടവകയിൽ രോഗികളായി കഴിയുന്നവരെ സന്ദർശിച്ച് പ്രാർത്ഥിച്ചു. ലഹരിക്കെതിരെ ബൈക്ക് റാലി സംഘടിപ്പിച്ചു. മിഷൻ പിരിവിന് സഹായിച്ചു. കെ.സി.വൈ.എം. അംഗങ്ങളുടെ നേതൃത്വത്തിൽ കൽപ്പറ്റ ഗവൺമെന്റ് ആശുപത്രിയിൽ ഭക്ഷണം നൽകുകയും കിച്ചൺ വൃത്തിയാക്കുകയും ചെയ്തു. ഡയറക്ടർ അച്ചനോടൊപ്പം ഗാർഡൻ വൃത്തിയാക്കാനും അവിടെ ചെടികൾ നടുവാനും സഹായിച്ചു. കല്ലോടിയിൽ വച്ച് നടന്ന റോസറിനെറ്റിൽ യുവജനങ്ങൾ പങ്കെടുത്തു. വയനാട് ജില്ലാ സ്കൂൾ കായിക മേളയിൽ ഇടവകയിൽ നിന്നും പങ്കെടുത്ത് സമ്മാനം നേടിയ കുട്ടിൾക്ക് അഭിനന്ദനങ്ങൾ അറിയിച്ചു. കാക്കവയൽ ഓട്ടോ സ്റ്റാൻഡ്, ബസ്റ്റാൻഡ്, ജവാൻ സ്മൃതി മണ്ഡപം എന്നിവിടങ്ങൾ വൃത്തിയാക്കി.

**വിമൽ കൊച്ചുപുരക്കൽ**
ജനറൽ സെക്രട്ടറി

## കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി

**ലഹരിവിരുദ്ധ മാസാചരണം**

കെ. സി. ബി. സി. മദ്യവിരുദ്ധ സമിതിയുടെയും മതബോധന കേന്ദ്രത്തിന്റെയും നേതൃത്വത്തിൽ ജ്വാലാ ലഹരി വിരുദ്ധ ക്ലബ്ബ് സംഘടിപ്പിക്കുന്ന ലഹരിവിരുദ്ധ മാസാരണം ഇടവകകളിൽ വിവിധ പരിപാടികളോടെ വിപുലമായി നടക്കുന്നു എന്നറിയുന്നതിൽ രൂപത സമിതിയുടെ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു. വ്യക്തിഗത മത്സര ഇനങ്ങളുടെ സൃഷ്ടികളും ഇടവകയിൽ നിന്നുള്ള പ്രവർത്തന റിപ്പോർട്ടും ഡിസംബർ 20-ന് മുൻപ് ഫൊറോന കേന്ദ്രങ്ങളിലോ രൂപത മതബോധന ഓഫീസിലോ ഏൽപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**ജ്വാലാ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ വിവിധ ഇടവകകളിലൂടെ**

**ചുങ്കക്കുന്ന്: ലഹരി വിരുദ്ധ മാസം ഉദ്ഘാടനം ചെയ്തു**

ലഹരിവിരുദ്ധ സന്ദേശയാത്ര നടത്തി. മാതൃവേദിയുടെ നേതൃത്വത്തിൽ ലഹരിക്കെതിരെ പ്രചരണ സന്ദേശ റാലി, ലഹരിക്കെതിരെ പ്രാർത്ഥന കൂട്ടായ്മ.

**കൊട്ടിയൂർ ഇടവക: ലഹരിവിരുദ്ധ മാസം ഉദ്ഘാടനം ചെയ്തു**

മദ്യ ലഹരിക്കെതിരെയുള്ള തിരുവചന സന്ദേശം സോഷ്യൽ മീഡിയയിൽ കൂടി പ്രചരിപ്പിക്കുന്നു. മികച്ച സന്ദേശ പ്രചാരകർക്ക് സമ്മാനം നല്കി. ലഹരിക്കെതിരെ കൈ ഒപ്പ് ക്യാമ്പയിൻ, എക്സൈസ് ഓഫീസറെകൊണ്ട് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു

**മൂലേപ്പാടം**

ലഹരി വിരുദ്ധ മാസം ഉദ്ഘാടനം ചെയ്തു. മദ്യ ലഹരിക്കെതിരെ ബോധവത്കരണം നടത്തുകയും, ലഹരി വിരുദ്ധ പ്രതിജ്ഞയെടുക്കുകയും ചെയ്തു.

**അമ്പായത്തോട്**

ലഹരി വിരുദ്ധ മാസാചരണം ഉദ്ഘാടനം ചെയ്തു. ലഹരി വിരുദ്ധ ലഘുലേഖ വിതരണം ചെയ്തു, പോസ്റ്ററുകൾ തയ്യാറാക്കി പ്രദർശിപ്പിച്ചു.

**നിലമ്പൂർ**

ലഹരിവിരുദ്ധമാസാചരണം ഉദ്ഘാടനം ചെയ്തു. ലഹരിക്കെതിരെ എന്റെ കൈ ഒപ്പ് ക്യാമ്പയിൻ പൊതുജനങ്ങളെ പങ്കെടുപ്പിച്ച് നടത്തി. ലഹരിവിരുദ്ധ പ്രതിജ്ഞ ഫൊറോനാ വികാരി ഫാ. സെബാസ്റ്റ്യൻ പുത്തേൻ ചെല്ലിക്കൊടുത്തു.

**നെടുമ്പാല ഇടവക ലഹരിവിരുദ്ധ മാസാചരണം ഉദ്ഘാടനം ചെയ്തു**

ലഹരിക്കെതിരെ തിരുവചന സന്ദേശ പ്രചരണം നടത്തി. മികച്ച അവതരണത്തിന് സമ്മാനങ്ങൾ കൊടുക്കുന്നു. ലഹരിക്കെതിരെ പോസ്റ്ററുകൾ പ്രചരിപ്പിക്കുന്നു, മത്സരങ്ങൾ നടത്തുന്നു. കുടുംബ കൂട്ടായ്മ സമ്മേളനത്തിൽ ഇടവക വികാരിയുടെ നേതൃത്വത്തിൽ ലഹരിക്ക് എതിരെ ബോധവൽക്കരണ ക്ലാസുകളും ചർച്ചകളും സംഘടിപ്പിച്ചു. ലഹരിക്കെതിരെ എല്ലാ ദിവസവും ആരാധന നടത്തി.

**ആറാട്ടുതറ ഇടവക ലഹരിവിരുദ്ധ മാസം ഉദ്ഘാടനം ചെയ്തു**

ലഹരിക്കെതിരെ ബോധവത്ക്കരണ സെമിനാർ, കുട്ടികൾക്കും, ഇടവകജനങ്ങൾക്കും വേണ്ടി സംഘടിപ്പിച്ചു. ശ്രീ. ജോസ് പള്ളത്ത് ക്ലാസ് എടുത്തു. വികാരി ഫാ. ഫ്രാൻസിസ് നെല്ലിക്കുന്നേൽ ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലി കൊടുത്തു.

**കോട്ടത്തറ ഇടവക**

ലഹരിവിരുദ്ധ ഫ്ളാഷ് മോബ് നടത്തി ബോധത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. രൂപതാ സമിതി രൂപതാ ഓഫീസിൽ എക്സിക്യൂട്ടീവ് യോഗം ചേർന്ന് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.

**രാജു വലിയാറയിൽ**
രൂപതാ പ്രസിഡന്റ്

# കുടുംബ പ്രേഷിതത്വം

## വിവാഹ ഒരുക്ക കോഴ്സ്

നവംബർ മാസം 14 മുതൽ 16 വരെ നടന്ന വിവാഹ ഒരുക്ക കോഴ്സിൽ 114 പേർ പങ്കെടുത്തു. ഡിസംബർ മാസത്തിൽ വിവാഹ ഒരുക്ക കോഴ്സ് 19, 20, 21 തിയതികളിലും, 2026 ജനുവരി മാസത്തിൽ 9, 10, 11 തിയതികളിലും നടത്തപ്പെടുന്നു.

## രൂപതാ വാർത്തകൾ

### മാതൃവേദി

ഒക്ടോബർ 14,15 തീയതികളിൽ ഇരിങ്ങാലക്കുട രൂപതയിലെ കല്ലേറ്റുംകര, PACS ൽ വച്ചു നടന്ന സീറോമലബാർ ഗ്ലോബൽ മാതൃവേദി ജനറൽ ബോഡി മീറ്റിംഗിൽ രൂപത ഡയറക്ടർ റവ. ഫാ. ബിനു വടക്കേൽ, ആനിമേറ്റർ സി. ഷോളി ജോസഫ് എസ്. കെ. ഡി, എന്നിവർക്കൊപ്പം രൂപതാ ഭാരവാഹികൾ പങ്കെടുത്തു. ക്ലാസുകൾ, ചർച്ച, രൂപതകളുടെ പ്രവർത്തന റിപ്പോർട്ട് അവതരണം, കലാപരിപാടികൾ, ജപമാല പ്രദക്ഷിണം, വിശുദ്ധ കുർബാന എന്നിവ രണ്ടു ദിവസത്തെ പ്രോഗ്രാമിന്റെ ഭാഗമായിരുന്നു. ഒക്ടോബർ 20-ന് മാനന്തവാടി ടൗൺ ചർച്ച് ഓഡിറ്റോറിയത്തിൽവച്ചു രാവിലെ 11 മണി മുതൽ 11.45 വരെ രൂപതാതല വചനമെഴുത്ത് മത്സരം ('വെർബും ദോമിനി') നടത്തി. 13 മേഖലകളിൽ നിന്നായി 26 പേർ മത്സരത്തിൽ പങ്കെടുത്തു. പങ്കെടുത്ത എല്ലാവരെയും ഡയറക്ടർ റവ. ഫാ. ബിനു വടക്കേൽ ട്രോഫി നൽകി അഭിനന്ദിച്ചു. രൂപതാ ടീം മത്സരത്തിന് നേതൃത്വം നൽകി. ജപമാല മാസാചരണത്തിന്റെ ഭാഗമായി 'മക്കൾ യഥാസമയം ഏറ്റവും അനുയോജ്യമായ ജീവിതാന്തസ്സ് തെരഞ്ഞെടുക്കുന്നതിനുള്ള കൃപയ്ക്കായി' ഓരോ മാതൃവേദി അംഗവും അവരുടെ വയസിനോളം എണ്ണം ജപമാല ചൊല്ലി കാഴ്ചവച്ചു. അഗതിമന്ദിരങ്ങളിലും ആതുരാലയങ്ങളിലും കഴിയുന്നവർക്ക് വേണ്ടി കൽപ്പറ്റ മേഖലയിലെ യൂണിറ്റുകൾ ചേർന്ന് ചെയിൻ റോസറിയും, വിവാഹ തടസ്സം നേരിടുന്ന യുവതി യുവാക്കൾക്ക് വേണ്ടി യൂണിറ്റുകളിൽ ഒരു മണിക്കൂർ ദിവ്യകാരുണ്യ ആരാധ

നയും നടത്തി. ഒക്ടോബർ 21-ന് എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്നു. പ്രസിഡന്റ് ശ്രീമതി മേഴ്സി അമരികാട്ട് അധ്യക്ഷത വഹിച്ചു. രൂപതാ വാർഷികം, മേഖലാ വിസിറ്റ് വിലയിരുത്തൽ, കൺവെൻഷൻ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തു. ചർച്ച ക്രോഡീകരിച്ചു കൊണ്ട് ബഹുമാനപ്പെട്ട ഡയറക്ടർ ബിനു വടക്കേൽ അച്ചൻ സംസാരിച്ചു. ശ്രീമതി മേരി പാലമറ്റം സ്വാഗതവും ശ്രീമതി ബ്രില്ലി അന്ന നന്ദിയും അർപ്പിച്ചു. 1.30-ന് മാതൃവേദി ആന്തത്തോടുകൂടി മീറ്റിംഗ് സമാപിച്ചു.

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി. 16 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ഡിസംബർ 16.

**മേഖല വാർത്തകൾ**

**മുള്ളൻകൊല്ലി**

ജപമാല റാലി, ജനറൽബോഡി എന്നിവ നടത്തി. മിഷനറിമാർക്കായി പ്രാർത്ഥിച്ചു. ലോകസമാധാനത്തിനായി ചെയിൻ റോസറിയും ആഗോള കത്തോലിക്കാ സഭയ്ക്കായി ദിവ്യകാരുണ്യ ആരാധനയും വിവാഹം നടക്കാത്ത യുവജനങ്ങൾക്കായി എല്ലാ വെള്ളിയാഴ്ചയും ഉപവാസ പ്രാർത്ഥനയുംനടത്തി. മേഖലാ ടീം യൂണിറ്റുകൾ സന്ദർശിച്ചു.

**കൽപ്പറ്റ**

മേഖല ജപമാല റാലി എടപ്പെട്ടി പള്ളിയിൽ വച്ച് നടത്തി. വിശുദ്ധ കുർബാനയെകുറിച്ച് ക്ലാസ് നടത്തി. മേഖല കയ്യെഴുത്തു മാസിക മാതൃധ്വനി ഫാ. ജോർജ് മൈലാടൂർ പ്രകാശനം ചെയ്തു. 135 അമ്മമാർ പങ്കെടുത്തു.

**നിലമ്പൂർ**

മേഖലാ മാതൃവേദിയുടെ നേതൃത്വത്തിൽ എല്ലാ ശാഖകളും ചേർന്ന് ലിറ്റിൽ ഫ്ളവർ ദേവാലയത്തിൽ വച്ച് ജപമാല റാലി നടത്തി എല്ലാ ശാഖയിൽ നിന്നും ധാരാളം അമ്മമാർ പങ്കെടുത്തു. ശാഖാ വാർഷിക റിപ്പോർട്ടുകൾ എല്ലാ ശാഖകളും മേഖലയിൽ എത്തിച്ചു. മീറ്റീംഗ് നടത്തി. മേഖലയിൽവചന പഠന മത്സരം നടത്തി. രോഗികളായി ആശുപത്രിയിൽ കഴിയുന്നവരെ സന്ദർശിക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. ഒക്ടോബർ മാസം ചെയിൻ റോസറി നടത്തി.

**നടവയൽ**

ജപമാല സന്ദേശം ഗ്രൂപ്പുകളിൽ ഷെയർ ചെയ്തു.വിശുദ്ധരെ പരിചയപ്പെടുത്താൻ യൂണിറ്റുകൾ ചെയ്ത് ഗ്രൂപ്പുകളിൽ ഷെയർ ചെയ്തു. മേഖല നടത്തിയ ജപമാല റാലി ചെറുകാട്ടൂർ യൂണിറ്റിൽ വെച്ച് നടത്തി. രൂപത നടത്തിയ വചനം എഴുത്ത് മത്സരത്തിൽ മേഖല യിൽനിന്നും ഒന്നും രണ്ടും സ്ഥാനം കിട്ടിയവർപങ്കെടുത്തു. മേഖലാ ഭാരവാഹികൾ പനമരം നവജോതി വൃദ്ധസദനം സന്ദർശിച്ചു.

**ശാഖാ വാർത്തകൾ**

**കബനിഗിരി**

പാടിച്ചിറയിൽ വച്ച് നടന്ന മേഖലാതല ജപമാല റാലിയിൽ യൂണിറ്റിൽ നിന്ന് 15 പേർ പങ്കെടുത്തു. മേഖലാതല വചനം എഴുത്തു മത്സരത്തിൽ യൂണിറ്റിൽ നിന്ന് രണ്ട് ടീമുകൾ പങ്കെടുത്തു. നടവയൽ ഗോരേത്തിഭവൻ സന്ദർശിച്ച് അവിടുത്തെ അമ്മമാരെ പരിചരിച്ച് സമ്മാനവും നൽകി. നടവയൽ കൃപാനിധി ഭവൻ, ഓസാനഭവൻ എന്നിവ സന്ദർശിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മേഖലാ ഡയറ ക്ടറും മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങളും യൂണിറ്റ് സന്ദർശനം നടത്തി.

**റൂബിനഗർ**

എക്സിക്യൂട്ടീവ് കൂടി. പാലിയേറ്റിവ് പ്രവർത്തനങ്ങളിൽ അംഗ ങ്ങൾ പങ്കെടുത്തു. മാഹി വിളക്കന്നൂർ, ചെമ്പേരി ബസലിക്ക എന്നിവിട ങ്ങളിൽ അമ്മമാരുടെ നേതൃത്വത്തിൽ 30 അംഗങ്ങൾ തീർത്ഥാടനം നടത്തി. മേഖല വചനമെഴുത്ത് മത്സരം, ജപമാല റാലി എന്നിവയിൽ പങ്കെടുത്തു.

**പാതിരിപ്പാടം**

വിശുദ്ധരെ പരിചയപ്പെടുത്തി. വചന പഠന മത്സരത്തിൽ യൂണിറ്റിൽ നിന്നും 2 പേർ പങ്കെടുത്തു. ജിഷ പാറേക്കാട്ടിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി. മേഖല എക്സിക്യുട്ടീവ് അംഗങ്ങൾ യൂണിറ്റ് സന്ദർശനം നടത്തി. മേഖലാ ജപമാല റാലിയിൽ യൂണിറ്റിൽ നിന്നും 15 അമ്മമാർ പങ്കെടുത്തു. എക്സിക്യൂട്ടീവ്കൂടി. സിഗ്‌വി മസാല പൊടികൾ ഞായറാഴ്ചകളിൽ വിറ്റഴിക്കുന്നു.

**കോട്ടത്തറ**

മേഖലാ ടീം ശാഖ സന്ദർശനം നടത്തി. മേഖലാതല ജപമാല റാലി യിൽ ഇടവകയിൽ നിന്നും 12 അംഗങ്ങൾ പങ്കെടുത്തു. വചനമെഴുത്ത് മത്സരത്തിൽ ശാഖയിൽ നിന്നും ഒരു അംഗം പങ്കെടുത്തു.

**ആലാറ്റിൽ**

എക്സിക്യുട്ടീവ് കൂടി. 2025-26 വർഷത്തെ മാർഗരേഖ തയ്യാറാക്കി. മേഖലാതല വചന എഴുത്തുമത്സരത്തിൽ രണ്ടു പേർ പങ്കെടുത്തു. മേഖലാതല ജപമാല റാലിയിൽ 14 പേർ പങ്കെടുത്തു. 2025-26 പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്തു. മാർഗരേഖ പ്രകാശനം ചെയ്തു. രോഗീ സഹായമായി 2000/-രൂപ നൽകി.

**വടപുറം**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി പ്രവർത്തനവർഷം ആരംഭിച്ചു. മേഖലാ ജപമാലറാലിയിൽ അമ്മമാർ പങ്കെടുത്തു. മേഖലാ വചനം എഴുത്ത് മത്സരത്തിൽ പങ്കെടുത്തു. ക്യാൻസർ രോഗിക്ക് ധനസഹായം നൽകി. വിളക്കന്നൂർ തീർത്ഥാടനം നടത്തി.

**താളിപ്പാടം**

മേഖലാ വിസിറ്റ് നടന്നു. വിശുദ്ധരെ പരിചയപ്പെടുത്തി. വചനം എഴുത്ത് മത്സരത്തിൽ പങ്കെടുത്തു. മേഖലാ ജപമാലറാലിയിൽ അമ്മമാർ പങ്കെടുത്തു. എക്സിക്യൂട്ടീവ് കൂടി. സെമിത്തേരി വൃത്തിയാക്കി. രോഗീ സന്ദർശനം നടത്തി.

**പുൽപ്പള്ളി**

ജപമാല മാസാചരണം നടത്തി. ജപമാല റാലിക്ക് മാതൃവേദി നേതൃത്വം നൽകി. മിഷനറിമാർക്കായി പ്രാർത്ഥിച്ചു. വാർഷിക റിപ്പോർട്ട് മേഖലയ്ക്ക് നൽകി.

**മീനങ്ങാടി**

വചനം എഴുത്ത് മത്സരം നടത്തി. മേഖല നടത്തിയ കൊന്ത റാലിയിൽ ഇടവകയിൽ നിന്നും 50 പേർ പങ്കെടുത്തു.മേഖലാ വാർഷികത്തിന് മ്യൂസിക്കൽ സ്കിറ്റ് അവതരിപ്പിച്ചു. കൃഷ്ണഗിരിയിൽ നിന്നും പള്ളിയിലേക്ക് ജപമാല റാലി നടത്തി.

**ചോക്കാട്**

വചനം എഴുത്തു മത്സരത്തിൽ പങ്കെടുത്തു. മേഖല ജപമാല റാലിയിൽ പങ്കെടുത്തു. എക്സിക്യൂട്ടീവ് നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി

**പട്ടാണിക്കൂപ്പ്**

ജപമാല മാസം ആചരിച്ചു. അമ്മമാരുടെ നേതൃത്വത്തിൽ അഖണ്ഡ ജപമാല നടത്തി. മേഖല നടത്തിയ ജപമാലറാലിയിൽ അമ്മമാർ പങ്കെടുത്തു.

**പനവല്ലി**

ജപമാല മാസാചരണം നടത്തി. അമ്മമാരുടെ നേതൃത്വത്തിൽ പള്ളിയിൽ ജപമാല നടത്തി. മേഖലയിൽ നടത്തിയ വചന എഴുത്ത് മത്സരത്തിൽ അമ്മമാർ പങ്കെടുത്തു.

**തെനേരി**

മരിയൻ ക്വിസ് നടത്തി. മാതൃഗീതം പാട്ട് മത്സരം നടത്തി, സമ്മാനം വിതരണം ചെയ്തു. അടുക്കളനുറുങ്ങുകൾ എന്ന വിഷയത്തിൽ സെമിനാർ നടത്തി.

**പാലാങ്കര**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മേഖല ജപമാല റാലിയിൽ അമ്മമാർ പങ്കെടുത്തു. ദിവ്യകാരുണ്യ ആരാധന നടത്തി. രോഗീ സന്ദർശനം നടത്തി. വിളക്കന്നൂർ തീർത്ഥാടനയാത്ര നടത്തി.

**ചുങ്കക്കുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. മേഖലാ വചനം എഴുത്ത് മത്സരത്തിൽ പങ്കെടുത്ത് ഒന്നാംസ്ഥാനം കരസ്ഥമാക്കി. മേഖലാ ടീം യൂണിറ്റ് സന്ദർശിച്ച് റെക്കോർഡുകൾ പരിശോധിച്ചു. സെമിത്തേരിയും പരിസരവും വൃത്തിയാക്കി.

**മരക്കടവ്**

മേഖല ജപമാല റാലിയിൽ 15 പേർ പങ്കെടുത്തു. ഭവന നിർമാണത്തിന് 10000/- രൂപ നൽകി. മേഖലാ വിസിറ്റ് നടത്തി. കർണാടക തീർത്ഥാടന ദേവാലയത്തിൽ 5000/- രൂപ സംഭാവന നൽകി. സിമിത്തേരി വൃത്തിയാക്കി. മരക്കടവ് ദേവാലയത്തിൽ നിന്നും കാൽനടയായി നടവയൽ ദേവാലയത്തിലേക്ക് തീർത്ഥാടനം നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി.

**കാരയ്ക്കാമല**

ലോകസമാധാനത്തിനും കുടുംബ വിശുദ്ധീകരണത്തിനുമായി അമ്മമാർ അഖണ്ഡ ജപമാല സമർപ്പണം നടത്തി. വിളമ്പുകണ്ടം പള്ളിയിൽ നടന്ന ദ്വാരക മേഖല ജപമാല റാലിയിൽ 20 അംഗങ്ങൾ പങ്കെടുത്തു. എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്നു.

**നിലമ്പൂർ**

മാതൃവേദി പ്രവർത്തനവർഷം ആരംഭം കുറിച്ചു. വികാരിയച്ചൻ തിരികൊളുത്തി എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് നൽകി. മേഖല വചനം

എഴുത്തു മത്സരത്തിൽ പങ്കെടുത്ത് മൂന്നാം സ്ഥാനം കരസ്ഥമാക്കി. മേഖലാ ജപമാല റാലി നിലമ്പൂർ പള്ളിയിൽ വച്ച് നടത്തി. രോഗി സഹായമായി 5000/- രൂപ നൽകി.

**കളത്തുവയൽ**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ഭവന സന്ദർശനം, രോഗീ സന്ദർശനം എന്നിവ നടത്തി. ദേവാലയ ശുചീകരണം നടത്തി. മേഖലാ ജപമാല റാലിയിൽ 10 അമ്മമാർ പങ്കെടുത്തു. മേഖലാ ടീം ശാഖ സന്ദർശിച്ചു.

**ദ്വാരക**

പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്യുകയും മാർഗ്ഗരേഖ പ്രകാശനം ചെയ്യുകയും ചെയ്തു. വിളമ്പുകണ്ടം ദേവാലയത്തിൽ വച്ച് നടന്ന മേഖലാ ജപമാല റാലിയിൽ ഇടവകയിൽ നിന്നും 50 അമ്മമാർ പങ്കെടുത്തു. വിവാഹ തടസ്സം നേരിടുന്ന യുവതി യുവാക്കൾക്ക് വേണ്ടി ദിവ്യകാരുണ്യ ആരാധന നടത്തി. മേഖലാ തലത്തിൽ നടന്ന വചനമെഴുത്ത് മത്സരത്തിൽ യൂണിറ്റിൽ നിന്നും അമ്മമാർ പങ്കെടുത്തു.

**പ്രശാന്തിഗിരി**

മേഖല വചനം എഴുത്ത് മത്സരത്തിൽ പങ്കെടുത്തു. രണ്ടാം സ്ഥാനം കരസ്ഥമാക്കി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മാനന്തവാടിയിൽ വച്ച് നടത്തപ്പെട്ട അവകാശ സംരക്ഷണ റാലിയിൽ അമ്മമാർ പങ്കെടുത്തു. മേഖല കണിയാരം കത്തീഡ്രൽ പള്ളിയിൽ വച്ച് നടത്തിയ ജപമാല റാലിയിൽ പങ്കെടുത്തു. വിളക്കന്നൂർ, മാഹി, ചെമ്പേരി ഫൊറോന പള്ളി എന്നിവിടങ്ങളിൽ തീർത്ഥാടനം നടത്തി. ഭവന സന്ദർശനം, രോഗീ സന്ദർശനം എന്നിവ നടത്തി .

**കുറുമ്പാല**

പ്രവർത്തനവർഷാരംഭം കുറിച്ചു. എക്സിക്യൂട്ടീവ് കൂടി. മേഖലാ ടീം ശാഖ സന്ദർശനം നടത്തി. ഓസാനഭവൻ സന്ദർശിച്ചു. പള്ളിക്കുന്ന് തീർത്ഥാടനം നടത്തി.

**നടവയൽ**

മേഖലാ ജപമാല റാലിയിൽ പങ്കെടുത്തു. യുവാക്കളുടെ വിവാഹ തടസ്സങ്ങൾ നീങ്ങാൻ പ്രത്യേകമായി സമർപ്പിച്ച് പ്രാർത്ഥിച്ചു.ബോധവത്ക്കരണ ക്ലാസ് നടത്തി. അമ്മമാർക്ക് ചെടിച്ചട്ടികൾ നൽകി. വചനം എഴുത്തു മത്സരത്തിൽ യൂണിറ്റിലും മേഖലയിലും പങ്കെടുത്തു.

രോഗീ സഹായം, സാധുസഹായം എന്നിവയ്ക്കായി 9500/- രൂപ യുടെ ധനസഹായം നൽകി. പള്ളിയും പരിസരവും വൃത്തിയാക്കി.

**കരിമാനി**

പ്രവർത്തന വർഷ ഉദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശന വും നടത്തി. മാർഗരേഖയ്ക്ക് 'രെനെ വാതിയോഇൻ ഉനിതാതെ' (സാമുദായിക ശാക്തീകരണം ഐക്യത്തിലൂടെ) എന്ന് പേരിട്ടു. ഗ്രോട്ടോ വൃത്തിയാക്കി. രോഗീ സന്ദർശനം, ഭവന സന്ദർശനം, നവോമി സംഗമം എന്നിവ നടത്തി. മേഖലാജപമാല റാലിയിൽ പങ്കെടുത്തു. 4 മക്കളുള്ള കുടുംബത്തെ ആദരിച്ചു. വിവാഹ സഹായമായി 2000/-രൂപ നൽകി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. സിമിത്തേരി വൃത്തിയാക്കി.

**മൺവയൽ**

ജപമാല മാസാചരണം നടത്തി. രോഗീ സന്ദർശനങ്ങൾ നടത്തി. മേഖലാ മത്സരത്തിൽ പങ്കെടുത്തു.

**മാർട്ടിൻനഗർ**

വിവിധ നിയോഗങ്ങൾ വെച്ച് തിരുഹൃദയ ജപമാല, കരുണ കൊന്ത, ചെയിൻ റോസറി എന്നിവ ചൊല്ലി. യൂണിറ്റിൽ മേഖല പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സന്ദർശനം നടത്തി. തൃശിലേരിയിൽ വെച്ച് നടന്ന ജപമാലറാലിയിൽ പങ്കെടുത്തു. പയ്യംപള്ളി മേഖലയിൽ വചനരചനാ മത്സരത്തിൽ വിജയികളായി. മെഡിക്കൽ കോളേജിൽ ഭക്ഷണം പാകം ചെയ്യാൻ സഹായിച്ചു.

**പുതിയിടംകുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. അന്താരാഷ്ട്ര വയോജന ദിന ത്തിൽ വൃദ്ധമാതാപിതാക്കളെ ആദരിച്ചു. മേഖല വചന പഠന മത്സര ത്തിൽ പങ്കെടുത്തു. മേഖല ജപമാല റാലിയിൽ 30 പേർ പങ്കെടുത്തു. മരിയൻ ക്വിസ് നടത്തി. മേഖല ടീം ശാഖ സന്ദർശനം നടത്തി. കാരുണ്യ കിറ്റിൽ കിട്ടിയ സാധനങ്ങൾ പോരൂർ സ്നേഹാലയം സന്ദർശിച്ച് നൽകി. പച്ചക്കറി തൈകൾ വിതരണം ചെയ്തു.

**പറളിക്കുന്ന്**

വി.കൊച്ചുത്രേസ്യയുടെ തിരുനാൾ ദിനത്തിൽ സന്ദേശം നൽകി. മേഖല നടത്തിയ ജപമാല റാലിയിൽ പങ്കെടുത്തു. രൂപത സാഹിത്യ മത്സരത്തിൽ അമ്മമാർ പങ്കെടുത്തു.

**ശിശുമല**

സി. ജിൻസി ചെമ്പരത്തിക്കൽ എസ്.എ.ബി.എസ്. ന്റെ മൃതസംസ്കാരത്തിൽ പങ്കെടുത്തു. മേഖല ജപമാലറാലിയിൽ പങ്കെടുത്തു. പാലിയേറ്റീവ് കിടപ്പ് രോഗീ സംഗമത്തിൽ പങ്കെടുത്തു. ഫണ്ട് ശേഖരണാർത്ഥം പച്ചക്കറി നട്ടു. അഗതിമന്ദിരം സന്ദർശിച്ചു. സിമിത്തേരി ക്ലീനിംഗ് നടത്തി.

**പുതുശ്ശേരിക്കടവ്**

പ്രവർത്തന വർഷാരംഭം വികാരിയച്ചൻ തിരിതെളിച്ച് ഉദ്ഘാടനം ചെയ്തു. പുതുശ്ശേരിക്കടവിൽ വച്ച് നടത്തിയ മേഖലാതല ജപമാല റാലിയിൽ ശാഖയിൽ അമ്മമാരുടെ പങ്കാളിത്തം ഉണ്ടായിരുന്നു. ഫയർഫോഴ്സ് ദിനത്തിൽ ഇടവകയിലെ പൈലറ്റിനെ ആദരിച്ചു. വി. ഫൗസ്റ്റിനയുടെ തിരുനാൾ ദിനത്തിൽ വി.ഫൗസ്റ്റിനയ്ക്ക് ഈശോ നൽകിയ തിരുഹൃദയ വാഗ്ദാനങ്ങൾ പരിചയപ്പെടുത്തി.

**വഞ്ഞോട്**

മേഖലാ ഓഡിറ്റ് ശാഖയിൽ നടന്നു. മേഖലാതല വചനം എഴുത്ത് മത്സരത്തിൽ ശാഖയിൽ നിന്ന് രണ്ട് അമ്മമാർ പങ്കെടുത്തു. നിരവിൽപുഴ പള്ളിയിൽ വച്ച് നടന്ന ജപമാല റാലിയിൽ ശാഖയിൽ നിന്ന് 16 അമ്മമാർ പങ്കെടുത്തു. പള്ളിയും പരിസരവും സെമിത്തേരിയും വൃത്തിയാക്കി.

**ഇരുളം**

പാടിച്ചിറയിൽ വച്ച് നടന്ന മേഖല ജപമാല റാലിയിലും ജനറൽ ബോഡിയിലും പങ്കെടുത്തു. വചനം എഴുത്തു മത്സരത്തിൽ പങ്കെടുത്തു. ജപമാല റാലി നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. രോഗീ സന്ദർശനം നടത്തി.

**കുറുമണി**

ദേവസ്യഗിരി കപ്പേള, കുറുമ്പാലക്കോട്ട ഗ്രോട്ടോ എന്നിവയിൽ 10 ദിവസം കൊന്ത നടത്തി. വിശുദ്ധരുടെ പുസ്തകം വീടുകൾ തോറും കൈമാറി വായിച്ചു വരുന്നു.കേളകം തെറ്റുവഴിയിലുള്ള മര്യാഭവനിൽ ഉള്ള അന്തേവാസികൾക്ക് 383 പൊതിച്ചോറുകൾ നൽകി. അമ്മമാരുടെ ഉപവാസത്തിലൂടെ കിട്ടുന്ന തുക ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നു. ഒരു കാൻസർ രോഗിക്ക് 5000/- അയ്യായിരം രൂപ നൽകി. പഠനസഹായമായി 4000/- രൂപ നൽകി.

വിളമനയിലുള്ള അഗതി മന്ദിരം സന്ദർശിച്ചു. 10000/-രൂപ സാമ്പത്തിക സഹായമായി നൽകി.

**പൂക്കോട്ടുംപാടം**

തിരുപ്പട്ടത്തിനായി, ദേവാലയവും പരിസരവും വൃത്തിയാക്കി. കിടപ്പിലായ ഒരു മാതാവിനെ സന്ദർശിച്ച് സാമ്പത്തിക സഹായം നൽകി. വചനം എഴുത്തു മത്സരത്തിൽ അമ്മമാർ പങ്കെടുത്തു.മേഖല ജപ മാലറാലിയിൽ അമ്മമാർ പങ്കെടുത്തു.

**വാളേരി**

എക്സിക്യൂട്ടീവ് യോഗം നടത്തി. ആശുപത്രിയിൽ ഭക്ഷണം ഉണ്ടാക്കുവാൻ സഹായിച്ചു. മേഖലാ വിസിറ്റു നടത്തി. രോഗീ സന്ദർശനം, ചെയിൻ റോസറി, വചന കവചം, സാന്താമോനിക്ക എന്നിവ നടത്തി. മേഖലജപമാല റാലിയിൽ അമ്മമാർ പങ്കെടുത്തു.

**തവിഞ്ഞാൽ**

വിവാഹ ജീവിതത്തിൽ 25 വർഷം വരെയുള്ള ദമ്പതിമാർക്കുള്ള സെമിനാറിൽ അമ്മമാർ സജീവമായി പങ്കെടുത്തു. എക്സിക്യൂട്ടീവ് കൂടി. അമ്മമാരുടെ ഒരു ബാൻഡ് സെറ്റ് രൂപീകരിച്ചു. വചനം എഴുത്ത് മത്സരത്തിൽ 2 അമ്മമാർ പങ്കെടുത്തു. കണിയാരം കത്തീഡ്രൽ പള്ളിയിൽ വച്ച് നടന്ന ജപമാലറാലിയിൽ 40 അമ്മമാർ പങ്കെടുത്തു. ഭവന സന്ദർശനം നടത്തി. സെമിത്തേരി വൃത്തിയാക്കി.

**തലഞ്ഞി**

മേഖലയുടെ നേതൃത്വത്തിൽ നരിവാല ദേവാലയത്തിൽ വച്ച് നടന്ന ജപമാല റാലിയിൽ ഇടവകയിൽ നിന്ന്15 അമ്മമാർ പങ്കെടുത്തു. നിർധനയായ ഒരു യുവതിക്ക് ചികിത്സാ സഹായമായി 5000/- രൂപ നൽകി. മേഖല സാഹിത്യ മത്സരത്തിൽ അമ്മമാർ പങ്കെടുത്തു.

**പോരൂർ**

അമ്മമാർക്ക് കുടുംബ നവീകരണ ക്ലാസും വിശുദ്ധ കുർബാനയും നടത്തി പ്രവർത്തന വർഷം ആരംഭിച്ചു. മേഖലവചനം എഴുത്ത് മത്സരത്തിൽ പങ്കെടുത്തു. മേഖലാ ജപമാല റാലിയിൽ ആനിമേറ്ററും എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെടുത്തു. ഐസ്ക്രീം സ്റ്റാൾ ഇട്ടു. രോഗീ സന്ദർശനം നടത്തി. എക്സിക്യൂട്ടീവ് കൂടി.

**തോമാട്ടുചാൽ**

ജപമാല മാസാചരണം നടത്തി. എക്സിക്യൂട്ടീവ് കൂടി. മേഖലാ ടീം ശാഖ വിസിറ്റ് നടത്തി. ജപ്തി ഭീഷണി നേരിടുന്ന ഇടവകയിലെ

ഒരു കുടുംബത്തിനായി നടത്തിയ ബിരിയാണി ചലഞ്ചിൽ അമ്മമാർ സഹകരിച്ചു. മേഖല ജപമാല റാലി, മേഖല വാർഷികം എന്നിവയിൽ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി. അസംപ്ഷൻ പള്ളിയിൽ വച്ച് നടന്ന ദമ്പതി സെമിനാറിൽ പങ്കെടുത്തു.

**തേൾപ്പാറ**

ജപമാല മാസാചരണം നടത്തി. മേഖലാ സാഹിത്യ മത്സരത്തിലും രൂപത വചനം എഴുത്ത് മത്സരത്തിലും അമ്മമാർ പങ്കെടുത്തു. സ്ഥലം മാറിപ്പോയ ബഹുമാനപ്പെട്ട സുനിൽ മഠത്തിൽ അച്ചന് യാത്രയയപ്പ് നൽകി.

**വാഴവറ്റ**

ജപമാല മാസാചരണം നടത്തി. മേഖല വചനം എഴുത്ത് മത്സരത്തിൽ പങ്കെടുത്തു. മേഖലാ ജപമാല റാലിയിൽ പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി.

**യവനാർകുളം**

കണിയാരത്ത് വെച്ച് നടത്തിയ ജപമാല റാലിയിൽ 15 അമ്മമാർ പങ്കെടുത്തു ഭവനസന്ദർശനം നടത്തി. രോഗികൾക്ക് വേണ്ടി പ്രാർത്ഥിച്ചു. ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം വയ്ക്കുന്നതിന് സഹായിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി.

**സീതാമൗണ്ട്**

വി. കൊച്ചുത്രേസ്യയുടെ തിരുനാളിനോടാനുബന്ധിച്ചു ത്രേസ്യ നാമധാരികളെ ആദരിച്ചു. മേഖലാതലത്തിൽ നടത്തിയ ജപമാല റാലിയിൽ പങ്കെടുത്തു. ഒക്ടോബർ 30 ന് അഖണ്ഡ ജപമാല നടത്തി. ഭാരവാഹികളും അംഗങ്ങളും പങ്കെടുത്തു.

**ഫാ. ജോസഫ് പരുവുമ്മേൽ**
**ഫാ. ബിനു വടക്കേൽ**

# സീയോൻ വാർത്തകൾ

ആദ്യശനി കൺവെൻഷനുവേണ്ടി ശുശ്രൂഷകർ ഒക്ടോബർ 31 വെള്ളി രാവിലെ 10 മുതൽ രാത്രി 9.30 വരെ പ്രാർത്ഥിച്ചൊരുങ്ങി, സിയോൻ ഹാളിൽ ആവശ്യമായ ഒരുക്കങ്ങൾ ചെയ്തു. 55 ശുശ്രുഷകർ പങ്കെടുത്തു.

ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ വി. ബലിയർപ്പിച്ചു. ഉച്ച കഴിഞ്ഞ് 1.30 മുതൽ 3.00 വരെ സിയോൻ പൊതുസമ്മേളനം നടന്നു.

**ആദ്യ ശനി കൺവെൻഷൻ**

നവംബർ 1 ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ കൺവെൻഷൻ ശുശ്രൂഷകൾ സാഘോഷം നടന്നു. ഡയറക്ടർ ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ കൺവെൻഷന് നേതൃത്വം നൽകി. ബഹു. ബ്രദർ ജോസഫ് വട്ടക്കുന്നേൽ സ്തുതി ആരാധനയ്ക്കും ബഹു. ബ്രദർ ബിജു പുളിക്കൽ, സി. ധന്യ FCC, എന്നിവർ ഗാന ശുശ്രുഷക്കും, ബഹു. സിസ്റ്റർ ആൻസി SCV, സിസ്റ്റർ മരിയ CMC, സിസ്റ്റർ അനറ്റ് SKD, സിസ്റ്റർ നവ്യ SH, എന്നിവർ മറ്റു ശുശ്രുഷകൾക്കും നേതൃത്വം നൽകി.

**രൂപതാ ബൈബിൾ കൺവെൻഷൻ**

ജൂബിലി വർഷത്തോട് അനുബന്ധിച്ച് നവംബർ 7, 8, 9, 10 തിയതികളിലായി ബഹുമാനപ്പെട്ട മാത്യു വയലാമണ്ണിൽ അച്ചന്റെ നേതൃത്വത്തിൽ കൺവെൻഷൻ നടത്തപ്പെട്ടു. വൈകുന്നേരം 4 മണി മുതൽ 9 മണിവരെ ആയിരുന്നു കൺവെൻഷൻ. 8, 9, 10 തീയതികളിൽ രാവിലെ 9 മണിമുതൽ 4 മണി വരെ കൗൺസിലിങ്ങിനും കുമ്പസാരത്തിനും സൗകര്യം ഒരുക്കി. ഏഴായിരത്തിൽ പരം ആളുകൾ കൺവെൻഷന് പങ്കെടുത്തു.

**അഖണ്ഡ ജപമാല**

നവംബർ 28 വെള്ളി രാവിലെ 08.30 മുതൽ വൈകിട്ട് 4 വരെ സീയോൻ ചാപ്പലിൽ അഖണ്ഡ ജപമാലയും ആരാധനയും നടത്തപ്പെട്ടു.

സിയോൻ ചാപ്പലിൽ ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ 10.15 ന് കുരിശിന്റെ വഴിയും 11 –ന് ആരാധനയും കുമ്പസാരവും, 12 മണിക്ക് വി. കുർബാനയും നടന്നുവരുന്നു.

**ധ്യാനകേന്ദ്രം വെഞ്ചിരിപ്പ്**

ബോയ്സ്ടൗണിൽ പുതിയതായി നിർമ്മിക്കുന്ന ധ്യാനകേന്ദ്രത്തിന്റെ വെഞ്ചിരിപ്പ് ഡിസംബർ ഒന്നാം തീയതി രാവിലെ 10 മണിക്ക് അഭിവന്ദ്യ മാർ ജോസ് പോരുന്നേടം പിതാവും മാർ അലക്സ് താരാമംഗലം പിതാവും ചേർന്ന് വെഞ്ചിരിപ്പു കർമ്മം നിർവ്വഹിക്കുന്നു. പ്രസ്തുത കർമ്മത്തിലേക്ക് എല്ലാവരെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

ആദ്യശനി കൺവെൻഷൻ ഒഴികെ ബാക്കി എല്ലാ ശുശ്രൂഷകളും ഡിസംബർ മുതൽ ബോയ്സ്ടൗണിൽ ആയിരിക്കും എന്ന് അറിയിക്കുന്നു. അന്വേഷണങ്ങൾക്ക് 8281132195 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

**ഫാ. ജിന്റോ തട്ടുപറമ്പിൽ**

ഡയറക്ടർ - 9544606936

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

വിശക്കുന്നവരിലും വേദന അനുഭവിക്കുന്നവരിലും സഹന ങ്ങളിലൂടെ കടന്നു പോകുന്നവരിലും ഈശോയെ ദർശിച്ചുകൊണ്ട് അവർക്ക് ഈശോയുടെ സ്നേഹവും കരുണയും ചൊരിഞ്ഞു കൊടുത്തുകൊണ്ട്, അവരെ സമാശ്വസിപ്പിച്ച്, അവരോടൊപ്പം വിശുദ്ധിയിലേക്ക് യാത്ര ചെയ്യാൻ വിളിക്കപ്പെട്ടവരുടെ സമൂഹമാണ് സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി. സംഘടനയുടെ അടിസ്ഥാ നമായ കോൺഫറൻസുകളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യ വുമായി മാനന്തവാടി സെൻട്രൽ കൗൺസിൽ മുന്നേറുകയാണ്. ഏരിയ കൗൺസിൽ സന്ദർശനങ്ങൾ സംഘടനയ്ക്ക് പുത്തൻ ഉണർവ് നൽകുന്നുണ്ട്.

**വാഴവറ്റ ഏരിയ കൗൺസിൽ**

20/10/2025 ന് വാഴവറ്റ ഏരിയ കൗൺസിൽ യോഗവും സെൻട്രൽ കൗൺസിൽ ഭാരവാഹികളുടെ സന്ദർശനവും നടന്നു. പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ ബ്രദർ ബാബു പാല ത്തടത്തിൽ സ്വാഗതം പറഞ്ഞു. എസി പ്രസിഡന്റ് ബ്രദർ ജോസ് കല്ലറക്കൽ അധ്യക്ഷത വഹിച്ച യോഗം സിസി പ്രസിഡന്റ് ബ്രദർ ഷൈജൻ തടങ്ങഴിയിൽ ഉദ്ഘാടനം ചെയ്തു. വിൻസെൻഷ്യൻ ജീവിത രീതിയെക്കുറിച്ച് ബ്രദർ ഷാജി ചന്ദനപറമ്പിൽ ക്ലാസ് എടുത്തു. കോൺഫറൻസുകളുടെ പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. എസി സെക്രട്ടറി ബ്രദർ പി. ടി. ചാക്കോ നന്ദി പറഞ്ഞു. സമാപന പ്രാർ ത്ഥനയോടെ യോഗം അവസാനിച്ചു.

**തരിയോട് ഏരിയ കൗൺസിൽ**

സെൻട്രൽ കൗൺസിൽ ഭാരവാഹികൾ 1/11 /2025 ന് തരി യോട് ഏരിയ കൗൺസിൽ സന്ദർശിച്ചു. പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. ജ്ഞാനവായന നടത്തി. തരിയോട് എസി വൈസ് പ്രസിഡന്റ് സിസ്റ്റർ റോസമ്മ അയൻകുഴ സ്വാഗതം പറഞ്ഞു. എസി പ്രസിഡണ്ട് സിസ്റ്റർ ടെസ്സി കറുത്തകുന്നേൽ അധ്യ ക്ഷത വഹിച്ച യോഗം സിസി പ്രസിഡണ്ട് ബ്രദർ ഷൈജൻ

തടങ്ങഴിയിൽ ഉദ്ഘാടനം ചെയ്തു. എസി ആത്മീയ ഉപദേഷ്ടാവ് റവ. ഫാദർ ബാബു കക്കാട്ടിക്കാലായിൽ ആത്മീയ പ്രഭാഷണം നടത്തി. സിസി ജനറൽ സെക്രട്ടറി ബ്രദർ രാജു വലിയാറ മുഖ്യപ്രഭാഷണം നടത്തി. സിസ്റ്റർ പ്രിയ തടങ്ങഴിയിൽ, ബ്രദർ ജോണി മാങ്കോട്ട്, ബ്രദർ ജോർജ് കുന്നത്ത് എന്നിവർ ആശംസകൾ അർപ്പിച്ചു. യോഗത്തിൽ മുതിർന്ന വിൻസൻഷ്യൻ പ്രവർത്തകരെ ആദരിച്ചു. കോൺഫറൻസുകളുടെ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. എസിയുടെ റിപ്പോർട്ടും കണക്കും സെക്രട്ടറി ഉഷ മരുതോലിക്കൽ അവതരിപ്പിച്ചു. ബ്രദർ വർഗീസ് തെക്കേത്തൊട്ടിയുടെ സമാപന പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

**പുൽപ്പള്ളി ഏരിയ കൗൺസിൽ**

2-11-25ന് മുള്ളൻകൊല്ലി സെന്റ് മേരീസ് ഫൊറോന ദേവാലയത്തിൽ എസി പ്രസിഡന്റ് അജി വിരിപ്പാമറ്റത്തിന്റെ അധ്യക്ഷതയിൽ നടന്നു.  അത്മീയ ഉപദേഷ്ടാവ് റവ. ഫാ. ജോർജ് ആലൂക്കാ ഉദ്ഘാടനം ചെയ്ത് അനുഗ്രഹപ്രഭാഷണം നടത്തി. എല്ലാ വിൻസെൻഷ്യൻ അംഗങ്ങളും കർത്താവിന്റെ കരുണയുടെ മുഖമാകാൻ ഓർമ്മിപ്പിച്ചു. സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ബ്രദർ ഷൈജൻ തടങ്ങഴിയിൽ, ഓരോ വിൻസെൻഷ്യൻ അംഗങ്ങളും കാരുണ്യ പ്രവർത്തനങ്ങളിലൂടെ ആത്മാവിന്റെ രക്ഷ സ്വന്തമാക്കുകയാണ് ചെയ്യുന്നത് എന്നറിയിച്ചു. സിസി സെക്രട്ടറി ബ്രദർ രാജു വല്ല്യാറയുടെ സാന്നിദ്ധ്യം സമ്മേളനത്തിന് ഉണർവ് പകർന്നു. ഓസാനം ഭവന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും സന്ദർശനവും സഹായവുമായി കടന്നുവരുന്ന എല്ലാ വിൻസെൻഷ്യൻ അംഗങ്ങൾക്കും നന്ദി അറിയിക്കുകയും ചെയ്തു.

കൊട്ടിയൂർ എസി പ്രസിഡന്റ് സിസ്റ്റർ പ്രിയ ഷൈജൻ തടങ്ങഴിയിൽ, പുൽപ്പളി എസി യുടെ പ്രവർത്തനങ്ങൾക്ക് ആശംസകൾ അറിയിക്കുകയും കരുണ പ്രവർത്തങ്ങൾ ഭവനങ്ങളിൽ തുടങ്ങണമെന്നും, ഓർമ്മിപ്പിച്ചു. മുള്ളൻകൊല്ലി സെന്റ് മേരീസ് ഫൊറോന അസി. വികാരി ഫാ. റിജോസ് പയസ്അച്ചൻ ആശംസകൾ അറിയിച്ചു.

4 കോൺഫറൻസുകളിൽ നിന്ന് ഏതാണ്ട് അമ്പതോളം അംഗങ്ങൾ സമ്മേളനത്തിൽ പങ്കെടുത്തു. സി. സി ഭാരവാഹികളുടെ

സന്ദർശനവും അനുഗ്രഹപ്രഭാഷണങ്ങളും എല്ലാ വിൻസെൻഷ്യൻ അംഗങ്ങൾക്കും പുത്തൻ ഉണർവ് പകരുന്നതായിരുന്നു. സമ്മേള നത്തിൽ എല്ലാ കോൺഫറൻസുകളുടെയും പ്രവർത്തനങ്ങൾ അവതരിപ്പിച്ചു.

ബ്രദർ അഗസ്റ്റ്യൻ വിരിപ്പാമറ്റം പ്രാരംഭ പ്രാർത്ഥനയും സിസ്റ്റർ വിജി ജ്ഞാന വായനയും നടത്തി. ബ്രദർ ജോസ് കണ്ണം ന്താനം സ്വാഗതവും, ബ്രദർ ചെറിയാൻ കണയംപ്ലാക്കൽ നന്ദിയും അറിയിച്ചു. എസി സെക്രട്ടറി ബ്രദർ ജോസഫ് പുത്തൻപുരയ്ക്കലും മുൻ എസി പ്രസിഡന്റ് ബ്രദർ ഇമ്മാനുവൽ ആക്കാന്തിരിയും സമ്മേളനത്തിന് നേതൃത്വം നൽകി. സിസ്റ്റർ ബീന കാഞ്ഞിര ത്തിങ്കൽ സമാപന പ്രാർത്ഥന ചൊല്ലി യോഗനടപടികൾ അവ സാനിച്ചു.

**പാടിച്ചിറ ഏരിയ കൗൺസിൽ**

പാടിച്ചിറ ഏരിയ കൗൺസിൽ സെൻട്രൽ കൗൺസിൽ ഭാര വാഹികളുടെ സന്ദർശനവും എസി യോഗവും 2/11/2025 ന് പാടി ച്ചിറ സെന്റ് സെബാസ്റ്റ്യൻസ് ദേവാല അങ്കണത്തിൽ വച്ച് നടന്നു. ബ്രദർ ഷിജു പെരുമ്പള്ളി എല്ലാവർക്കും സ്വാഗതം പറഞ്ഞു. എസി പ്രസിഡന്റ് ബ്രദർ കുര്യൻ കാരുവള്ളിതറയുടെ അധ്യ ക്ഷതയിൽ ചേർന്ന യോഗം സിസി പ്രസിഡന്റ് ബ്രദർ ഷൈജൻ തടങ്ങഴിയിൽ ഉദ്ഘാടനം ചെയ്തു. എസി ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. സജി ഇളയിടത്ത് മുഖ്യപ്രഭാഷണം നടത്തി. സിസി ജനറൽ സെക്രട്ടറി ബ്രദർ രാജു വലിയാറ ഓസാനം ഭവന്റെ പ്രവർത്തനങ്ങൾ വിവരിച്ചു. പുൽപ്പള്ളി എസി പ്രസിഡന്റ് ബ്രദർ അജി വിരിപ്പാമറ്റം, സിസ്റ്റർ പ്രിയ തടങ്ങഴിയിൽ എന്നിവർ ആശം സകൾ അർപ്പിച്ചു. 44 പേർ പങ്കെടുത്തു. സിസ്റ്റർ മോളി ആറ്റുപുറം നന്ദി പറഞ്ഞു. സമാപന പ്രാർത്ഥനക്ക് ശേഷം ഗ്രൂപ്പ് ഫോട്ടോ എടുത്തു. സ്നേഹവിരുന്നോടെ യോഗം അവസാനിച്ചു.

**തോണിച്ചാൽ ഏരിയ കൗൺസിൽ**

തോണിച്ചാൽ ഏരിയ കൗൺസിലിലെ 7 കോൺഫറൻ സുകളുടെ സംയുക്തയോഗവും സിസി ഭാരവാഹികളുടെ എസി സന്ദർശനവും 17/11/2025 ഞായറാഴ്ച 3.30 മുതൽ 6 മണിവരെ, ദ്വാരക ഫൊറോന ദേവാലയത്തിന്റെ പാരിഷ് ഹാളിൽ സംഘടി

പ്പിച്ചു. 40 അംഗങ്ങൾ പങ്കെടുത്തു. എസി പ്രസിഡന്റ് ബ്രദർ വിൻസന്റ് കുന്നപ്പള്ളിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബ്രദർ ബെന്നി പ്രാരംഭ പ്രാർത്ഥനയും ബ്രദർ ദേവസ്യ ജ്ഞാനവായനയും നടത്തി. ബ്രദർ രാജു ചൊവ്വാറ്റുകുന്നേൽ എല്ലാവർക്കും സ്വാഗതം പറഞ്ഞു. എസി ആത്മീയ ഉപദേഷ്ടാവ്, ദ്വാരക ഫൊറോന വികാരി റവ. ഫാ. ബാബു മൂത്തേടത്ത് ആത്മീയ സന്ദേശം നൽകി. സിസി പ്രസിഡന്റ് ബ്രദർ ഷൈജൻ തടങ്ങഴിയിൽ, വിൻസെൻഷ്യൻ പ്രവർത്തനങ്ങൾ എങ്ങനെ കാര്യക്ഷമമായി നടത്താം എന്നതിനെക്കുറിച്ച് അംഗങ്ങൾക്ക് ക്ലാസ് എടുക്കുകയും അംഗങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. സിസ്റ്റർ പ്രിയ തടങ്ങഴിയിൽ വിൻസൻഷ്യൻ പ്രവർത്തന അനുഭവങ്ങൾ പങ്കുവച്ചു. കോൺഫ്രൻസ് പ്രസിഡണ്ടുമാർ കോൺഫറൻസുകളെ പരിചയപ്പെടുത്തുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. ബ്രദർ ബേബി കുഴിവേലിൽ യോഗത്തിന് നന്ദി അറിയിച്ചു. ആത്മീയ ഉപദേഷ്ടാവിന്റെ ആശീർവാദത്തോടെ യോഗം സമാപിച്ചു.

**ചൂരൽമല സന്ദർശനം**

ചൂരൽ മലയിലെ ദുരന്തബാധിതർക്ക് സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി നാഷണൽ കൗൺസിൽ 12.85 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്. കുടുംബങ്ങൾ ധനവിനിയോഗം ശരിയായി നടത്തിയിട്ടുണ്ടോ എന്ന് അറിയാൻ സിസി പ്രസിഡന്റ് ബ്രദർ ഷൈജൻ തടങ്ങഴിയിൽ, ബ്രദർ ജോണി പാറ്റാനി, ബ്രദർ രാജു വലിയാറ, ബ്രദർ വിൻസെന്റ് റാത്തപ്പള്ളി എന്നിവർ ചൂരൽ മല സന്ദർശിച്ചു.

**സെൻട്രൽ കൗൺസിൽ യോഗം**

8/11/2025 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് സെൻട്രൽ കൗൺസിൽ യോഗം ചേർന്നു. ഏരിയ കൗൺസിൽ സന്ദർശനങ്ങൾ വിലയിരുത്തി. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ കലണ്ടർ 2026 ലെ കലണ്ടർ വിതരണം ചെയ്തു. കോൺഫറൻസുകൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനെകുറിച്ച് ചർച്ച നടത്തുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**ഒസാനം ഭവൻ**

15/11/2025 ന് ഓസാനം ഭവൻ ബോർഡ് യോഗം ചേർന്നു. ഓസാനം ഭവന്റെ സിൽവർ ജൂബിലി സമാപനത്തെക്കുറിച്ച് ചർച്ച ചെയ്തു. പ്രവർത്തനങ്ങൾ വിലയിരുത്തി.

എല്ലാ ബുധനാഴ്ചയും ഓസാനം ഭവനിലെ അന്തേവാസികളുടെ മാനസികവും ശാരീരികവുമായ ആരോഗ്യം വർദ്ധിപ്പിക്കുന്നതിന് വേണ്ടി യോഗ ക്ലാസുകൾ നടത്തുന്നുണ്ട്. ഒക്ടോബർ 15ന്, സാമൂഹ്യനീതി വകുപ്പിന്റെ വയോജന ദിനാചരണത്തിന്റെ ഭാഗമായി കർളാട് വച്ച് നടന്ന വിവിധ കലാപരിപാടികളിൽ അന്തേവാസികൾ പങ്കെടുത്തു. വയനാട് ജില്ലാ ഹോമിയോ ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെ മെഡിക്കൽ ക്യാമ്പ് നടത്താൻ സാധിച്ചു. എല്ലാ അന്തേവാസികൾക്കും ചെരിപ്പുകൾ നൽകി സഹായിച്ച VKC ഗ്രൂപ്പിനെ നന്ദിയോടെ ഓർമ്മിക്കുന്നു. ഓസാനം ഭവൻ സന്ദർശിക്കുകയും സഹായിക്കുകയും ചെയ്യുന്ന എല്ലാ സുമനസ്സുകൾക്കും നന്ദി അറിയിക്കുന്നു.

**ബ്രദർ ഷൈജൻ തടങ്ങഴിയിൽ**
സി.സി പ്രസിഡന്റ്

# സാമൂഹ്യ സേവനരംഗം (WSSS)

**നബാർഡ് പുലിക്കാട് നീരുറവ അടിസ്ഥാനമാക്കിയുള്ള നീർത്തട വികസന പദ്ധതിക്ക് തുടക്കം**

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി നടപ്പിലാക്കുന്ന പുലിക്കാട് നീരുറവ അടിസ്ഥാനമാക്കിയുള്ള നീർത്തട വികസന പദ്ധതിക്ക് തുടക്കമായി. പുലിക്കാട് നീർത്തട പ്രദേശത്ത് നടന്ന ചടങ്ങിൽ ഔപചാരികമായ ഉദ്ഘാടനം നബാർഡ് തിരുവനന്തപുരം റീജിയണൽ ഓഫീസിലെ അസിസ്റ്റന്റ് ജനറൽ മാനേജർ കിരൺ വി. നിർവ്വഹിച്ചു. എടവക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഹമ്മദ് കുട്ടി ബ്രാൻ അദ്ധ്യക്ഷത വഹിച്ചു. നബാർഡ് ജില്ലാ മാനേജർ ആനന്ദ് ആർ പദ്ധതി വിശദീകരണം നടത്തി. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ മുഖ്യപ്രഭാഷണം നടത്തി. വാർഡ് മെമ്പർമാരായ ഷിൽസൺ മാത്യു, എം.പി. വത്സൻ, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി. എ, ഗ്രാമനീർത്തട സമിതി പ്രസിഡന്റ് വർഗീസ് കിഴക്കേപറമ്പിൽ, സെക്രട്ടറി സിനോജ് ജോസ് എന്നിവർ സംസാരിച്ചു. നബാർഡിന്റെ നീർത്തട വികസന ഫണ്ടിൽപ്പെടുത്തി വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയാണ് എടവക ഗ്രാമപഞ്ചായത്തിലെ പുലിക്കാട് നീർത്തട പ്രദേശത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിലെ രണ്ടാമത്തെ ജിയോ സ്പെഷ്യൽ അധിഷ്ഠിത പദ്ധതിയാണിത്. പുലിക്കാട് നീർത്തട പ്രദേശത്തിലെ 268 ഹെക്ടറിൽ ആണ് പദ്ധതി നടപ്പിലാക്കുന്നത്. 92.22 ലക്ഷം രൂപയുടെ പദ്ധതി പ്രവർത്തനങ്ങളാണ് മൂന്നു വർഷങ്ങളിലായി നടപ്പിലാക്കുക. ഇതിൽ 75 ലക്ഷം രൂപ നബാർഡ് ഗ്രാന്റും 17.22 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതവും ആണ്. നീരുറവകളിലെ ജലലഭ്യത കൂട്ടുകയും ഗുണനിലവാരം മെച്ചപ്പെടുത്തുകയും ആണ് പ്രധാന ലക്ഷ്യം. ഇതിനായി ശാസ്ത്രീയ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ നടപ്പാക്കും. ജലസംരക്ഷണത്തിനുള്ള വിവിധ സാങ്കേതിക

ജൈവിക മുറകൾ, വനിതാ വികസനം, മനുഷ്യ വിഭവശേഷി വികസനം എന്നീ ഇനങ്ങളിൽ ആയാണ് പദ്ധതി ഫണ്ട് വിനിയോഗിക്കപ്പെടുന്നത്. ഗ്രാമനീർത്തട സമിതി പദ്ധതി പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കും.

**സുസ്ഥിരമായ ഭാവിക്കായി ജി. ഐ. എസ്. അടിസ്ഥാനമാക്കിയ മാപ്പിംഗ് എന്ന വിഷയത്തിൽ ശിൽപ്പശാല സംഘടിപ്പിച്ചു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി (WSSS) കാരിത്താസ് ഇന്ത്യ, കേരള സോഷ്യൽ സർവീസ് ഫോറം (KSSF), ടെറാ എതോസ് അനലിറ്റിക്സ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവയുടെ സഹകരണത്തോടെ 'സുസ്ഥിരമായ ഭാവിക്കായി ജി. ഐ. എസ് അടിസ്ഥാനമാക്കിയ മാപ്പിംഗ്' എന്ന വിഷയത്തിൽ നാലു ദിവസത്തെ സംസ്ഥാനതല ശിൽപ്പശാല സംഘടിപ്പിച്ചു. സമീപകാലത്ത് നടപ്പാക്കപ്പെടുന്ന വിവിധ വികസന പദ്ധതികളിൽ ഭൗമവിവര സാങ്കേതിക വിദ്യയുടെ (GIS) പ്രാധാന്യം വർധിച്ച സാഹചര്യത്തിലാണ് ഈ വർക്ക്ഷോപ്പ് സംഘടിപ്പിച്ചത്. വികസന പ്രവർത്തനങ്ങൾ കൂടുതൽ ശാസ്ത്രീയമായി ആസൂത്രണം ചെയ്യുന്നതിനായി വിവിധ GIS മാപ്പുകൾ തയ്യാറാക്കുന്നത് അനിവാര്യമാണ്. ഈ വിഷയങ്ങളിൽ പങ്കാളികളായ സ്ഥാപനങ്ങൾക്കും വികസന പ്രവർത്തകർക്കും പരിചയം നൽകുക എന്നതായിരുന്നു ശിൽപ്പശാലയുടെ പ്രധാനലക്ഷ്യം. ശിൽപ്പശാല കാരിത്താസ് ഇന്ത്യയുടെ ടീം ലീഡർ ഡോ. വി. ആർ. ഹരിദാസ് ഉദ്ഘാടനം ചെയ്തു. സുസ്ഥിരമായ വികസനത്തിന് ശാസ്ത്രീയമായ മാപ്പിംഗിന്റെ പ്രാധാന്യം സമൂഹത്തിൽ വ്യാപിപ്പിക്കാനും ഭൗമവിവര സാങ്കേതിക വിദ്യയുടെ പ്രായോഗിക പ്രയോജനം പ്രാദേശിക തലത്തിൽ വർധിപ്പിക്കാനും ഇത്തരം പരിശീലനങ്ങൾ സഹായകരമാണെന്ന് ഡോ. വി. ആർ. ഹരിദാസ് അഭിപ്രായപ്പെട്ടു. WSSS എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി. എ. കാരിത്താസ് ഇന്ത്യ സ്റ്റേറ്റ് ഓഫീസർ അഭീഷ് ആന്റണി, കേരള സോഷ്യൽ സർവീസ് ഫോറം പ്രോഗ്രാം ഓഫീസർ എബി ജോർജ്ജ്, സ്റ്റേറ്റ് ഓഫീസർ സജോ ജോയി, സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ പ്രൊജക്റ്റ് മാനേജർ സുജിത് എം.എം. എന്നിവർ സംസാരിച്ചു. വിവിധ സാമൂഹ്യ വികസന പ്രസ്ഥാനങ്ങളിൽ നിന്നും ഉള്ള പ്രതിനിധികൾ, വികസന പ്രവർത്തകർ, സാങ്കേതിക

വിദഗ്ധർ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു. നാലുദിവസം നീണ്ടു നിന്ന ശിൽപ്പശാലക്ക് ടെറാ എതോസ് അനലിറ്റിക്സ് പ്രൈവറ്റ് ലിമിറ്റഡിലെ വിദഗ്ധർ പ്രൊഫസർ ഡോക്ടർ ഗോവിന്ദൻ കുട്ടി, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കോ ഓർഡിനേറ്റർ ദീപു ജോസഫ് എന്നിവർ നേതൃത്വം നൽകി.

**അത്യുത്പാദനശേഷി ഉള്ള പച്ചക്കറി വിത്തുകൾ വിതരണം ചെയ്തു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രത്തിന്റെ സഹകരണത്തോടെ 200 സ്വാശ്രയ സംഘം അംഗങ്ങൾക്ക് അത്യുത്പാദനശേഷി ഉള്ള പച്ചക്കറി വിത്തുകൾ വിതരണം ചെയ്തു. ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രത്തിന്റെ ട്രൈബൽ സബ് പ്ലാനിൽ ഉൾപ്പെടുത്തിയാണ് വിത്തുകൾ വിതരണം ചെയ്തത്. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രത്തിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോക്ടർ അനീസ് കെ. വിതരണ ഉദ്ഘാടനം നിർവ്വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വൈസ് പ്രസിഡന്റ് സെബാസ്ററ്യൻ പാലംപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ്.പി.എ. ഗവേർണിംഗ് ബോർഡ് മെമ്പർ വത്സ ജോസഫ്, പ്രൊജക്റ്റ് കോ ഓർഡിനേറ്റർ ജാൻസി ജിജോ എന്നിവർ സംസാരിച്ചു. ഇതോടനുബന്ധിച്ചു നടന്ന സെമിനാറിൽ ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രത്തിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോക്ടർ അനീസ് കെ. ശാസ്ത്രീയമായി പച്ചക്കറി കൃഷി ചെയ്യുന്നതിനെ കുറിച്ച് ക്ലാസ് എടുത്തു. അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ വികസിപ്പിച്ചെടുത്ത 09 ഇനം വിത്തുകൾ ആണ് കർഷകർക്ക് വിതരണം ചെയ്തത്.

**കൂൺ കൃഷി പരിശീലന പരിപാടി സംഘടിപ്പിച്ചു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ (സിഡ്ബി) കേരള സ്റ്റേറ്റ് അസോസിയേഷൻ ഓഫ് ഫിനാൻഷ്യൽ ഇൻക്ലൂഷൻ ഇൻസ്റ്റിറ്റ്യൂഷൻസ് (കസാഫി) എന്നിവയുടെ സാമ്പത്തിക സഹായത്തോടെ കൂൺ കൃഷിയെ കുറിച്ച് പരിശീലന പരിപാടി സംഘടിപ്പിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഡിറ്റോറി

യത്തിൽ നടന്ന പരിശീലന പരിപാടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ശ്രീ.പി.എ. ജോസിന്റെ അധ്യക്ഷതയിൽ എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ ഉദ്ഘാടനം നിർവഹിച്ചു. കസാഫി ജില്ലാ കോഡിനേറ്റർ ശ്രീ. വരുൺ പദ്ധതി വിശദീകരണം നടത്തി. മൺസൂൺ മഷ്റൂം നിർമ്മാതാക്കളായ ശ്രീ. രാഹുൽ, അക്ഷയ് എന്നിവർ ട്രെയിനിംഗിന് നേതൃത്വം നൽകി. കസാഫി ഫീൽഡ് കോഡിനേറ്റർ അനഘ ജോസ്, പ്രോഗ്രാം കോഡിനേറ്റർമാരായ കെവിൻ സുനിൽ, ജാൻസി ജിജോ, എന്നിവർ ആശംസകൾ അറിയിച്ചു. സ്വന്തമായി കൂൺ ഉണ്ടാക്കിയെടുക്കുക, വ്യക്തിതലത്തിലും സ്വാശ്രയസംഘ തലത്തിലും കൂൺ ഉത്പാദിപ്പിച്ച് വിപണനം നടത്തുക, വരുമാന വർദ്ധക പദ്ധതികൾ ആരംഭിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്. പരിശീലനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. കൂടാതെ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാ സൗകര്യവും സാങ്കേതിക സഹായവും നൽകും.

**സേഫ് വിത്തിൻ (SAFE WITHIN) പദ്ധതി**

കാരിത്താസ് ഇന്ത്യയുടെ സാമ്പത്തിക സഹായത്തോടെ കേരള സോഷ്യൽ സർവീസ് ഫോറം, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി, ശ്രേയസ് ബത്തേരി, ജീവന കോഴിക്കോട്, COD താമരശ്ശേരി എന്നീ സാമൂഹ്യ സേവന പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ മുണ്ടക്കൈ, ചൂരൽമല, വിലങ്ങാട് ഉരുൾപൊട്ടൽ ദുരന്ത പുനരധിവാസം രണ്ടാംഘട്ട പദ്ധതിയായ സേഫ് വിത്തിൻ പദ്ധതി വളരെ നല്ല രീതിയിൽ പുരോഗമിക്കുന്നു. ദുരന്തങ്ങളെ മുന്നിൽ കണ്ട് അവയെ ഫലപ്രദമായി നേരിടാനുമുള്ള ശേഷി വർദ്ധിപ്പിക്കുക, ഉപജീവന സുരക്ഷ, മാനസിക-സാമൂഹിക ക്ഷേമം, സാമൂഹ്യാധിഷ്ഠിത ദുരന്ത അപകട സാധ്യതാ ലഘൂകരണം എന്നീ ലക്ഷ്യങ്ങളിൽ ഊന്നി രണ്ടുവർഷം നീണ്ടുനിൽക്കുന്ന ബ്രഹത്പദ്ധതിയാണ് സേഫ് വിത്തിൻ പദ്ധതി. പദ്ധതിയുടെ ഭാഗമായി 3 സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ മേപ്പാടി, എടവക, പടിഞ്ഞാറത്തറ എന്നീ ഗ്രാമപഞ്ചായത്തുകളിൽ കൗൺസലിംഗ് പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**നീരുറവ സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി തോട്ടംവെച്ച് പിടിപ്പിക്കുന്നതിന് സാമ്പത്തിക സഹായം നൽകി**

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി, മുള്ളൻകൊല്ലി നീർത്തട

വികസനസമിതി എന്നിവ സംയുക്തമായി മുള്ളൻകൊല്ലി പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന നീരുറവ സംരക്ഷണ പദ്ധതി യുടെ ഭാഗമായി 158 പേർക്ക് 6750 രൂപ വീതം 1066500 രൂപ വിതരണം ചെയ്തു. പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടനം മുള്ളൻകൊല്ലി സാംസ്കാരിക നിലയത്തിൽ തിരുനെല്ലി ഗ്രാമപഞ്ചാ യത്ത് മെമ്പർ കെ. സിജിത്ത് ഉദ്ഘാടനം ചെയ്തു. നീർത്തട വികസന സമിതി ചെയർമാൻ പി. ആർ സുനിൽ കുമാർ അദ്ധ്യക്ഷത വഹിച്ചു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി. എ. നീർത്തട വികസന സമിതി സെക്രട്ടറി സൗമിനി കെ. കെ, കമ്മിറ്റി അംഗം എ. പി. പ്രഭാകരൻ, പ്രോഗ്രാം കോ ഓർഡിനേറ്റർ റോബിൻ ജോസഫ് എന്നിവർ സംസാരിച്ചു.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)**

**SWS മീറ്റിംഗ്**

മംഗലശ്ശേരി, പോരൂർ, ജൂഡ്സ്മൗണ്ട്, ആലാറ്റിൽ, ചൂരൽമല, സീതാമൗണ്ട്, ആറാട്ടുതറ, കമ്മന, പയ്യമ്പള്ളി, ഒണ്ടയങ്ങാടി, നട വയൽ, പടമല, യവനാർകുളം, മൊതക്കര, കബനിഗിരി, കല്ലോടി, എന്നിവിടങ്ങളിൽ നടത്തിയ സോഷ്യൽ വെൽഫെയർ സൊസൈറ്റി മീറ്റിംഗുകൾക്ക് SWS കോഡിനേറ്റർമാരായ കെവിൻ സുനിൽ, ആലീസ് സിസിൽ, ബിൻസി വർഗ്ഗീസ്, ജിനി ഷിനു, ലിജ കുര്യാ ക്കോസ് എന്നിവർ നേതൃത്വം നൽകി.

**ഗ്രൂപ്പ് രൂപീകരണം**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ വിവിധ ങ്ങളായ പ്രോജക്ടുകളും പ്രവർത്തനങ്ങളും കൂടുതൽ ഇടവകകളി ലേക്കും കുടുംബങ്ങളിലേക്കും വ്യക്തികളിലേക്കും വ്യാപിപ്പിക്കുക, വരുമാന വർദ്ധക പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിന് ആവശ്യമായ പരിശീലനങ്ങൾ നൽകുക, സമ്പാദ്യശീലം വളർത്തുക എന്നീ ലക്ഷ്യങ്ങളോടെ കേണിച്ചിറ, പറളിക്കുന്ന്, തലപ്പുഴ, കോറോം, കൈതക്കൽ, എന്നിവിടങ്ങളിൽ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു. ഇതോടൊപ്പം പിലാക്കാവിൽ സോപ്പ് നിർമ്മാണ പരിശീലനം നടത്തി.

**ഫാ. ജിനോജ് പാലത്തടത്തിൽ**
ഡയറക്ടർ, WSSS

## ജീവസ് & കെ. എൽ. എം

(Department for Labour and Welfare - Diocese of Mananthavady)

**കരകയറാൻ കൈത്താങ്ങ്**

അടയ്ക്കാത്തോട് ഇടവകാംഗമായ ബെന്നി തോമസ് ബിസിനസ് തകർച്ചയും ഭാര്യയുടെ ക്യാൻസർ രോഗവും മൂലം വലിയ കടബാധ്യതയിൽ പെട്ട് വീടും സ്ഥലവും ജപ്തി ആയിരിക്കുകയാണ്. വീട് വിറ്റ് കടം തീർക്കാൻ ശ്രമിച്ച് നടക്കാതെ വന്നപ്പോൾ അദ്ദേഹം 1500 രൂപയുടെ സമ്മാനകൂപ്പൺ വഴി തുക കണ്ടെത്താൻ ശ്രമിക്കുകയാണ്. ഒന്നാം സമ്മാനമായി 3300 സ്ക്വയർ ഫീറ്റ് വീടും 25 സെന്റ് സ്ഥലവും, രണ്ടാം സമ്മാനം, താർ ജീപ്പ് (used) മൂന്നാം സമ്മാനം അദ്ദേഹം ഉപയോഗിക്കുന്ന കാറ്, നാലാം സമ്മാനം ബുള്ളറ്റ് ബൈക്ക് എന്നിവയാണ്. കൂപ്പൺ വില്പനയിൽ ഇദ്ദേഹത്തെ സഹായിക്കണമെന്ന് രൂപതാ പാസ്റ്ററൽ കൗൺസിൽ അഭിപ്രായപ്പെടുകയും ജീവസ് & കെ. എൽ. എം. അത് ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ എല്ലാ പാരീഷ് കോഡിനേറ്റർമാരും ഓരോ കൂപ്പൺ എടുക്കുകയും തങ്ങളുടെ ഇടവകയിൽ സൻമനസുള്ളവരെ കൊണ്ട് കൂപ്പൺ എടുപ്പിക്കാൻ ശ്രമിക്കുകയും ചെയ്യണം. ബാങ്ക് അക്കൗണ്ടിലേക്ക് തുക അടച്ച് അതിന്റെ സ്ക്രീൻ ഷോട്ടും പേരും ഓഫീസിലേക്ക് അയക്കണം. കൂപ്പൺ ഓഫീസിൽ നിന്നും അയച്ചുതരും. ജീവസ് വഴി വിൽക്കുന്ന കൂപ്പണിൽ വീട് ലഭിച്ചാൽ അത് ആ കുടുംബത്തിന് തിരികെ നല്കണമെന്നാണ് ആഗ്രഹിക്കുന്നത്. എല്ലാ കോഡിനേറ്റർമാരും ഈ കുടുംബത്തിന് കൈത്താങ്ങാകാൻ സഹകരിക്കണമെന്ന് താല്പര്യപ്പെടുന്നു.

**ബാങ്ക് അക്കൗണ്ട്**

സൗത്ത് ഇന്ത്യൻ ബാങ്ക്, മാനന്തവാടി ബ്രാഞ്ച്

അക്കൗണ്ട് നമ്പർ: 0605073000000592

IFSC Code :SIBL0000605

സ്ക്രീൻ ഷോട്ട് അയക്കേണ്ട ഫോൺനമ്പർ: 884845 8203

**ആട് വിതരണം**

സംരംഭകത്വ പ്രോത്സാഹനാർത്ഥം ആട് ഫാം ആരംഭിക്കാൻ താല്പര്യം പ്രകടിപ്പിച്ച പതിനെട്ട് ചെറുകിട കർഷകർക്ക് മലബാറി

ഇനത്തിൽപ്പെട്ട ആടുകളെ സൗജന്യമായി നല്കി. വിതരണോദ്ഘാടനം WSSS ഫിനാൻസ് ഓഫീസർ ഫാ. റെജീഷ് കറുത്തേടത്ത് നിർവഹിച്ചു. കെ. എൽ. എം. രൂപതാ ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിൽ അധ്യക്ഷത വഹിച്ചു. wsss പ്രോഗ്രാം ഓഫീസർ പി.എ. ജോസ് സ്വാഗതവും കെ. എൽ. എം. രൂപതാ കോഡിനേറ്റർ മിനിമോൾ നന്ദിയും പറഞ്ഞു.

**പാരീഷ് ക്യാമ്പ്**

പറളിക്കുന്ന് ഇടവകയിൽ പോസ്റ്റൽ ഇൻഷൂറൻസ് പുതുക്കുന്നതിനായി ക്യാമ്പ് സംഘടിപ്പിച്ചു. പാരീഷ് കോഡിനേറ്റർ മനോജ് നെല്ലിയാനിയിൽ നേതൃത്വം നല്കി. പോസ്റ്റൽ വകുപ്പ് ജീവനക്കാരും, കമ്പളക്കാട് KLM ജനസേവനകേന്ദ്രം ജീവനക്കാരും സന്നിഹിതരായിരുന്നു. നാൽപത് കുടുംബങ്ങൾ പദ്ധതിയിൽ ചേർന്നു.

**ക്ഷേമനിധി രജിസ്ട്രേഷൻ**

തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ 15 പേർ ഈ മാസം അംഗത്വമെടുത്തു.

**കുടിശ്ശിക നിവാരണ ക്യാമ്പ്**

തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് നടത്തിയ കുടിശ്ശിക നിവാരണ ക്യാമ്പിൽ അംശാദായ കുടിശ്ശിക മൂലം അംഗത്വം നഷ്ടപ്പെട്ട 28 അംഗങ്ങൾക്ക് കുടിശ്ശിക തീർപ്പാക്കി അംഗത്വം പുനസ്ഥാപിച്ചു.

**തയ്യൽ തൊഴിലാളി അംഗത്വം പുതുക്കൽ**

ക്ഷേമനിധി നമ്പർ ലഭിച്ച് രണ്ട്വർഷം കൂടുമ്പോൾ ക്ഷേമനിധി അംഗത്വം യൂണിയൻ മുഖേന പുതുക്കേണ്ടതാണ്. ആധാർ കോപ്പി, ബാങ്ക് പാസ്ബുക്ക് കോപ്പി, ക്ഷേമനിധി id കാർഡ് കോപ്പി അല്ലെങ്കിൽ ക്ഷേമനിധി കാർഡിന്റെ കോപ്പി എന്നിവ ഹാജരാക്കണം. ട്രേഡ് യൂണിയൻ മുഖേന അംശാദായ അടവ് KLM (WSSS) ഓഫീസിൽ അടക്കാവുന്നതാണ്.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
രൂപതാ ഡയറക്ടർ

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

**1. SAFP FDP പ്രോജക്ട് വിവരശേഖരണം**

സേവ് എ ഫാമിലി പ്രോഗ്രാമിന്റെ ഭാഗമായ ഫാമിലി ഡെവലപ്പ്മെന്റ് പ്രോജക്ട് NDS ന്റെ ആഭിമുഖ്യത്തിൽ നീലഗിരിയിൽ നടപ്പിലാക്കുന്നതിന്റെ മുന്നൊരുക്കമായി ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുവാൻ അനുയോജ്യരായ ആളുകളെ കണ്ടെത്തുന്നതിനുവേണ്ടിയുള്ള വിവരശേഖരണം NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിലിൽ NDS അസി. ഡയറക്ടർ ഫാ. നിഷ്വിൻ തേൻപള്ളിൽ, പ്രോജക്ട് കോഡിനേറ്റർ ജോഷി എന്നിവരുടെ നേതൃത്വത്തിൽ നടത്തി വരുന്നു. ഗൂഡല്ലൂർ, പന്തല്ലൂർ താലൂക്കുകളിലെ ആറാട്ടുപാറ, എല്ലമല, പെരിയശോല, ചൂണ്ടി, കാമരാജ് നഗർ, ധർമ്മഗിരി, ചെളിവയൽ, നാടുകാണി, ദേവാല, ചേരംകോട്, ചേരംമ്പാടി, എരുമാട്, കയ്യൂന്നി, അമ്പലവയൽ, പാട്ടവയൽ, കൽപ്ര, പൊന്നാനി, ഉപ്പട്ടി, നെല്ലാക്കോട്ട, ദേവർഷോല, ശ്രീമധുര, ബോസ്പാറ, പുത്തൂർവയൽ, തൊറപ്പള്ളി, തൊപ്പകാട്, മസിനഗുഡി പ്രദേശങ്ങളിലുള്ളവരെയാണ് ഈ പദ്ധതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**2. സമൃദ്ധകുടുംബം Phase 2 പദ്ധതി: ഭവനസന്ദർശനം**

NDS ഉം ബയോവിൻ അഗ്രോ റിസേർച്ചും സംയുക്തമായി നടപ്പിലാക്കുന്ന സമൃദ്ധകുടുംബം പദ്ധതിയുടെ രണ്ടാം ഘട്ടത്തിലേക്ക് നീലഗിരി റീജിയണിൽനിന്നും ഗുണഭോക്താക്കളായി തിരഞ്ഞെടുക്കപ്പെട്ട 25 ൽ 24 പേരുടെയും ഭവനങ്ങളിൽ നവംബർ മാസം 14, 15, 17 തിയതികളിലായി പ്രോജക്ട് കോഡിനേറ്റർ ജോഷി ടി.പി നാലാം ഘട്ട സന്ദർശനം പൂർത്തിയാക്കുകയും, അവർക്ക് രണ്ടാം ഘഡുവായി ലഭിച്ച തുകകൊണ്ട് നടപ്പിലാക്കിയ വരുമാന ഉത്പാദന മാർഗ്ഗങ്ങളെകുറിച്ച് ചോദിച്ചറിയുകയും, ഫോട്ടോ എടുക്കുകയും, അതിന്റെ വിശദമായ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. രണ്ടാം ഘട്ടമായി ലഭിച്ച തുകകൊണ്ട് ആടുവളർത്തൽ, കോഴി വളർത്തൽ, പശു വളർത്തൽ, കൂൺ കൃഷി, കാട്ടുതേൻ വിപണനം, തയ്യൽ, തേയില തോട്ടം ലീസിന് എടുക്കൽ, പച്ചക്കറി കൃഷി, വാഴകൃഷി,

പാത്രം കഴുകുന്ന ഡിറ്റർജെന്റ് വിപണനം, ആയുഷ് ആരോഗ്യപരിപാലന ഉത്പന്നങ്ങളുടെ വിപണനം, SIGWE കറിമസാലകളുടെ വിപണനം, പ്രിന്റിംഗ് കടയുടെ നടത്തിപ്പ് മുതലായ വരുമാന വർദ്ധക പദ്ധതികളാണ് അംഗങ്ങൾ ഇതിലൂടെ നടപ്പിലാക്കിയത്.

**4. പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സർവ്വീസ്**

നവംബർ മാസം 6-ാം തീയതി ബെക്കി, കുന്നലാടി പ്രദേശങ്ങളിൽ പാലിയേറ്റീവ് കെയറിന് പോയി. കുന്നലാടിയിലെ രോഗികൾക്ക് മരുന്ന് നല്കി. വീടുകളിൽ പോയി ബി.പി, ഷുഗർ, SPO2 എന്നിവ പരിശോധിച്ചു. Catheterization ആവശ്യമായുള്ളവർക്ക് അത് നല്കി. ഒരു രോഗിയെ കുളിപ്പിക്കുവാൻ സാഹായിച്ചു. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി പോയ എല്ലാ ഭവനങ്ങളിലും പ്രാർത്ഥിക്കുകയും ചെയ്തു.

**5. കരുണൈ ആംബുലൻസ് സർവ്വീസ്**

ഈ മാസം ആംബുലൻസ് പാട്ടവയൽ, ബത്തേരി, കുന്നലാടി, ബിദർക്കാട്, മേപ്പാടി, കയ്യൂന്നി എന്നീ പ്രദേശങ്ങളിൽ രോഗികളുമായി പോകുകയും, നിർദ്ദനരായ രോഗികൾക്ക് ആംബുലൻസിന്റെ സേവനം ലഭ്യമാക്കുകയും ചെയ്തു.

**6. പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ - വിലയിരുത്തൽ മീറ്റിംഗ്**

2025 നവംബർ മാസത്തിൽ പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സർവ്വീസിന്റെ എക്സിക്യൂട്ടീവ് മീറ്റിംഗ് പാട്ടവയൽ അമല ആശുപത്രിയിൽവെച്ച് നടത്തപ്പെട്ടു. നീലഗിരി റീജിയണൽ വികാർ റവ. ഫാ. ബിജു പൊൻപാറയ്ക്കൽ, NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, അമല ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ സി. ആൻസി എബ്രഹാം, സി. ജെസി ഇമ്മാനുവേൽ, സി. പ്രിൻസി, സി. ജിസ് മരിയ, സി. ബെറ്റി അഗസ്റ്റിൻ എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു. പാലിയേറ്റീവ് കെയറിന്റെ കഴിഞ്ഞ മാസങ്ങളിലെ പ്രവർത്തനങ്ങളെകുറിച്ച് മീറ്റിംഗിൽ ചർച്ച നടത്തുകയും, ഭാവിപ്രവർത്തനങ്ങളെകുറിച്ച് ആലോചിക്കുകയും, ഉചിതമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**7. മേഖലാ ഇവാലുവേൻ മീറ്റിംഗ്**

NDS ന്റെ മേഖലാ ഇവാലുവേഷൻ മീറ്റിംഗ് 18.10.2025 ന് ശനിയാഴ്ച്ച രാവിലെ 11 മണിമുതൽ NDS മേഖലാ ഓഫീസിൽവെച്ച്

നടത്തപ്പെട്ടു. NDS ഡയറക്ടർ ബഹു. ബിനോയി കാശാംകുറ്റിയിൽ അച്ചൻ മീറ്റിംഗിന് നേതൃത്വം വഹിച്ചു. NDS വിമലഗിരി, ബോസ്പാറ, കയ്യൂന്നി, കൽപ്ര, ധർമ്മഗിരി യൂണിറ്റിലെ കോഡിനേറ്റർമാർ അതാത് യൂണിറ്റുകളുടെ കഴിഞ്ഞ രണ്ട് മാസത്തെ പ്രവർത്തന റിപ്പോർട്ടും ക്രഡിറ്റ് യൂണിയന്റെ കണക്കും അവതരിപ്പിച്ചു. യൂണിറ്റുകളിൽ നടപ്പിലാക്കിയ മികച്ച പ്രവർത്തനങ്ങളെ എടുത്ത് പറഞ്ഞ് അച്ചൻ യൂണിറ്റിന് മേഖലയുടെ അഭിനന്ദനങ്ങൾ അറിയിച്ചു. തുടർന്ന് വരും മാസങ്ങളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന SAFP പ്രോഗ്രാമിനെകുറിച്ചും, യൂണിറ്റിൽ ഇന്റേണൽ ഓഡിറ്റിംഗ് നടപ്പിലാക്കേണ്ടതിന്റെ പ്രധാന്യത്തെക്കുറിച്ചും, നവം. 14 ഇന്റർനാഷണൽ ഡയബറ്റിക് ഡേ ദിനാചരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അച്ചൻ വിശദീകരിച്ചു.

**8. Personality Development Training**

2025 ഒക്ടോബർ 20-ാം തീയതി വിമലഗിരി സെന്റ് മേരീസ് ഇടവകയിലെ 5 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന 48 വിദ്യാർത്ഥികൾക്കുവേണ്ടി, നേതൃത്വപരിശീലനം, വ്യക്തിത്വ വികസനം, ആശയവിനിമയം, പഠനനിലവാരം മെച്ചപ്പെടുത്തൽ മുതലായ വിഷയങ്ങളിൽ NDS - TAS ന്റെ നേതൃത്വത്തിൽ ഏകദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 4.00 മണിവരെയാണ് പരിശീലന പരിപാടി നടത്തിയത്. TAS അംഗങ്ങളായ ശ്രീ. ജിതിൻ ജോസ്, ജോഷി ടി.പി, സ്റ്റാഫ് എന്നിവർ പരിശീലന പരിപാടികൾക്ക് നേതൃത്വം കൊടുത്തു.

**9. NDS രജിസ്ട്രേഷൻ പുതുക്കൽ**

നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ രജിസ്ട്രേഷൻ പുതുക്കുന്നതിന് ആവശ്യമായ പണമടച്ച് ഡോക്യുമെന്റുകൾ ഊട്ടിയിലുള്ള ഡിസ്ട്രിക് രജിസ്ട്രേഷൻ ഓഫീസിൽ സമർപ്പിക്കുകയും അതിന്റെ രസീത് കൈപ്പറ്റുകയും ചെയ്തു. അതോടൊപ്പം കാലാനുസൃതമായി NDS നിയമാവലിയിൽ മാറ്റം വരുത്തുന്നതിന് അപേക്ഷ സമർപ്പിക്കുകയും അതിന്റെ ഡോക്യുമെന്റുകളും രജിസ്ട്രേഷൻ ഓഫീസിൽ ഏൽപ്പിക്കുകയും ചെയ്തു.

**10. യൂണിറ്റ്തല പ്രവർത്തനങ്ങൾ**

**ബോസ്പാറ**

ബോസ്പാറ യൂണിറ്റിന്റെ എക്സിക്യൂട്ടീവ്, വിലയിരുത്തൽ മീറ്റിങ്ങുകൾ നടത്തി യൂണിറ്റിന്റെ പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. പ്രതീക്ഷ ഗ്രൂപ്പംഗങ്ങൾ നടവയൽ ഗൊരേത്തി

ഭവനിലെ വൃദ്ധസദനം സന്ദർശിക്കുകയും അവർക്കാവശ്യമായ ആഹാരസാധനങ്ങൾ നൽകുകയും ചെയ്തു.യൂണിറ്റംഗങ്ങൾ ചേർന്ന്, വീഴ്ച്ചമൂലം കിടപ്പിലായ നീമ ഓണംപള്ളി എന്ന വ്യക്തിയെ സന്ദർശിച്ചു അവർക്കാവശ്യമായ സഹായങ്ങൾ ചെയ്തു. മദർ തെരേസ ഗ്രൂപ്പംഗങ്ങൾ ബോസ്പാറ സെന്റ് ജോസഫ് ദേവാലയ ത്തിന്റെ സിമിത്തേരി വൃത്തിയാക്കി.

**വിമലഗിരി**

വിമലഗിരി യൂണിറ്റ് എക്സിക്യൂട്ടീവ് മീറ്റിംഗ്, വിലയിരുത്തൽ മീറ്റിംഗ് എന്നിവ കൃത്യമായി നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗിൽ യൂണിറ്റിന്റെ പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ക്രെഡിറ്റ് യൂണിയന്റെ പിരിവും ലോൺ തിരിച്ചടവും കൃത്യമായി നടത്തിവരുന്നു. യൂണിറ്റിന്റെ നേതൃത്വത്തിൽ ആദ്യമായി ഇറക്കിയ ബയോവിൻ SIGWE കറിമസാല പൊടികൾ മുഴുവൻ വിറ്റു തീർത്തു. ഗ്രൂപ്പ് അടിസ്ഥാനത്തിലും, വ്യക്തിപരമായും അടുക്കള പച്ചക്കറി തോട്ടത്തിന്റെ നിർമ്മാണം നടത്തിവരുന്നു. ലോക ഡയബറ്റിക് ദിനാചരണത്തിന്റെ ഭാഗമായി ദീപ്തി ഗ്രൂപ്പിൽ പഞ്ചസാരയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം നൽകുകയും പഞ്ചസാര ഒഴിവാക്കുമെന്ന് പ്രതിജ്ഞ നടത്തുകയും ചെയ്തു.

**കൽപ്ര**

കൽപ്ര യൂണിറ്റിന്റെ നേതൃത്വത്തിൽ യൂണിറ്റ് കമ്മിറ്റി മീറ്റിംഗ്, വിലയിരുത്തൽ മീറ്റിംഗ് എന്നിവ കൃത്യമായി നടത്തുകയും യൂണി റ്റിന്റെ പ്രവർത്തന റിപ്പോർട്ടും, കണക്കും അവതരിപ്പിക്കുകയും ചെയ്തു. പുതിയതായി 11 അംഗങ്ങൾ ഉള്ള ഒരു സ്വാശ്രയസംഘം രൂപീകരിച്ചു. +2 വിന് ഉന്നത വിജയം കരസ്ഥമാക്കിയ 2 കുട്ടികളെ ആദരിച്ചു. ഒരു ക്യാൻസർ രോഗിക്ക് 3000 രൂപ സാമ്പത്തിക സഹായം നൽകി. യൂണിറ്റിലെ ഓരോ ഗ്രൂപ്പിനും 400 വീതം പച്ചക്കറിതൈകൾ വിതരണം ചെയ്തു. ഒക്ടോബർമാസം ക്രഡിറ്റ് യൂണിയനിൽ നിന്നും 2 ലക്ഷം രൂപ ലോൺ നല്കി. പള്ളിയിലെ നിർമ്മാണ പ്രവർത്തന ങ്ങൾക്കായി 50000 രൂപ നല്കി.

**ധർമ്മഗിരി**

ധർമ്മഗിരി യൂണിറ്റിന്റെ കർമ്മസമിതി മീറ്റിംഗും ഇവാലു വേഷൻ മീറ്റിംഗും ഒരേ ദിവസം നടത്തപ്പെട്ടു. ഈ മാസം മൂന്നു യൂണിറ്റ് ലോണുകൾ പാസാക്കി. യൂണിറ്റിന്റെ നേതൃത്വത്തിൽ തയ്യാറാ

ക്കിയ വിഷ്ണുതൈലം, ചുമ മരുന്ന് എന്നിവയുടെയും, ബയോവിൻ SIGWE മസാലപ്പൊടികളിലൂടെയുംഎന്നിവയുടെ വില്പന നടന്നുവരുന്നു. മാതൃവേദി അംഗങ്ങൾ വൃദ്ധസദന സന്ദർശനത്തിന് പോയപ്പോൾ NDS 1000 രൂപയ്ക്ക് മുകളിൽ മസാല പൊടികൾ കൊടുത്തുവിട്ടു. യൂണിറ്റ് ഫണ്ട് ശേഖരണാർത്ഥം നടത്തുന്ന രണ്ട് ചിട്ടികളുടെയും നടത്തിപ്പ് നല്ല നിലയിൽ നടക്കുന്നു. ഗ്രൂപ്പുകൾ മാസമീറ്റിംഗ് നടത്തുകയും നിക്ഷേപ സമാഹരണം, ക്രെഡിറ്റ് യൂണിയൻ സമാഹരണം, ലോൺ തിരിച്ചടവ് എന്നിവ കൃത്യമായി നടത്തിവരുന്നു. കൂടാതെ തനത് പ്രവർത്തനമായി ചിട്ടി, ഓണ ഫണ്ട്, ക്രിസ്തുമസ് ഫണ്ട് സമാഹരണം എന്നിവ നടത്തിവരുന്നു

**കയ്യൂന്നി**

കയ്യൂന്നി യൂണിറ്റിന്റെ നേതൃത്വത്തിൽ കമ്മിറ്റി മീറ്റിംഗ്, ഇവാലുവേഷൻ മീറ്റിംഗ് എന്നിവ നടത്തപ്പെട്ടു. SAFP പ്രോജക്ടിന്റെ ഭാഗമായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ഒരു ക്യാമ്പ് NDS കയ്യൂന്നി യൂണിറ്റിന്റെ ഓഫീസിൽവെച്ച് നടത്തുകയും 50 ഓളം പേരുടെ വിവരശേഖരണം നടത്തുകയും ചെയ്തു.

**ഫാ. ബിനോയി കെ സെബാസ്റ്റ്യൻ**

ഡയറക്ടർ, നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി (NDS)

**നിലമ്പൂർ ഫൊറോന**

നിലമ്പൂർ ഫൊറോനയിലെ മുഴുവൻ ഇടവകകളിലും കത്തോലിക്ക കോൺഗ്രസ് യൂണിറ്റ് രൂപീകരിച്ചു. നിലമ്പൂർ ഇടവകയിൽ ഫൊറോന വികാരി ഫാ. സെബാസ്റ്റ്യൻ പുത്തേൻ സെമിനാർ ഉദ്ഘാടനം ചെയ്തു. ശ്രീ അനീഷ് ഓമക്കര ക്ലാസുകൾ നയിച്ചു. ഇലക്ഷന് നേതൃത്വം നൽകി. ഇടവക ഭാരവാഹികളെ തെരഞ്ഞെടുത്തു. ഇടിവണ്ണ ഇടവകയിൽ വികാരി ഫാ. കുര്യാക്കോസ് കുമ്പുക്കൽ സെമിനാർ ഉദ്ഘാടനം ചെയ്തു. ഡോ. കെ. പി. സാജു കൊല്ലപ്പള്ളി സെമിനാറിനും തെരഞ്ഞെടുപ്പിനും നേതൃത്വം നൽകി ഭാരവാഹികളെ തിരഞ്ഞെടുത്തു. പൂക്കോട്ടുംപാടം ഇടവകയിൽ ഇടവക വികാരി ഫാ. ഷാജു മുളവേലിക്കുന്നേൽ സെമിനാർ ഉദ്ഘാടനം ചെയ്തു. ജോൺസൺ തൊഴുത്തുങ്കൽ ക്ലാസിനും തെരഞ്ഞെടുപ്പിനും നേതൃത്വം നൽകി. ഭാരവാഹികളെ തിരഞ്ഞെടുത്തു. പൂളപ്പാടം ഇടവകയിൽ ഇടവക വികാരി ഫാ. ജസ്റ്റിൻ മൂന്നനാൽ സെമിനാർ ഉദ്ഘാടനം ചെയ്തു. മോളി മമ്മൂട്ടിൽ സെമിനാറിന് നേതൃത്വം നൽകി. ചോക്കാട് ഇടവകയിൽ ഇടവക വികാരി ഫാ. സജി പുതുകുളങ്ങര സെമിനാർ ഉദ്ഘാടനം ചെയ്തു. സിബി സാർ സെമിനാറിന് നേതൃത്വം നൽകി. തേൾപ്പാറ ഇടവകയിൽ ഫാ. സുനിൽ മഠത്തിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. ശ്രീ. മാത്യു തറയിൽ സെമിനാറിനും തിരഞ്ഞെടുപ്പിനും നേതൃത്വം നൽകി. വടപുറം ഇടവകയിൽ വികാരി ഫാ. ബിജു സെമിനാർ ഉദ്ഘാടനം ചെയ്തു. അനീഷ് ഓമക്കര സെമിനാറിനും തെരഞ്ഞെടുപ്പിനും നേതൃത്വം നൽകി. മൂലേപാടം ഇടവകയിൽ വികാരി ഫാ. ഷിന്റോ പുലിക്കുഴിയിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. സജി ഫിലിപ്പ് സെമിനാറിനും തെരഞ്ഞെടുപ്പിനും നേതൃത്വം നൽകി. യൂണിറ്റ് ഭാരവാഹികളെ തിരഞ്ഞെടുത്തു. വള്ളിക്കെട്ട് ഇടവകയിൽ ഇടവക വികാരി ഫാ. ജിബിൻ വട്ടുകുളം സെമിനാർ ഉദ്ഘാടനം ചെയ്തു. ശ്രീ ജോൺസൺ തൊഴുത്തുങ്കൽ

സെമിനാറിനും തെരഞ്ഞെടുപ്പിനും നേതൃത്വം നൽകി. ഭാരവാഹികളെ തിരഞ്ഞെടുത്തു. ടി. കെ. കോളനിയിൽ ഇടവക വികാരി ഫാ. ഷിൻസ് എം. എസ്. എഫ്. എസ്. സെമിനാർ ഉദ്ഘാടനം ചെയ്തു. മാത്യു തറയിൽ സെമിനാറിനും തെരഞ്ഞെടുപ്പിനും നേതൃത്വം നൽകി. മുട്ടിയേൽ ഇടവകയിൽ ഫാ. സിജോ പാലാത്ത് സെമിനാർ ഉദ്ഘാടനം ചെയ്തു. ശ്രീ തോമസ് പട്ടമന സെമിനാറിനും തെരഞ്ഞെടുപ്പിനും നേതൃത്വം നൽകി ഭാരവാഹികളെ തിരഞ്ഞെടുത്തു. നിലമ്പൂർ ഫൊറോനയിൽ റൂബിനഗർ ഒഴികെയുള്ള എല്ലാ ഇടവകകളിലും യൂണിറ്റുകൾ സ്ഥാപിച്ചു. കത്തോലിക്കാ കോൺഗ്രസിന്റെ യൂണിറ്റുകൾ രൂപീകരിച്ച് പ്രവർത്തനം ശക്തിപ്പെടുത്തുവാൻ നേതൃത്വം നൽകിയ ഫൊറോന വികാരി ഫാ. സെബാസ്റ്റ്യൻ പുത്തേനച്ചനെ നന്ദിയോടും സ്നേഹത്തോടും കൂടി ഓർക്കുന്നു. എല്ലാ ക്രമീകരണങ്ങളും ചെയ്ത് യൂണിറ്റ് രൂപീകരണം നടത്താൻ മുൻകൈയെടുത്ത നിലമ്പൂർ ഫൊറോന കത്തോലിക്ക കോൺഗ്രസ് ഡയറക്ടർ സുനിൽ മഠത്തിൽ അച്ചനെയും നന്ദിപൂർവ്വം ഓർക്കുന്നു.

**തരിയോട് ഫൊറോനാ യൂണിറ്റ് രൂപീകരണം**

നവംബർ 9 ഞായറാഴ്ച തരിയോട് ഫൊറോനയിലെ എല്ലാ ഇടവകകളിലും കത്തോലിക്കാ കോൺഗ്രസ് രൂപീകരണ സെമിനാറും തെരഞ്ഞെടുപ്പും നടന്നു. കുറുമണി ഇടവകയിൽ ഫാ. ചാക്കോ വാഴക്കാലാ സെമിനാർ ഉദ്ഘാടനം ചെയ്തു. രൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പുരക്കൽ ക്ലാസ് നയിച്ചു. യൂണിറ്റ് തെരഞ്ഞെടുപ്പ് നടന്നു. കുറുമ്പാല ഇടവകയിൽ ഇടവക വികാരി ഫാ. ജോജോ കുടക്കച്ചിറ ഉദ്ഘാടനം ചെയ്തു. രൂപതാ വൈസ് പ്രസിഡന്റ് റെനിൽ കഴുതാടിയിൽ സെമിനാറിനും തെരഞ്ഞെടുപ്പിനും നേതൃത്വം നൽകി. ഭാരവാഹികളെ തിരഞ്ഞെടുത്തു. പുതുശ്ശേരികടവ് ഇടവകയിൽ ഇടവക വികാരി ഫാ. ജിമ്മി മൂലയിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. രൂപതാ ടീം മെമ്പർ മാത്യു തറയിൽ സെമിനാറിനും തെരഞ്ഞെടുപ്പിനും നേതൃത്വം നൽകി. പന്തിപ്പൊയിൽ ഇടവകയിൽ ഇടവക വികാരി ഫാ. ജെയ്സ് ചെട്ടിയാശ്ശേരി സെമിനാർ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ സെമിനാറിനും തെരഞ്ഞെടുപ്പിനും നേതൃത്വം

നൽകി. മംഗളം ഇടവകയിൽ ഇടവക വികാരി ഫാ. ജോസ് ചക്കിട്ടക്കുടി സെമിനാർ ഉദ്ഘാടനം ചെയ്തു. രൂപതാ സെക്രട്ടറി തോമസ് പട്ടമന സെമിനാറിന് നേതൃത്വം നൽകി. മഞ്ഞൂറ ഇടവകയിൽ ഇടവക വികാരി ഫാ. തോമസ് പൊൻതൊട്ടി സെമിനാർ ഉദ്ഘാടനം ചെയ്തു. രൂപതാ ടീം മെമ്പർ ജേക്കബ് ബത്തേരി സെമിനാറിനും തെരഞ്ഞെടുപ്പിനും നേതൃത്വം നൽകി. തരിയോട് ഇടവകയിൽ ഫൊറോന വികാരി ഫാ. തോമസ് പ്ലാശനാൽ സെമിനാർ ഉദ്ഘാടനം ചെയ്തു. തെരഞ്ഞെടുപ്പിനും സെമിനാറിനും രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ നേതൃത്വം നൽകി. ഭാരവാഹികളെ തിരഞ്ഞെടുത്തു. കാവുമന്ദം ഇടവകയിൽ രൂപതാ ടീം മെമ്പർ ഡിന്റോ ജോസ് സെമിനാറിനും തിരഞ്ഞെടുപ്പിനും നേതൃത്വം നൽകി. ഭാരവാഹികളെ തിരഞ്ഞെടുത്തു. ഇടവക വികാരി ഫാ. ബാബു കക്കാട്ടിക്കാലായിൽ ഉദ്ഘാടനം ചെയ്തു. തരിയോട് ഫൊറോനയിലെ എല്ലാ ഇടവകകളിലും സെമിനാറുകൾ നടത്തുന്നതിനും യൂണിറ്റ് രൂപീകരിക്കുന്നതിനും ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനും അവസരം ഒരുക്കിയ ഫെറോന വികാരി ഫാ. തോമസ് പ്ലാശനാൽ അച്ചനും രൂപതാ ഡയറക്ടറും ഫൊറോന ഡയറക്ടറുമായ ഫാ. ജോബി മുക്കാട്ടുകാവുങ്കലച്ചനും ഹൃദയപൂർവ്വം നന്ദി അർപ്പിക്കുന്നു.

**ബത്തേരി ഫൊറോന**

കത്തോലിക്കാ കോൺഗ്രസ് ബത്തേരി ഫൊറോന കമ്മിറ്റി യോഗം നവംബർ 2-ന് ഞായറാഴ്ച ബത്തേരി അസംപ്ഷൻ സ്കൂളിൽ നടന്നു. ഫൊറോന പ്രസിഡന്റ് ഡേവി മങ്കുഴ അധ്യക്ഷത വഹിച്ചു. തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ ജനസംഖ്യാനുപാതികമായി സീറോ മലബാർ സമുദായത്തിനും സീറ്റുകൾ അനുവദിച്ച് തരണമെന്ന് വിവിധ രാഷ്ട്രീയ പാർട്ടികളോട് അവശ്യപ്പെട്ടു പ്രമേയം പാസാക്കി. പ്രവർത്തന ഫണ്ട് പ്രവർത്തനം ആരംഭിച്ചു രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ സെമിനാർ ഉദ്ഘാടനം ചെയ്തു. രൂപതാ ഭാരവാഹികളായ സാജു പുലിക്കോട്ടിൽ, തോമസ് പട്ടമന, ചാൾസ് വടശ്ശേരി, ജോഷി കാരക്കുന്നേൽ, ഫിലോമിന, ബേബി, ചെറിയാൻ ആലുങ്കൽ എന്നിവർ പ്രസംഗിച്ചു.

**ചുങ്കക്കുന്ന് ഫൊറോനാ കമ്മിറ്റി യോഗം**

ഫാത്തിമമാതാ ദേവാലയ ഓഡിറ്റോറിയത്തിൽ കമ്മിറ്റി യോഗം നടന്നു. ഫൊറോന പ്രസിഡന്റ് മാത്യു കൊച്ചുതറ അധ്യക്ഷത വഹിച്ചു. ഫൊറോന ഡയറക്ടർ ഫാ. ടോമി പുത്തൻപുര ഉദ്ഘാടനം ചെയ്തു. സെക്രട്ടറി ജോൺസ്, ജിൽസ് മേക്കൽ എന്നിവർ പ്രസംഗിച്ചു

**കോട്ടത്തറ**

കോട്ടത്തറ സെന്റ് ആന്റണീസ് ദേവാലയത്തിൽ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ സെമിനാർ നടന്നു. ഇടവക വികാരി ഫാ. മൈക്കിൾ വടക്കേമുളഞ്ഞിനാൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ നേതൃത്വം നൽകി.

**വൈത്തിരി ഇടവക സെമിനാർ**

നവംബർ 16-ന് ഞായറാഴ്ച വി. കുർബാനക്ക് ശേഷം വൈത്തിരി സെന്റ് മേരിസ് ദേവാലയത്തിൽ കത്തോലിക്കാ കോൺഗ്രസ് സെമിനാർ നടത്തി. ഇടവക വികാരി ഫാ.ജോണി കപ്യാരുമലയിൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുതുങ്കൽ ക്ലാസ് നയിച്ചു. ഭാരവാഹികളെ തിരഞ്ഞെടുത്തു.

**ജപ്തി നടപടി ഒഴിവാക്കാൻ ബിരിയാണി ചലഞ്ച്**

തോമാട്ടുചാൽ ഇടവകയിലെ പാവപ്പെട്ട ഒരു കുടുംബം കെ.എസ്.എഫ്.ഇ യിൽ നിന്ന് എടുത്ത വായ്പ തിരിച്ചടയ്ക്കാൻ പറ്റാത്ത സാഹചര്യത്തിൽ ജപ്തി നടപടി നേരിട്ടപ്പോൾ ആ കുടുംബത്തെ ജപ്തി നടപടിയിൽ നിന്ന് സംരക്ഷിക്കുന്നതിന് കത്തോലിക്ക കോൺഗ്രസ് യൂണിറ്റിന്റെ നേതൃത്വത്തിൽ ബിരിയാണി ചലഞ്ച് നടത്തി. ഇടവകയുടെ പൂർണ്ണ പിന്തുണയും ഉണ്ടായിരുന്നു. മിഷൻലീഗ്, കെ.സി.വൈ.എം, മാതൃവേദി അംഗങ്ങൾ സഹായിച്ചു. ഇടവക വികാരി ഫാ. വിൻസെന്റ് കളപ്പുര, ട്രസ്റ്റിമാരായ ജോസഫ് പുളിക്കൽ, തങ്കച്ചൻ പുലിയിളക്കൽ, ജിനു, ജോയ് വടക്കൂട്ട്, കത്തോലിക്ക കോൺഗ്രസ് രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ, യൂണിറ്റ് പ്രസിഡന്റ് തോമസ് ചേലക്കൽ, ജിൽസൺ പുളിമൂട്ടിൽ, റോയി തേക്കുമല, തങ്കച്ചൻ നെല്ലുനിൽക്കുംതടത്തിൽ എന്നിവർ നേതൃത്വം നൽകി. 121000 രൂപ സമാഹരിക്കാൻ സാധിച്ചു.

കഴിഞ്ഞ വർഷത്തെ നീറ്റ് പരീക്ഷയിൽ 551 റാങ്ക് നേടി തിരുവനന്ത പുരം മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്. പ്രവേശനം നേടിയ ഇടവകയിലെ വിദ്യാർത്ഥിനിക്ക് കത്തോലിക്കാ കോൺ ഗ്രസ് 40,000 രൂപ നൽകി ആദരിച്ചു.

**നന്ദിയോടെ**

നിലമ്പൂർ ഫൊറോന കത്തോലിക്കാ കോൺഗ്രസ് ഡയറക്ടർ റവ. ഫാ. സുനിൽ മഠത്തിൽ തേൾപ്പാറ ഇടവകയിൽ നിന്ന് സ്ഥലം മാറി പോകുന്നതിനാൽ ഫൊറോന ഡയറക്ടർ സ്ഥാനത്ത് നിന്ന് വിരമിച്ചു. നിലമ്പൂർ ഫൊറോനയിൽ എല്ലാ ഇടവക കളിലും അച്ചന്റെ നേതൃത്വത്തിൽ യൂണിറ്റുകൾ ആരംഭിച്ചു. കത്തോലിക്കാ കോൺഗ്രസിന് നൽകിയ സേവനം നന്ദിയോടെ ഓർമ്മിക്കുന്നു. എല്ലാവിധ ആശംസകളും നേരുന്നു.

**സ്വാഗതം**

നിലമ്പൂർ ഫൊറോനയുടെ കത്തോലിക്കാ കോൺഗ്രസ് ഡയ റക്ടറായി റവ. ഫാ. ജസ്റ്റിൻ മൂന്നാനാലച്ചനെ നിലമ്പൂർ വൈദിക സമ്മേളനം തെരഞ്ഞെടുത്തു. ജസ്റ്റിനച്ചന് കത്തോലിക്കാ കോൺ ഗ്രസിലേക്ക് ഹൃദ്യമായ സ്വാഗതം.

**ആദരാഞ്ജലികൾ**

കത്തോലിക്ക കോൺഗ്രസ് അടയ്ക്കാത്തോട് യൂണിറ്റ് പ്രസി ഡണ്ടും ഫൊറോന കമ്മിറ്റി അംഗവുമായ ജോസഫ് ആഞ്ഞിലി വേലിയുടെ അകാല നിര്യാണത്തിൽ രൂപതാ സമിതി അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു. കുടുംബത്തിന് അനുശോചനം അറിയി ക്കുന്നു. ചുങ്കക്കുന്ന് ഫൊറോന ഡയറക്ടർ ഫാ. ടോമി പുത്തൻപുര അച്ചന്റെ നേതൃത്വത്തിൽ മേഖലാ ഭാരവാഹികൾ പരേതന്റെ ഭവനം സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. നിത്യസമ്മാന ത്തിന് അർഹനാകട്ടെയെന്നു പ്രാർത്ഥിക്കുന്നു.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡണ്ട്

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

മനുഷ്യന്റെയും മണ്ണിന്റെയും ആവാസവ്യവസ്ഥയുടേയും ആരോഗ്യം നിലനിർത്തുന്നതിനായി ജൈവ കീടനാശിനികൾ, കംപോസ്റ്റ്, പച്ചില വളങ്ങൾ, ഇടവിള കൃഷി, യാന്ത്രികനടീൽ തുടങ്ങിയവയെ ആശ്രയിച്ച് രാസവളങ്ങളും, കൃത്രിമ രാസകീടനാശിനികളും തീർത്തും ഒഴിവാക്കി ചെടിവളർച്ചാ നിയന്ത്രണ വസ്തുക്കൾ, കന്നുകാലി/കോഴിതീറ്റകളിൽ ചേർക്കുന്ന രാസപദാർഥങ്ങൾ, ജൈവമാറ്റം വരുത്തിയ വിത്തുകൾ എന്നീ രീതികൾ ഉപയോഗിക്കാതെയും നടത്തപ്പെടുന്ന കൃഷിരീതിയെ പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട ജീവിത നിലവാരം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുന്നത്തിനുമായി നടപ്പിലാക്കുന്ന ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാപദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 19099 കർഷകരാണ് 1115 ഗ്രൂപ്പുകളിലായി (48 ICS- Internal control-system) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICSÂ- 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**പദ്ധതിയിൽ അംഗത്വം**

ബയോവിൻ നടപ്പിലാക്കുന്ന ജൈവസുസ്ഥിര മാനദണ്ഡ പ്രകാരം കൃഷിരീതികൾ അനുവർത്തിക്കുന്നതിനും, ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഒരേക്കർ എങ്കിലും കൃഷിയിടമുള്ള ആർക്കും സാധ്യമാണ്. പ്രസ്തുതരീതിയിൽ പ്രവർത്തിക്കുന്ന മറ്റ് സംഘടനകളിൽ അംഗത്വം ഇല്ലാത്ത, ബയോവിന്നിൽ ചേർന്ന് പ്രവർത്തിക്കുവാൻ താൽപര്യപ്പെടുന്ന കർഷകർക്ക് നിങ്ങളുടെ പഞ്ചായത്തിലെ ഫീൽഡ് കോർഡിനേറ്ററുമായി (F-C-H-) ബന്ധപ്പെടാവുന്നതാണ്.

**NPOP ഓഡിറ്റ് പൂർത്തീകരിച്ചു**

മീനങ്ങാടി, പനമരം, തവിഞ്ഞാൽ, മാനന്തവാടി, പുൽപള്ളി എന്നിവിടങ്ങളിലായി 05 ICS കളുടെ ജൈവ സർട്ടിഫിക്കേഷൻ

ഓഡിറ്റ് പൂർത്തീകരിച്ചു. കൃഷി ചെയ്യുന്ന ഉത്പന്നങ്ങൾ ഇന്ത്യയിൽ ഓർഗാനിക് ലേബലിൽ വിപണനം നടത്തണമെങ്കിൽ നാഷണൽ പ്രോഗ്രാം ഫോർ ഓർഗാനിക് പ്രൊഡക്ഷൻ (NPOP) എന്ന ഈ സർട്ടിഫിക്കേഷൻ നിർബന്ധമാണ്.

**കർഷക സെമിനാർ സംഘടിപ്പിച്ചു**

കാലാവസ്ഥാ വ്യതിയാനവും കാർഷിക മേഖലയും എന്ന വിഷയത്തെ ആസ്പദമാക്കി മുള്ളൻകൊല്ലി പഞ്ചായത്തിലെ കബനിഗിരിയിൽ വച്ച് സെമിനാർ സംഘടിപ്പിച്ചു. വയനാട് ജില്ലയിൽ തന്നെ കാർഷിക വിളകളെ കാലാവസ്ഥ വ്യതിയാനം ഏറെ പ്രതികൂലമായി ബാധിച്ചത് കബനിഗിയിലെ കർഷകരെയാണ് എന്ന കണ്ടെത്തലിന്റെ വെളിച്ചത്തിലായിരുന്നു സെമിനാർ. ബയോവിൻ അസോസിയേറ്റ് ഡയറക്ടർ ഫാ. രജീഷ് കറുത്തേടത്ത്, പർച്ചേസ് മാനേജർ ശ്രീ. ഷാജി ജോസ് എന്നിവർ സംസാരിച്ചു. സർട്ടിഫിക്കേഷൻ & സസ്റ്റൈനബിലിറ്റി മാനേജർ ശ്രീമതി രമ്യ, ICS-കോർഡിനേറ്റർ ശ്രീ. മാത്യു ജോസഫ്, എന്നിവർ ക്ലാസ്സുകൾ നയിച്ചു. നൂറോളം കർഷകർ പങ്കെടുത്ത സെമിനാർ അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ ശ്രീമതി സുജ ജോയ് കോർഡിനേറ്റ് ചെയ്തു.

**സിഗ്‌വി -സസ്റ്റെയ്നബിൾ ഇൻകം ജനറേഷൻ ഫോർ വിമൻ എന്റർപ്രണേഴ്സ്**

മാനന്തവാടി പനമരം ബ്ലോക്കുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 20 വനിതകളെ ചേർത്തുകൊണ്ട് ബയോവിന്നിന്റെ നേതൃത്വത്തിൽ ആരംഭിച്ച സിഗ്‌വിയിലൂടെ (SIGWE -Sustainable Income Generation of Women Entrepreneurs) വനിതകളെ സ്വയം പര്യാപ്തതയിലേക്ക് എത്തിക്കുന്നതോടൊപ്പം ഗുണമേന്മയുള്ള കാർഷിക ഉൽപ്പങ്ങൾ ഉപയോഗിച്ച് മായംകലരാത്ത ഉത്പ്പന്നങ്ങൾ വിപണിയിൽ എത്തിക്കുക എന്നതുകൂടിയാണ് ബയോവിന്നിന്റെ ലക്ഷ്യം. ബയോവിൻ സഹായത്തോടെ ആരംഭിച്ച സ്വന്തം യൂണിറ്റുകളിൽ ഗുണമേന്മ ഉറപ്പുവരുത്തി സംസ്ക്കരണം നടത്തുന്ന ഉത്പന്നങ്ങൾ ബയോവിന്നിൽ എത്തിച്ച് ചേരുവകൾ കൃത്യമായി യോജിപ്പിച്ചതിനു ശേഷമാണ് വിപണിയിലേക്കെത്തിക്കുന്നതിനുള്ള പാക്കിങ് നടക്കുക. മുഴുവൻ പ്രവർത്തനങ്ങളിലും ക്വാളിറ്റി കൺട്രോൾ മാനേജരുടെ മേൽനോട്ടം ബയോവിൻ ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

കറിമസാലകളും, കാപ്പി-ചായപൊടികളും, ബ്രേയ്ക്ഫാസ്റ്റ് പൗഡറുകളുമാണ് നിലവിൽ സിഗ്‌വി ബ്രാൻഡിൽ വിപണന മാരംഭിച്ചിരിക്കുന്നത്. ബയോവിൻ ഫാക്ടറി ഔട്‌ലെറ്റിൽ ഇവ ലഭ്യ മാണ്.

**സിഗ്‌വി ബസാർ അറുപതാമത് സ്റ്റാൾ പ്രവർത്തനമാരംഭിച്ചു**

ഇടവകകളിൽ ഇടവക ജനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന സിഗ്‌വിബസാർ സ്റ്റാൾ ഉത്ഘാടനവും വിപണവും ശിശുമല, മുള്ളൻകൊല്ലി, പുൽപള്ളി, സീതാമൗണ്ട് ഇടവകകളിൽ നടന്നു. സിഗ്‌വിയിലൂടെ തയ്യാറാക്കപ്പെടുന്ന മായമില്ലാത്ത ഭക്ഷ്യ വസ്തുക്കൾ, മിതമായ വിലയിൽ ഉപഭോക്താവിന്റെ ഏറ്റവും അരികെ എത്തിക്കുക എന്ന ഉദ്ദേശത്തോടെയാണ് ഈ സംരം ഭത്തിന് തുടക്കമിട്ടിരിക്കുന്നത്. ഞായറാഴ്ചകളിൽ സിഗ്‌വി ബസാറി ലൂടെയും, മറ്റുദിവസങ്ങളിൽ പഞ്ചായത്ത്തല വാർഡ് അടിസ്ഥാന ത്തിൽ വീട്‌വീടാന്തരവും നേരിട്ട് വിപണനം നടത്തുന്നതുമായിരി ക്കും.ബയോവിൻ അഗ്രോ റിസേർച്ച് പത്താം വാർഷികത്തോടനു ബന്ധിച്ച്, റീട്ടെയ്ൽ ബ്രാൻഡായ സിഗ്‌വിയിലൂടെ മായം കലരാത്ത ഉത്പന്നങ്ങൾ മിതമായ നിരക്കിൽ ജനങ്ങളിലേക്ക് എന്ന ലക്ഷ്യ ത്തോടെ സിഗ്‌വി ഉത്പന്നങ്ങൾ കോമ്പോ പാക്കുകളായി വിപണി യിലെത്തിക്കുന്നു. ഇന്ത്യയിലെവിടെയും ആർക്കും വിപണനം നടത്തിവരുമാനമുണ്ടാക്കാം എന്നതാണ് പ്രത്യേകത. ഒക്ടോബർ 10 മുതൽ ജനുവരി 10 വരെയാണ് കാലാവധി. ഉപഭോക്താക്കൾക്കും മികച്ച രീതിയിൽ വിപണനം നടത്തുന്ന വിപണനക്കാരനും നറുക്കെ ടുപ്പ് വഴി ആകർഷകമായ സമ്മാനങ്ങളും ഒരുക്കിയിട്ടുണ്ട്. സിഗ്‌വി കേക്ക്, ബേക്കറി ഉത്പനങ്ങൾ വിപണിയിൽ എത്തിക്കുന്നതിന്റെ ഭാഗമായി ട്രയൽ റൺ, മെഷീൻ ഇൻസ്പെക്ഷൻ എന്നിവ നടന്നു. ക്രിസ്മസ് വിപണിയിലേക്കായി പ്ലംകേക്ക്, ക്യാരറ്റ് ഡേറ്റ്സ് കേക്ക് ഉത്പാദനം ആരംഭിക്കുവാൻ പദ്ധതിയിട്ടിരിക്കുന്നു. 2026 ജനുവരി മുതൽ എല്ലാ ബേക്കറി ഉത്പനങ്ങളും വിപണിയിൽ ഇറക്കുക യാണ് ലക്ഷ്യം. കൂടുതൽ വിവരങ്ങൾ അറിയുന്നതിനായി താഴെ കാണുന്ന നമ്പറിൽ വിളിക്കാവുന്നതാണ്.

Mr. ലൻസ് ഫിലിപ്പ് : 8921595366 (info@sigwe.in)

**സംസ്കരണം, വിപണനം**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്യവർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാൻറ് അഗ്രോ പ്രോസസ്സിംഗ് സെന്റർ കാപ്പി, കുരുമുളക്, ഇഞ്ചി, മഞ്ഞൾ തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി ജർമ്മനി, ഇറ്റലി, ഫ്രാൻസ്, ബെൽജിയം, പോളണ്ട്, UAE, USA, ന്യൂസിലാൻഡ്, കാനഡ, ഓസ്ട്രേലിയ, സ്പെയിൻ, UK, പോർട്ടുഗൽ, അയർലണ്ട്, ഒമാൻ, ഓസ്ട്രിയ, ടർക്കി, ഡെൻമാർക്ക്, സ്വീഡൻ, നെതർലൻഡ്സ് എന്നിവിടങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു. റഷ്യ, ഉക്രൈൻ, ഈജിപ്ത്, ഇസ്രായേൽ തുടങ്ങിയ രാജ്യങ്ങളിലേക്ക് പുതുതായി വിപണി കണ്ടെത്തുവാനും കഴിഞ്ഞിട്ടുണ്ട്.

**അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**സ്വച്ഛ സുജല ഗ്രാമം**

കേന്ദ്ര ജലശക്തി മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടെ കമ്മ്യൂണിറ്റി റേഡിയോ അസോസിയേഷനുമായി സഹകരിച്ച് ജൽ ജീവൻ മിഷന്റെ ആഭിമുഖ്യത്തിൽ റേഡിയോ മാറ്റൊലി തയ്യാറാക്കി അവതരിപ്പിക്കുന്ന ബോധവത്കരണ പരമ്പര നവം. 12-ന് പ്രക്ഷേപണം ആരംഭിച്ചു. ശുചിത്വത്തേയും ശുദ്ധമായ കുടിവെള്ളത്തിന്റെ ആവശ്യകതയേയും കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കാനുള്ള പ്രൊജക്ടാണ് സ്വച്ഛ സുജല ഗ്രാമം എന്ന റേഡിയോ പരമ്പര. വാഷ് (WASH) അതായത് വാട്ടർ സാനിറ്റേഷൻ ആന്റ് ഹൈജീൻ എന്ന പേരിലാണ് കേന്ദ്രമന്ത്രായം ഈ പദ്ധതി നടപ്പിലാക്കുന്നത്.

**കർഷകർക്കൊരു കൈത്താങ്ങ്**

ക്ലൈമറ്റ് സ്മാർട്ട് കോഫി പ്രൊജക്ട് കർഷകർക്കായി നൽകുന്ന സേവനങ്ങളും പദ്ധതികളും വിശദമാക്കുന്ന കർഷകർക്കൊരു കൈത്താങ്ങ് എന്ന പരമ്പര പ്രക്ഷേപണം ചെയ്തു. ക്ലൈമറ്റ് സ്മാർട്ട് കോഫി പ്രൊജക്ട് അഡ്വൈവെസേഴ്സ് ആയ ഡോ. ജോർജ്ജ് ഡാനിയേൽ, എം. പ്രകാശ്, ധർമ്മരാജ് എന്നിവർ പരിപാടിയിൽ പങ്കെടുത്ത് വിവരങ്ങൾ പങ്കുവെച്ചു.

**കേരളപ്പിറവി, വയനാട്പിറവി**

കേരളപ്പിറവി, വയനാട്പിറവി എന്നിവയോടനുബന്ധിച്ച് നവംബർ 1-ന് വിവിധ പ്രോഗ്രാമുകൾ പ്രക്ഷേപണം ചെയ്തു. ശ്രോതാക്കളുടെ ഓർമ്മകൾ ഉൾപ്പെടുത്തിയുള്ള എന്റെ നാട്, 70 വർഷം പിന്നിട്ട കേരളത്തിന്റെ വിവിധ മേഖലകളിലുണ്ടായ വളർച്ചയും പ്രതീക്ഷകളും ചർച്ച ചെയ്ത മഹിതകേരളം പരമ്പര എന്നീ പ്രോഗ്രാമുകൾ പ്രക്ഷേപണം ചെയ്തു.

**ചിലമ്പൊലി**

നവം 4, 5, 6, 7, 8 തിയ്യതികളിൽ തൊണ്ടർനാട് എം.റ്റി.ഡി. എം. എച്ച്. എസ്. എസി ൽ നടന്ന മാനന്തവാടി ഉപജില്ലാ സ്കൂൾ

കലോത്സവം 2025 മത്സരങ്ങൾ റെക്കോർഡ് ചെയ്യുകയും പ്രക്ഷേപണം ചെയ്യുകയും ചെയ്തു.

**പഠന സന്ദർശനം**

കോട്ടക്കൽ ഐ. യു. എച്ച്. എസ്. എസ് പരപ്പൂർ, കളമശ്ശേരി സെന്റ് പോൾസ് കോളേജ് എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾ ഒക്ടോബർ 25 - നും കോഴിക്കോട് ഗവ.ആർട്സ് ആന്റ് സയൻസ് കോളേജിലെ വിദ്യാർത്ഥികൾ ഒക്ടോബർ 27-നും മാറ്റൊലി സന്ദർശിച്ചു.

**ഫാ. ജോസ് കാവുങ്കൽ**

അസ്സി. ഡയറക്ടർ, റേഡിയോ മാറ്റൊലി

**New Appointments**

Prof. Thomas Monoth, Department of Computer Science was appointed as the Principal of the college and Fr. Ajay Antony, Department of Malayalam was appointed as the Vice Principal.

**Inter Collegiate Volleyball Tournament**

The college hosted the Inter Collegiate Volleyball Tournament organized by the Janamaithry Excise Squad, Mananthavady, as part of the Vimukthi Programme under the state's de-addiction initiatives on October 30, 2025.

**Ignite 2025**

The college conducted *Ignite 2025*, a programme for gifted children in Wayanad, for the high school section on 15 November 2025.

**Kannur University Volleyball Championship(Women)**

The college hosted Kannur University Inter Collegiate Volleyball Championship(Women) on November 15, 2025.

**Departments / Clubs Activities**

- The Examination Committee organized an Exam Clinic for first-year students on 16 October 2025.
- The PG & Research Department of Computer Science conducted a Workshop on EDGE AI on 17 October 2025.
- The Youth Red Cross Society organized a CPR Training Programme in association with the Indian Red Cross Society on 17 October 2025.
- IQAC organized a Faculty Development Programme on *Enhancing Scholarly Research Through Open Access & Interdisciplinary E-Resources* on 25 October 2025.
- IQAC also organized a Hands-on Training Programme for faculty members titled *Unleashing Moodle LMS for Student Learning* on 25 October 2025.
- The Department of Commerce, in association with ISDC, or-

ganized an ACCA Orientation Programme on 27 October 2025.

- NSS organized a Pledge Taking Ceremony in connection with National Unity Day on 31 October 2025.
- The Department of Malayalam celebrated Keralapiravi on 1 November 2025.
- The Career Guidance and Placement Cell, in association with Global Reach, organized a Career Seminar on Overseas Education on 3 November 2025.
- The Career Guidance and Placement Cell, in association with the Sambhav Foundation and ASAP Kerala, organized a Placement Readiness Programme from 4 to 6 November 2025.
- The NCC Naval Unit organized a Poster-making Competition on 7 November 2025 as part of the celebration of 150 Years of Vande Mataram.
- The Career Guidance and Placement Cell, in association with the Poorva Vidhyarthi Association, organized a PSC Examination Orientation on 7 November 2025.
- The Department of Commerce organized a Workshop on Research Methodology on 13 November 2025.
- The NCC Naval Unit organized a Quiz Competition on 14 November 2025 in celebration of Children's Day.

**Malayala Bhasha Varaghosham**

- NSS, in association with the Department of Malayalam, organized a Malayalam Speaking Competition on 28 October 2025.
- The PG & Research Department of Computer Science organized a Malayalam Typing Competition on 31 October 2025.
- The PG & Research Department of Mathematics organized a Handwriting Competition on 3 November 2025.
- The Department of Hindi conducted a Hindi-to-Malayalam Translation Competition on 3 November 2025.
- The Department of Malayalam organized a Quiz Competition, Photography Contest, Flash Mob, Dictation Competition, Word Building Competition, and an Art Gallery Visit from 3 to 7 November 2025.

- The Department of Commerce organized a Quiz Competition on 31 October 2025.

**Inclusive Community Engagement**

- The Departments of Mathematics, Physics and Chemistry visited the students of Emmaus Villa Special School, Thonichal on 22 October, 2025.
- The Department of English visited the students of Tezza's Special School, Kuzhinilam, on 29 October 2025.
- The PG & Research Department of Computer Science visited Jeevandhara Rehabilitation Centre on 30 October 2025.
- The Research Department of Zoology visited Samaritan Bhavan Old Age Home on 31 October 2025.
- The Department of Social Science-Economics visited St. Anne's old age home on 31 October, 2025

**Faculty Achievements**

- Fr. Jerry Onampally, Assistant Professor, Department of Journalism, presented a research paper at the 6th Kyoto Conference on Arts, Media & Culture, Japan, on 6 November 2025.
- Dr. Eldho K. J., Assistant Professor, and Ms. Nimisha P., Junior Research Fellow of the Department of Computer Science, published a paper titled *"Advancements in AI-Powered Code Generation: A Comparative Analysis of Modern LLMs"* as part of the 4th International Conference on Innovative Mechanisms for Industry Applications (ICIMIA 2025), published in IEEE Xplore (Scopus indexed).

**Student / Alumni Achievements**

- Ms. Athira P. Manoj of the BSc Computer Science 2012–2015 batch secured State First Rank in the PSC Examination for the post of Nursery Teacher in the Social Justice Department.
- OU Najiya Nasrin was selected for RDC-IGC from 22 to 31 October 2025 and for PRE RDC-1.
- Ms. Anusree K. B. secured the Silver Medal in the Kannur University Intercollegiate Wrestling Championship (U–70 kg).

**Prof. Thomas Monoth**
Principal

## ഫെഡാർ ഫൗണ്ടേഷൻ

**ജർമ്മൻ പ്രോഗ്രാം**

ഇക്കഴിഞ്ഞ മാസം വന്ന റിസൾട്ടുകളിൽ ഫെഡാർ ലാങ്ഗ്വേജ് സ്കൂളുകളിൽ പഠിച്ച 8 കുട്ടികൾ B2 പാസ് ആയി. ഫെഡാർ ക്യാമ്പസുകളിൽതന്നെ പഠിച്ച ആദ്യ നഴ്സിംഗ് ബാച്ചിലെ 4 പേർ ഉൾപ്പടെ 6 നഴ്സുമാർ ഫെഡാർ ഫൗണ്ടേഷൻ വഴിയായി ജർമ്മനിയിൽ എത്തിച്ചേർന്നു. അതോടൊപ്പം ഫെഡാർ ക്യാമ്പസുകളിൽ പഠിച്ച 18 കുട്ടികളും ഫൗണ്ടേഷൻ വഴിയായി ജർമ്മനിയിൽ എത്തിച്ചേർന്നു. പുതിയ ബാച്ച് 16 കുട്ടികളുമായി ഒക്ടോബർ 20 ന് കാട്ടിക്കുളത്ത് ആരംഭിച്ചു.

**ഫെഡാർ കണക്ട്**

ഫെഡാർ കണക്റ്റിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് പുഴമുടി, നിരവിൽപുഴ, കണിയാമ്പറ്റ, മക്കിയാട്, കബനിഗിരി, മരക്കടവ്, കമ്മന, മഞ്ഞൂറ എന്നി ഇടവകയിൽ സന്ദർശനം നടത്തി കുട്ടികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി.

**റസിഡൻഷ്യൽ സ്കൂൾ**

നവംബർ 2- ന് പ്ലസ് വൺ റസിഡൻഷ്യൽ സ്കൂൾ കുട്ടികൾക്കായി സെക്സ് എഡ്യൂക്കേഷൻ സംബന്ധമായ ക്ലാസ് നല്കി. രൂപതാ ഫാമിലി അപ്പസ്തോലെറ്റ് ടീം ബഹു. ഫാ. ജോസഫ് പരുവുമ്മേൽ, ഡോ. അബ്രാഹം ചെത്തിപ്പുഴ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നല്കി. കുട്ടികൾക്ക് സൈക്കോളജിക്കൽ സപ്പോർട്ട്, കൗൺസലിംഗ് സെഷൻസ് മുതലായവ സി. റെജിൻ MSMI യുടെ നേതൃത്വത്തിൽ തുടർന്നുകൊണ്ടിരിക്കുന്നു.

**TECLESIA**

നവംബർ 19-ാം തീയതി (ബുധനാഴ്ച) മാനന്തവാടി ഫൊറോനയിലെ ബഹുമാനപ്പെട്ട വൈദികർക്കും TECLESIA പ്ലാറ്റ്ഫോം ഇൻചാർജായ അൽമായർക്കും വേണ്ടി TECLESIA പ്ലാറ്റ്ഫോമിന്റെ പരിശീലനവും സംശയനിവാരണവും നടത്തി. രാവിലെ 10:00 മണിക്ക് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ സെഷനോടെ പരിപാടി ആരംഭിച്ചു. ഉച്ചഭക്ഷണത്തിന് ശേഷം 2:00 മണിക്ക് പരിശീലനം സമാപിച്ചു.

ഇടവകകളിൽ ഡേറ്റാ അപ്ഡേറ്റ് ചെയ്യുവാൻ, ഡേറ്റ എൻട്രി ചെയ്യുന്നവർ ലഭ്യമാണ്. അതിനായി ലൂയിസ് തുരുത്തിയിൽ അച്ചനെ (8289862550) കോൺടാക്ട് ചെയ്യുക.

**ഫാ. അരുൺ മഠത്തിപ്പറമ്പിൽ**
ജി. എം. ഫെഡാർ ഫൗണ്ടേഷൻ

## St. Fransis Day Celebration

സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റൽ SA ബ്ലോക്കിൽ (സെന്റ് ഫ്രാൻസിസ് ബ്ലോക്ക് ) സെന്റ് ഫ്രാൻസിസ് തിരുനാൾ ആഘോഷിച്ചു. ആഘോഷത്തോടനുബന്ധിച്ച് കേക്ക് മുറിക്കലും മധുര വിതരണവും നടത്തി.

**സൗജന്യ മെഡിക്കൽ ക്യാമ്പ്**

മാനന്തവാടി സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ ഐ.സി.ഡി.എസു മായി സഹകരിച്ചുകൊണ്ട് സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. പുൽപ്പള്ളിയിലെ അംഗൻവാടി ടീച്ചേഴ്സിനും അമ്മമാർക്കും കുട്ടികൾക്കും വേണ്ടിയാണ് സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചത്. ശിശു വികസന പദ്ധതി ഓഫീസർ ലീഷ്മ സ്വാഗതം പറഞ്ഞു. പുൽപ്പള്ളി പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശോഭന സുകു അധ്യക്ഷത വഹിച്ച ക്യാമ്പ് പുൽപ്പള്ളി പഞ്ചായത്ത് പ്രസിഡന്റ് ദിലീപ് കുമാർ ഉദ്ഘാടനം ചെയ്തു. ഹോസ്പിറ്റൽ ആർ. എം. ഒ. ലിയോ ടോം, സ്ത്രീ രോഗ വിഭാഗം ഡോക്ടർ പാർവതി വേണുഗോപാൽ എന്നിവർ വിവിധ വിഷയങ്ങളെ കുറിച്ചുള്ള ക്ലാസുകൾ നൽകുകയും പരിശോധന ലഭ്യമാക്കുകയും ചെയ്തു. കാഴ്ച പരിശോധന, തൈറോയിഡ് പരിശോധന, മരുന്നുകൾ എന്നിവ സൗജന്യമായി ലഭ്യമാക്കി. ക്യാമ്പിൽ 170 പേരോളം പങ്കെടുത്തു.

**സൗജന്യ മെഡിക്കൽ ക്യാമ്പ്**

മാനന്തവാടി സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ, ICDS മായി സഹകരിച്ചുകൊണ്ട്സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. അമ്മമാർക്കും, കുട്ടികൾക്കും വേണ്ടിയാണ് സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചത്. ശിശുവികസന പദ്ധതി ഓഫീസർ ലീഷ്മ സ്വാഗതം പറഞ്ഞു. പൂതാടി പഞ്ചായത്ത് വൈസ് പ്രസിഡന്റ് അധ്യക്ഷത വഹിച്ച ക്യാമ്പ് പഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം ചയ്തു. ഹോസ്പിറ്റൽ ആർ.എം.ഒ. ഡോക്ടർ ലിയോ ടോം,

സ്ത്രീരോഗ വിഭാഗം ഡോക്ടർ പാർവ്വതി വേണുഗോപാൽ എന്നിവർ വിവിധ വിഷയങ്ങളെകുറിച്ചുള്ള ക്ലാസ്കൾ നല്കുകയും പരിശോധന ലഭ്യമാക്കുകയും ചെയ്തു. കാഴ്ച പരിശോധന, തൈറോയ്ഡ് പരിശോധന മരുന്നുകൾ എന്നിവ സൗജന്യമായി ലഭ്യമാക്കി. ക്യാമ്പിൽ 150 പേരോളം പങ്കെടുത്തു

## Hand Wash Day

കൈ കഴുകൽ ദിനത്തിന്റെ ഭാഗമായി സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലിൽ കൈകഴുകൽ ദിനം ആചരിച്ചു പരിപാടിയിൽ ഹോസ്പിറ്റൽ ആർ.എം.ഓ. ലിയോ കൈകഴുകൽ പ്രാധാന്യത്തെക്കുറിച്ച് പറഞ്ഞു കൊടുക്കുകയും കൈകഴുകൾ ഡെമോക്ലാസ് നൽകുകയും ചെയ്തു. ഹോസ്പിറ്റൽ ഡയറക്ടർ ഫാ. മാനേജ് കവലക്കാടൻ ഹോസ്പിറ്റൽ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോമേഷ് എന്നിവർ സംസാരിച്ചു. തുടർന്ന് ഹോസ്പിറ്റൽ സ്റ്റാഫ് നേഴ്സുമാരും ഡോക്ടർമാരും സംയുക്തമായി ചേർന്ന് ഹാൻഡ് സന്ദേശം നൽകുന്ന ഒരു ഡാൻസും അവതരിപ്പിച്ചു.

## BLS Training

സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ ഡയാന ജിമ്മിൽ മാനന്തവാടിയിൽ ബി എൽ സ് ട്രെയിനിങ് പ്രോഗ്രാം നടത്തി. പ്രസ്തുത പരിപാടിയിൽ 30 പേരോളം പങ്കെടുത്തു.

## BLS Training at Thirunelly Forest Office

സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ തിരുനെല്ലി ഫോറസ്റ്റ് ഓഫീസിൽ പരിശീലന ക്ലാസ് നടത്തി. പ്രസ്തുത പരിപാടിയിൽ 50 പേരോളം പങ്കെടുത്തു.

**സൗജന്യ മെഡിക്കൽ ക്യാമ്പ് ഒഴക്കോടി**

സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ ഒഴക്കോടിയിൽ സംഘടിപ്പിച്ചു.പ്രസ്തുത ക്യാമ്പ് ക്രൈസ്റ്റ് കോളേജ് ഇരിങ്ങാലക്കുടയിലെ MSW വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഒഴക്കോടി നാഷണൽ ജി. എൽ. പി. സ്കൂളിൽ വെച്ചാണ് ക്യാമ്പ് നടത്തിയത്. ക്യാമ്പിൽ 110 പേരോളം പങ്കെടുത്തു.

**സൗജന്യ മെഡിക്കൽ ക്യാമ്പ് മുള്ളൻകൊല്ലി**

സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ മുള്ളൻകൊല്ലി പഞ്ചായത്തിൽ ബോധവത്കരണ ക്ലാസും സൗജന്യ മെഡിക്കൽ ക്യാമ്പും നടത്തി.

**സൗജന്യ മെഡിക്കൽ ക്യാമ്പ്  മാനന്തവാടി പോലീസ് സ്റ്റേഷൻ**

മാനന്തവാടി സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലും മാനന്തവാടി പോലീസ് സ്റ്റേഷനും സംയുക്തമായി ചേർന്ന് മാനന്തവാടി പോലീസ് സ്റ്റേഷനിൽ വച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. പ്രസ്തുത ക്യാമ്പിൽ 42 പേർ പങ്കെടുത്തു.

**BLS TRAINING**

സെന്റ് ജോസഫ്സ് ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ ഹെക് സാഡ് ജിം മാനന്തവാടിയിൽ BLS പരിശീലന പരിപാടി നടത്തി. പരിപാടിയിൽ 90 പേരോളം പങ്കെടുത്തു

**BIOMEDICAL DEPARTMENT OFFICE BLESSING**

സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലിലെ ഐറ്റി ആൻഡ് ബയോ മെഡിക്കൽ ഡിപ്പാർട്ട്മെന്റിന്റെ പുതിയ ഒഫീസ് കെട്ടിട ത്തിന്റെ വെഞ്ചരിപ്പ് കർമ്മം ഫാ. മനോജ് കവലക്കാടന്റെയും, ഫാ. ജോമേഷ് തേക്കിലകാട്ടിന്റെയും നേതൃത്വത്തിൽ നടത്തി. വെഞ്ചരിപ്പ് കർമ്മത്തിൽ മറ്റ് എല്ലാ ഡിപ്പാർട്മെന്റ് ഇൻ ചാർജുകളും പങ്കെടുത്തു.

**ഫാ. മനോജ് കവലക്കാടൻ**
ഡയറക്ടർ, സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ

## കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

വിവിധ മേളകളിൽ അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിച്ച് മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളുടെ പേരും പ്രശസ്തിയും ഉയർത്താൻ പ്രയത്നിച്ച എല്ലാ വിദ്യാലയങ്ങളിലെയും അധ്യാപക അനധ്യാപകർക്കും അവർക്ക് നേതൃത്വം നൽകിയ പ്രധാനാധ്യാപകർക്കും വിജയങ്ങൾ കീഴടക്കിയ വിദ്യാർഥി പ്രതിഭകൾക്കും അവരെ പിന്തുണച്ച രക്ഷിതാക്കൾക്കും അഭിനന്ദനങ്ങൾ.

**വിദ്യാലയ വാർത്തകൾ**

**എൽ. പി. വിഭാഗം**

**I ദേവമാതാ എൽ. പി. സ്കൂൾ ആടിക്കൊല്ലി**

സുൽത്താൻ ബത്തേരി ഉപജില്ല കലാമേളയിൽ ആറാം സ്ഥാനം ലഭിച്ചു. ഉന്നതവിജയം നേടിയ വിദ്യാർത്ഥികളെ അഭിനന്ദിച്ചു.

**II സെന്റ് തോമസ് എൽ. പി. സ്കൂൾ അരിഞ്ചേർമല**

ശാസ്ത്രമേള പ്രദർശനം 'ശാസ്ത്രജ്വാല' സംഘടിപ്പിച്ചു. 2, 3 ക്ലാസുകളിൽ പലഹാരമേള നടത്തി. കൈകഴുകൽ ദിനാഘോഷം നടത്തി. 2024-25 ലെ 'ഹരിത മുകുളം' സീഡ് പുരസ്കാരം ലഭിച്ചു. പി. റ്റി. എ. എക്സിക്യൂട്ടീവിന്റെ നേതൃത്വത്തിൽ പച്ചക്കറി തോട്ടം തയ്യാറാക്കി. സ്കൂൾതല കായികമേള നടത്തി. സബ് ജില്ലാ കലാമേളയിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും മികച്ച ഗ്രേഡ് ലഭിച്ചു.

**III സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ ഏലപ്പീടിക**

ശിശുദിനം സമുചിതമായി ആഘോഷിച്ചു. കുട്ടികൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു.

**IV സെന്റ് മാർട്ടിൻസ് എൽ. പി. സ്കൂൾ ഒണ്ടയങ്ങാടി**

വിദ്യാർത്ഥികൾക്കായി ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. മലയാള ഭാഷാ ദിനം സമുചിതമായി ആചരിച്ചു. മുൻസിപ്പാലിറ്റി തലത്തിലും ഉപജില്ലാതലത്തിലും കലാമേളയിൽ മികച്ച നേട്ടങ്ങൾ കൈവരിച്ചു.

**V സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ പോരൂർ**

വിവിധ മത്സരങ്ങളിൽ വിജയിച്ച വിദ്യാർത്ഥികളെ ആദരിച്ചു. വ്യക്തി ശുചിത്വവും ആരോഗ്യ ശീലങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് നൽകി. ഗൃഹസന്ദർശനം നടത്തി.

**VI സെന്റ് ജോർജ് എൽ. പി. സ്കൂൾ അമ്പായത്തോട്**

ഇരിട്ടി ഉപജില്ല ശാസ്ത്ര ഗണിത ശാസ്ത്ര സാമൂഹ്യശാസ്ത്ര പ്രവൃത്തി പരിചയ മേളയിൽ മികച്ച വിജയം നേടി. ലോക കൈ കഴുകൽ ദിനം ആചരിച്ചു. കേരളപ്പിറവിദിനം മലയാള ഭാഷാദിനം എന്നിവ ആചരിച്ചു. ഇരിട്ടി ഉപജില്ല കലാമേളയിൽ  മികച്ച ഗ്രേഡുകൾ കരസ്ഥമാക്കി

**VII സെന്റ് ജോർജ് എൽ. പി. സ്കൂൾ കൊളവയൽ**

ശിശുദിനത്തോടനുബന്ധിച്ച് സ്കൂളിൽ നാടക കളരി സംഘടിപ്പിച്ചു.

**VIII സി. കെ. എൽ. പി. സ്കൂൾ മണിമൂളി**

ഉപജില്ലാ കലാമേളയിൽ വിവിധ ഇനങ്ങളിലായി കുട്ടികൾ പങ്കെടുക്കുകയും എല്ലാ കുട്ടികളും എ ഗ്രേഡ് കരസ്ഥമാക്കുകയും ചെയ്തു.

**IX സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ വാഴവറ്റ**

ആരോഗ്യം ഏറ്റവും വലിയ സമ്പത്ത് എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് സംഘടിപ്പിച്ചു. ശിശുദിനാഘോഷം നടത്തി.

**X എ. എൽ. പി. സ്കൂൾ കണിയാരം**

സ്കൂൾതല ഗോത്രഫെസ്റ്റ് നടത്തി. മുൻസിപ്പാലിറ്റിതല ഗോത്രഫെസ്റ്റിൽ വിദ്യാർത്ഥികൾ പങ്കെടുത്തു. മുനിസിപ്പാലിറ്റി തല, ഉപജില്ലാതല കലോത്സവത്തിൽ മികച്ച വിജയം കരസ്ഥമാക്കി. ഒക്ടോബർ മാസത്തിൽ പിറന്നാൾ ആഘോഷിച്ച മുഴുവൻ കുട്ടികളെയും ഒരുമിച്ച് ചേർത്ത് മധുരതരമീ ജന്മദിനം പിറന്നാൾ ആഘോഷം സംഘടിപ്പിച്ചു. ശിശുദിനാഘോഷ പരിപാടികൾ സമുചിതമായി നടത്തി.

**XI സെന്റ് പോൾസ് എൽ. പി. സ്കൂൾ പുതിയിടംകുന്ന്**

കൈകഴുകൽദിനം ആചരിച്ചു. എടവക പഞ്ചായത്ത് നൽകിയ വാട്ടർ പ്യൂരിഫയറിന്റെ ഉദ്ഘാടനം നിർവഹിച്ചു. ഉപജില്ലാതല മേളകളിൽ മികച്ച വിജയം കൈവരിച്ചു. ശിശുദിനം സമുചിതമായി ആഘോഷിച്ചു.

**XII സെന്റ് തോമസ് എൽ. പി.  സ്കൂൾ നടവയൽ**

ഉപജില്ലാതല സയൻസ് മേളയിൽ ഓവറോളും സോഷ്യൽ സയൻസ് മേളയിലും കായികമേളയിലും റണ്ണേഴ്സ് അപ്പും സ്വന്ത മാക്കി. പ്രീ പ്രൈമറി കലോത്സവം നടത്തി. എൽ. പി. കിഡ്സീസ് ഉപജില്ലാ കായികമേളയിൽ റണ്ണേഴ്സ് അപ്പ് സ്വന്തമാക്കി. ഗാന്ധി ജയന്തി സമുചിതമായി ആചരിച്ചു. നോട്ട്ബുക്ക് ചലഞ്ച് നടത്തി.

**XIII നിർമല എൽ. പി. സ്കൂൾ ആലാറ്റിൽ**

പ്രതിദിന വാർത്തവായന നടത്തിവരുന്നു. ശിശുദിനം സമു ചിതമായി ആഘോഷിച്ചു. സ്കൂളിലെ പൂർവവിദ്യാർത്ഥികൾ സംഭാവന നൽകിയ വസ്ത്രങ്ങൾ സാമ്പത്തികമായി പിന്നാക്കാവ സ്ഥയിലുള്ള കുട്ടികൾക്ക് വിതരണം ചെയ്തു. സ്കൂളിന് വേണ്ടി യുള്ള പുതിയ പാർക്കിന്റെ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചു. സ്കൂൾ പച്ചക്കറി തോട്ടം നവീകരിച്ചു.

**യു. പി. വിഭാഗം**

**I സെന്റ് തോമസ് എ. യു. പി. സ്കൂൾ ഇടിവണ്ണ**

ലോക കൈകഴുകൽ ദിനം ആചരിച്ചു. പുകയില വിരുദ്ധ ക്യാമ്പയിനിന്റെ ഭാഗമായി കവിതാരചന, പോസ്റ്റർ രചന തുടങ്ങിയ മത്സരങ്ങളും ലഹരിക്കെതിരെ റാലിയും തെരുവ് നാടകവും സംഘ ടിപ്പിച്ചു. ഉപജില്ലാതല ശാസ്ത്രമേളയിൽ നേട്ടങ്ങൾ കൈവരിച്ചു. കേരളപ്പിറവി ദിനത്തോട് അനുബന്ധിച്ച് വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ഉപജില്ല കലാമേളയിൽ ഓവറോൾ അഞ്ചാം സ്ഥാ നവും പഞ്ചായത്ത് തലത്തിൽ ഒന്നാം സ്ഥാനവും കരസ്ഥമാക്കി. വിദ്യാരംഗം സബ്ജില്ലാ ശിൽപ്പശാലയിൽ നേട്ടങ്ങൾ കൈവരിച്ചു. ശിശുദിനം സമുചിതമായി ആചരിച്ചു.

**II അസംപ്ഷൻ എ. യു. പി. സ്കൂൾ ബത്തേരി**

വിദ്യാലയത്തിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സ്വാഗതസംഘം രൂപീകരിച്ചു. വിദ്യാലയത്തിലെ നല്ല പാഠം ക്ലബ്ബ് അംഗങ്ങൾ എല്ലാ ക്ലാസുകളിലും ഡിക്ഷ്നറി നൽകി. ബത്തേരി ഉപജില്ല കലാമേളയിൽ യു. പി. വിഭാഗം ഓവറോൾ, സംസ്കൃതം ഓവറോൾ, എൽ. പി. അറബിക് ഓവറോൾ, എൽ. പി. ഫസ്റ്റ് റണ്ണറപ്പ് എന്നീ ചാമ്പ്യൻഷിപ്പുകൾ നേടി.

**III സെന്റ് തോമസ് എ. യു. പി. സ്കൂൾ മുള്ളൻകൊല്ലി**

സുൽത്താൻ ബത്തേരി ഉപജില്ലാ സംസ്കൃതോത്സവത്തിൽ അഞ്ചാം സ്ഥാനം കരസ്ഥമാക്കി. യൂണിറ്റ് ടെസ്റ്റ് നടത്തി കുട്ടികളുടെ അക്കാദമിക നിലവാരം പരിശോധിച്ചു. ശിശുദിനം വിപുലമായി ആഘോഷിച്ചു.

**IV അമ്പായത്തോട് യു. പി. സ്കൂൾ**

ഇരിട്ടി ഉപജില്ല കലോത്സവത്തിൽ യു. പി. ജനറൽ വിഭാഗത്തിൽ ഫസ്റ്റ് റണ്ണർ അപ്പ് ജനറൽ കലാമേളയിൽ രണ്ടാം സ്ഥാനം സംസ്കൃതം കലാമേളയിൽ നാലാം സ്ഥാനം എന്നിവ കരസ്ഥമാക്കി. ശിശുദിനാഘോഷവും വിവിധ മത്സരങ്ങളിലെ വിജയികളെ ആദരിക്കാൻ വിജയോത്സവവും നടത്തി.

**V സെന്റ് ആന്റണീസ് യു. പി. സ്കൂൾ പഴൂർ**

ലോക കൈകഴുകൽ ദിനവും ലോകഭക്ഷ്യദിനവും കേരളപ്പിറവി ദിനവും സമുചിതമായി ആചരിച്ചു. ഉപജില്ലാതല കലാമേളയിൽ അറബിക് കലോത്സവത്തിൽ രണ്ടാം സ്ഥാനവും എൽ.പി, യു.പി. ജനറൽ വിഭാഗത്തിൽ നാലാം സ്ഥാനവും കരസ്ഥമാക്കി.

**VI എ. യു. പി. സ്കൂൾ ദ്വാരക**

മാനന്തവാടി ഉപജില്ല കലോൽസവത്തിൽ എൽ. പി. ജനറൽ ഒന്നാം സ്ഥാനം, എൽ. പി. അറബിക് രണ്ടാംസ്ഥാനം, യു.പി ജനറൽ നാലാം സ്ഥാനം, സംസ്കൃതോൽസവം ഏഴാം സ്ഥാനം എന്നിവ കരസ്ഥമാക്കി. ശിശുദിനം വിപുലമായി ആചരിച്ചു. സംസ്ഥാന ഇൻക്ലൂസീവ് കായികോൽസവത്തിൽ പങ്കെടുത്ത വിദ്യാർത്ഥികളെ ആദരിച്ചു. ശിശുദിനത്തിൽ കിടപ്പു രോഗികളായ കുട്ടികളുടെ വീടുകളിൽ അധ്യാപകർ സന്ദർശനം നടത്തി.

**VII സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ കൊമ്മയാട്**

പഞ്ചായത്തുതല കലോത്സവത്തിൽ മികച്ച വിജയം നേടി. ഭക്ഷ്യസുരക്ഷാ ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. ഉപജില്ലാ കലോത്സവത്തിൽ മികച്ച ഗ്രേഡുകൾ കരസ്ഥമാക്കി. ഗാന്ധി ജയന്തിയോടനുബന്ധിച്ച് ഗാന്ധി ക്വിസ് മത്സരം നടത്തി.

**VIII സെന്റ് മേരീസ് യു. പി. സ്കൂൾ കബനിഗിരി**

സുവർണജൂബിലി വാർഷികാഘോഷങ്ങളുടെ ഭാഗമായി സ്വാഗതസംഘം രൂപീകരിച്ചു. കേരളപ്പിറവിദിനം ആചരിച്ചു. പഠന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി യൂണിറ്റ് ടെസ്റ്റുകൾ

നടത്തി. പ്ലാസ്റ്റിക് നിർമാർജനത്തിന്റെ ബോധവൽക്കരണവുമായി ഹരിത സഭ സംഘടിപ്പിച്ചു. ശിശുദിനം സമുചിതമായി ആഘോഷിച്ചു.

**IX സെന്റ് തോമസ് യു. പി. സ്കൂൾ തവിഞ്ഞാൽ**

പഞ്ചായത്ത് തലത്തിലും ഉപജില്ലാതലത്തിലും കലോത്സവത്തിൽ വിജയം കരസ്ഥമാക്കി. ഉപജില്ലാതല ശാസ്ത്രോത്സവത്തിൽ സയൻസ് ഫെയറിൽ എൽ. പി. വിഭാഗം റണ്ണേഴ്സ് അപ്പ് ആയി. പി. ടി. എ. യുടെ നേതൃത്വത്തിൽ സ്കൂൾ പരിസരത്ത് ജൈവവൈവിധ്യ പച്ചക്കറി തോട്ടം ഒരുക്കി.

**X സെന്റ് ആന്റണീസ് യു. പി. സ്കൂൾ കോട്ടത്തറ**

ഗാന്ധിജയന്തി സമുചിതമായി ആഘോഷിച്ചു. വൈത്തിരി ഉപജില്ല ശാസ്ത്രോത്സവം, കായികമേള എന്നിവയിൽ മികച്ച സ്ഥാനങ്ങൾ നേടി. വിദ്യാർത്ഥികൾക്കായി പഠനയാത്ര നടത്തി.

**XI സെന്റ് ജോസഫ്സ് ടി. ടി. ഐ. മാനന്തവാടി**

ഉപജില്ലാതല കലോത്സവത്തിൽ യു. പി. വിഭാഗത്തിൽ ഓവറോൾ കിരീടവും എൽ. പി. വിഭാഗത്തിലും സംസ്കൃതോത്സവത്തിലും സെക്കൻഡ് റണ്ണറപ്പും അറബി കലോത്സവത്തിൽ മികവാർന്ന വിജയവും കൈവരിച്ചു. മുൻസിപ്പൽതല ഗോത്ര ഫെസ്റ്റിൽ ഗോത്രവർഗ്ഗ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു. ശിശുദിനം സമുചിതമായി ആഘോഷിച്ചു. ഉപജില്ല കലോത്സവ വിജയികളെ ആദരിച്ചു.

**XII സെന്റ് ജോസഫ്സ് യു. പി. സ്കൂൾ കല്ലോടി**

വിവിധതലത്തിൽ നടന്ന ക്വിസ് മത്സരങ്ങളിലും പ്രസംഗ മത്സരങ്ങളിലും വിദ്യാർത്ഥികൾ വിജയം നേടി. സ്കൂളിൽ പുതുതായി നിർമ്മിച്ച പാചകപ്പുരയുടെ ഉദ്ഘാടനം നിർവഹിച്ചു. ഉപജില്ലാതല ശാസ്ത്രോത്സവത്തിൽ സാമൂഹ്യശാസ്ത്ര മേളയിൽ മൂന്നാം സ്ഥാനം ലഭിച്ചു. പഞ്ചായത്ത്തല കലോത്സവത്തിൽ ഉജ്ജ്വല വിജയം കൈവരിച്ചു.

**XIII സെന്റ് മേരീസ് യു. പി. സ്കൂൾ തരിയോട്**

വിദ്യാഥികൾക്കുള്ള തനത് പരിശീലന പരിപാടിക്ക് തുടക്കമായി. സ്കൂൾതല കലാമേള നടത്തി. വൈത്തിരി ഉപജില്ലാതല കലാമേള വിദ്യാലയത്തിൽവെച്ച് നടത്തപ്പെട്ടു.

**XIV സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ പാടിച്ചിറ**

ബത്തേരി ഉപജില്ലാ സംസ്കൃതോത്സവത്തിൽ റണ്ണേഴ്സ് അപ്പ് കരസ്ഥമാക്കിയ കുട്ടികളേയും അധ്യാപകരേയും പി. ടി. എ. യുടെ നേതൃത്വത്തിൽ അഭിനന്ദിച്ചു.

**ഹൈസ്കൂൾ വിഭാഗം**

**I സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

അമീബിക് മസ്തിഷ്ക ജ്വരത്തിനെതിരെ ബോധവൽക്കരണ ക്ലാസ് നടത്തി. NCC യൂണിറ്റിന്റെ നേതൃത്വത്തിൽ ഫുട്ബോൾ ടൂർണ്ണമെന്റ് സംഘടിപ്പിച്ചു. സംസ്ഥാന കായികമേളയിലും ശാസ്ത്രമേളയിലും മികച്ച വിജയങ്ങൾ കരസ്ഥമാക്കി.

**II സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി**

തുടിതാളം എന്ന പേരിൽ ഗോത്രഫെസ്റ്റ് നടത്തപ്പെട്ടു. മാനന്തവാടി മുനിസിപ്പാലിറ്റി ഗോത്ര ഫുട്ബോൾ ഫെസ്റ്റ് പെൺകുട്ടികളുടെ വിഭാഗം ചാമ്പ്യന്മാരും ആൺകുട്ടികളുടെ വിഭാഗം റണ്ണറപ്പും ആയി. മാനന്തവാടി ഉപജില്ലാ സംസ്കൃതം കലോത്സവത്തിൽ ഹൈസ്കൂൾ വിഭാഗം റണ്ണറപ്പ് നേടി, വയനാട് റവന്യൂ ജില്ലാ അധ്യാപക കായിക മത്സരം 100 മീറ്റൽ ഓട്ട മത്സരത്തിൽ അദ്ധ്യാപകൻ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**III സെന്റ് ജോസഫ്സ് ഹൈസ്കൂൾ അടയ്ക്കാത്തോട്**

ഉപജില്ല, ജില്ല ശാസ്ത്ര മേളകളിലും കലാമേളയിലും പങ്കെടുത്ത് വിവിധ ഇനങ്ങളിൽ വിജയികളായി. പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്കായി പഠനപിന്തുണ ക്ലാസുകൾ ആരംഭിച്ചു. ടീൻസ് ക്ലബ്ബ് ഉദ്ഘാടനം നടത്തി. കൗമാര വിദ്യാഭ്യാസ സെമിനാർ നടത്തി. സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിൽ അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ചു. സ്കൂൾ ഹരിതസഭ സംഘടിപ്പിച്ചു.

**IV അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി**

ലിറ്റിൽ കൈറ്റ്സ് സ്കൂൾ ക്യാമ്പ് സംഘടിപ്പിച്ചു. ഉപജില്ലാതല കലാമേളയിൽ ജനറൽ വിഭാഗത്തിലും സംസ്കൃതോത്സവത്തിലും ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിൽ മികച്ച നേട്ടങ്ങൾ കൈവരിച്ചു.

**V നിർമല ഹൈസ്കൂൾ കബനിഗിരി**

സംസ്ഥാന ശാസ്ത്രമേളയിൽ പങ്കെടുത്ത വിദ്യാർത്ഥികൾ എ ഗ്രേഡ് കരസ്ഥമാക്കി. ഉപജില്ലാ കലോത്സവത്തിൽ മികച്ച വിജയങ്ങൾ നേടി. വിദ്യാർത്ഥികൾക്കായി പഠനയാത്ര നടത്തി.

**VI സി. കെ. എച്ച്. എസ്. മണിമൂളി**

ഗാന്ധിജയന്തിദിനത്തിൽ സ്കൗട്ട് ആൻഡ് ഗൈഡിന്റെ നേതൃത്വത്തിൽ സർവ്വമത പ്രാർത്ഥന നടത്തി. ഉപജില്ലാ ശാസ്ത്ര

മേളയിൽ ഗണിതശാസ്ത്ര മേളയിൽ രണ്ടാം സ്ഥാനവും സാമൂഹ്യ ശാസ്ത്ര മേളയിൽ മൂന്നാം സ്ഥാനവും ലഭിച്ചു. പത്താം ക്ലാസിലെ വിദ്യാർത്ഥികൾക്കായി രണ്ട് ദിവസത്തെ പഠനയാത്ര സംഘടിപ്പിച്ചു.

**VII ഐ. ജെ. എം. എച്ച്. എസ്. കൊട്ടിയൂർ**

സംസ്ഥാനതല ശാസ്ത്രമേളയിൽ മികച്ച വിജയം കരസ്ഥമാക്കി. സ്കൗട്ട് ആന്റ് ഗൈഡ്സ് സ്ഥാപക ദിനം ആചരിച്ചു.

**VIII ഫാ. ജി. കെ. എം. ഹൈസ്കൂൾ കണിയാരം**

വിദ്യാർത്ഥികൾക്കായി വിനോദയാത്ര സംഘടിപ്പിച്ചു. കരിയർ കോമ്പസ് പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നടത്തി. ഗണിതശാസ്ത്രമേളയിൽ സബ്ജില്ലാ തലത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ്, പ്രവർത്തി പരിചയത്തിൽ ഓവറോൾ, സാമൂഹ്യശാസ്ത്രമേളയിലും ഐ ടി മേളയിലും മികവാർന്ന വിജയം എന്നിവ കരസ്ഥമാക്കി. ജില്ലാ റോൾപ്ലേ മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. സ്റ്റേറ്റ് സ്കൂൾ റെസ്‌ലിങ്ങ് ചാമ്പ്യൻഷിപ്പിൽ ഗോൾഡ് മെഡൽ നേടി. Little Kites സ്കൂൾതല ക്യാമ്പ് നടത്തി.

**ഹയർസെക്കണ്ടറി വിഭാഗം**

**I സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂൾ കല്ലോടി**

ജില്ല, സംസ്ഥാന ശാസ്ത്രോത്സവത്തിൽ വിദ്യാർഥികൾ മികച്ച വിജയം കരസ്ഥമാക്കി. ഉപജില്ല കലോത്സവത്തിൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ ഓവറോൾ ചാമ്പ്യൻഷിപ് നേടി. NSS ന്റെ നേതൃത്വത്തിൽ രക്തദാന ക്യാമ്പ് നടത്തി. വിദ്യാർഥികൾക്കായി പഠനയാത്ര നടത്തി.

**II ഐ. ജെ. എം. ഹയർസെക്കണ്ടറി സ്കൂൾ കൊട്ടിയൂർ**

സംസ്ഥാനതല കായികമേളയിലും ശാസ്ത്രമേളയിലും ഇരിട്ടി സബ്ജില്ലാതല കലോത്സവത്തിലും വിദ്യാർത്ഥികൾ പങ്കെടുക്കുകയും തിളക്കമാർന്ന വിജയം കരസ്ഥമാക്കുകയും ചെയ്തു. വിദ്യാർത്ഥികൾക്കായി പഠനയാത്ര സംഘടിപ്പിച്ചു.

**III സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂൾ നടവയൽ**

സംസ്ഥാന സ്കൂൾ കായിക മേളയിലും ശാസ്ത്രമേളയിലും അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ചു. വൈത്തിരി ഉപജില്ല കലോൽസവത്തിൽ മികച്ച വിജയംനേടി.

സ്കൗട്ട് & ഗൈഡ്സ് ക്യാമ്പ് നടത്തി. വിദ്യാർത്ഥികൾക്കായി പഠനയാത്ര നടത്തി. NSS ന്റെ ആഭിമുഖ്യത്തിൽ രക്തദാന ക്യാമ്പ്, മാധ്യമ അവബോധ ക്ലാസ്, സൈബർ സുരക്ഷ ക്ലാസ് എന്നിവ സംഘടിപ്പിച്ചു.

**IV ഫാ. ജി. കെ. എം ഹയർസെക്കണ്ടറി സ്കൂൾ കണിയാരം**

ഉപജില്ലാ ജില്ലാ ശാസ്ത്രോൽസവങ്ങളിൽ അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ചു.

NSS, GUIDES യൂണിറ്റുകളുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ പോസ്റ്റർ പ്രദർശനവും ലഹരി വിരുദ്ധ റാലിയും സംഘടിപ്പിച്ചു. സംസ്ഥാനതല ജൂഡോ ചാമ്പ്യൻഷിപ്പിൽ വെങ്കല മെഡൽ നേടി. രണ്ടാം വർഷ വിദ്യാർത്ഥികൾക്കായി പഠനയാത്ര സംഘടിപ്പിച്ചു.

**V സി. കെ. എച്ച്. എസ്. എസ്. മണിമൂളി**

NSS ന്റെ നേതൃത്വത്തിൽ ഫുഡ് ഫെസ്റ്റ് സംഘടിപ്പിച്ചു. കരിയർ ഗൈഡൻസ് സെല്ലിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് ക്ലാസ് നൽകി. സ്കൗട്ട് ആൻഡ് ഗൈഡ്സ് കുട്ടികൾക്കായി 3 ദിവസത്തെ ക്യാമ്പ് സംഘടിപ്പിച്ചു.

വാശിയേറിയ മത്സരപോരാട്ടങ്ങൾക്ക് അവസാനമാവുകയായി. പഠനത്തിൽ തീവ്രമായി ശ്രദ്ധ കേന്ദ്രീകരിക്കാനും പരീക്ഷയ്ക്കായി ഒരുങ്ങാനും ഇനിയുള്ള നാളുകൾ മാറ്റിവെക്കുക. ഏവർക്കും സമാഗതമാകുന്ന ക്രിസ്തുമസ് ദിനത്തിന്റെ ആശംസകൾ.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ

# Bishop's Programme




**December 2025**

| | |
|---|---|
| *01 Monday: .....................* | *Blessing of the renovated training centre at Boys Town (ZION Retreat Centre)* |
| *04 Thursday: ....................* | *Dwaraka: Deepika Agents' Meet* |
| *06 Saturday: .....................* | *Dwaraka: Diocesan level conclusion of Jubilee Year and Family Renewal Year* |
| *07 Sunday: .......................* | *Ottaplavu: Holy Mass & Blessing of Altar* |
| *11 Thursday: ......................* | *LSG voting* |
| *12 Fri: ..............................* | *POC: KCBC* |
| *12 Friday: ........................* | *POC: All Kerala Celebration of the Jubilee of Hope by KCBC* |
| *18 Thursday: .....................* | *Mary Matha College: Excellence Day* |
| *19 Friday: ..........................* | *Kalpetta: De Paul School Anniversary* |
| *20 Saturday: ......................* | *Dwaraka: Mathruvedi Bible Day Conclusion* |
| *22 Mon- 24 Wed: .............* | *Visitors' Day* |
| *25 Thursday:.......................* | *Cathedral: Christmas* |
| *26 Friday:...........................* | *Engaged* |
| *27 Saturday: Mundery: .....* | *Ordination of Dn. Bipin Mundackal CST* |
| *28 Sunday: .........................* | *Marutha: First Communion* |
| *29 Monday: Morning: .......* | *Palankara: Ordination of Dn. Jithin Cheradiyil & Dn. Jobin Chirayilparambil* |
| *: Afternoon: ....* | *Ruby Nagar: Ordination of Dn. Jefin Kottakupurath* |

**January 2026**

| | |
|---|---|
| *01 Thursday: .....................* | *Mullenkolly: Ordination of Dn. Christo John Niravathanal MI* |
| *03 Saturday: ....................* | *Nadavayal: Sacerdotal Golden Jubilee of Fr. Sebastian Kandeth* |
| *04 Sunday: .......................* | *Bekky: Jubilee Conclusion* |
| *05 Monday: ......................* | *Engaged* |
| *06 Tue-10 Sat: ..................* | *Kakkanad: Synod* |
| *11 Sunday: ........................* | *Out of station* |
| *15 Thursday: .....................* | *Deepthigiri: Church Blessing* |
| *17 Saturday: .....................* | *Kalpra: Vestition & First Profession of Punitha Nirmal Palavayal SD* |
| *20 Tuesday: .......................* | *Cherukattoor: Platinum Jubilee Conclusion* |
| *26 Monday: .......................* | *Manimooly: Platinum Jubilee Conclusion* |
| *29 Thursday: .....................* | *Nilambur: LF School Anniversary* |

# *Auxiliary Bishop's Programme*



***December 2025***

| | |
|---|---|
| *01 Monday: Morning: .......* | *Blessing of the renovated training centre at Boys Town (ZION Retreat Centre)* |
| *Evening: ............* | *Thalanji: Festal Mass* |
| *06 Saturday: .....................* | *Dwaraka: Diocesan Level Conclusion of Jubilee Year and Family Renewal Year* |
| *07 Sunday: .......................* | *Pastoral Visit: Chennalode* |
| *11 Wed- 12 Fri: .................* | *POC: KCBC* |
| *12 Friday: ..........................* | *POC: All Kerala Celebration of the Jubilee of Hope by KCBC* |
| *14 Sunday: .........................* | *Pastoral Visit: Payyampally* |
| *16 Tuesday: .......................* | *Dwaraka: Meeting of Marian Singles* |
| *20 Saturday: ......................* | *Pulpally: Christmas Celebration* |
| *21 Sunday: .........................* | *Pastoral Visit: Kurumani* |
| *22 Mon- 24 Wed: ..............* | *Visitors' Day* |
| *25 Thursday: ....................* | *Moolankavu: Christmas* |
| *27 Saturday: ......................* | *Chemperi: Ordination of Dn. Sino Karikattukanniyel CMI* |
| *28 Sunday: ........................* | *Nadavayal: Conclusion of Family Renewal Year* |
| *29 Monday: ......................* | *Chennalode: Ordination of Dn. Nikhil Thuruvelikunnel CST* |
| *30 Tuesday: .......................* | *Thalanji:Ordination of Dn. Shinto Kulangara* |
| *31 Wednesday:...................* | *Sisumala: Feast: Holy Mass* |

***January 2026***

| | |
|---|---|
| *03 Saturday:.......................* | *Bhoodanam: Ordination of Dn. Justin Kalarpara MI* |
| *04 Sunday: .........................* | *Chullioyode: Festal Mass* |
| *06 Tue-10 Sat:....................* | *Kakkanad: Synod* |
| *11 Sunday: .........................* | *Alakode: Festal Mass* |
| *16 Friday:...........................* | *Deepthigiri: Holy Mass* |
| *17 Saturday: Morning: .......* | *Kallody: School Anniversary* |
| *Evening: ........* | *Karthikapuram: Holy Mass* |
| *18 Sunday: ........................* | *Kunnamkai:Golden Jubilee of Parish* |
| *19 Monday: Morning: ........* | *Payyampally: Higher Secondary School Anniversary* |
| *Evening: .........* | *Nadavayal: High School Anniversary* |
| *20 Tuesday: Morning: ........* | *Vazhavatta: Festal Mass* |
| *Evening: ..........* | *Kaniyaram: ALPS Anniversary* |
| *21 Wednesday: .................* | *Pazhoor: School Anniversary* |
| *22 Thursday: .....................* | *Kottiyoor: High School Anniversary* |
| *23 Friday: .........................* | *Kurumbalakotta: Holy Mass* |
| *24 Saturday: ......................* | *Sulthan Bathery: Holy Mass* |
| *25 Sunday: ........................* | *Valavayal: Holy Mass* |
| *26 Monday:........................* | *Engaged* |
| *27 Tuesday: .......................* | *Moolithode: School Anniversary* |
| *28 Wednesday: ..................* | *Bathery: U P School Platinum Jubilee* |
| *29 Thursday: ......................* | *Kaniyaram: TTI Anniversary* |
| *31 Saturday: .....................* | *Peravoor: Festal Mass* |